ചെറിയനാട് ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്

# ജനകീയാസൂത്രണം
# വികസനരേഖ

1997-2002



" ഗ്രാമസ്വരാജ് എന്റെ സ്വപ്നം"

ഗാന്ധിജി.

# ഒൻപതാം പദ്ധതി ജനകീയ പദ്ധതി

## ചെറിയനാട് ഗ്രാമപഞ്ചായത്ത്

## സമഗ്ര വികസന രേഖ

# ചെറിയനാട് ഗ്രാമപഞ്ചായത്ത് പൊതുസ്ഥാപനങ്ങൾ



1. ജെ. ബി. എസ്. ചെറുവല്ലൂർ
2. ഗവ: ആയുർവ്വേദ ആശുപത്രി
3. ടെലിഫോൺ എക്സേഞ്ച്
4. ഗവ: മുഹമ്മദൻ യൂ. പി. എസ്.
5. ഗവ: മൃഗാശുപത്രി
6. മാമ്പ്ര പോസ്റ്റാഫീസ്
7. ബാലവാടി
8. വില്ലേജ് ആഫീസ്
9. കൊല്ലകടവ് പോസ്റ്റാഫീസ്
10. സബ് റജിസ്റ്റർ ആഫീസ്
11. സെൻട്രൽ ബാങ്ക് ആഫ് ഇൻഡ്യ
12. എൽ. ബി. എസ്. സെൻറർ
13. കൈരളി ഗ്രന്ഥശാല
14. സി. എം. എസ് എൽ. പി. സ്കൂൾ
15. ശിശുവിഹാർ
16. റയൽവേ സ്റ്റേഷൻ
17. കാത്തലിക് സിറിയൻ ബാങ്ക്
18. ഗ്രാമപഞ്ചായത്ത് ആഫീസ്
19. കൃഷിഭവൻ
20. പ്രാഥമിക ആരോഗ്യകേന്ദ്രം
21. ജെ. ബി.ജി. എസ്.
22. ജെ. ബി. എസ്.
23. എസ്. വി. ജി. എച്ച്. എസ്.
24. സർക്കാർ ഹോമിയോ ആശുപത്രി
25. ഡി. ബി. എച്ച്. എസ്.
26. ചെറിയനാട് പോസ്റ്റാഫീസ്
27. ഐ. ജെ. ഇംഗ്ലീഷ് എൽ. പി. എസ്.
28. സർവ്വീസ് സഹ. ബാങ്ക്. നമ്പർ: 99
29. സാംസ്ക്കാരിക നിലയം
30. എസ്. എൻ. കോളജ്
31. എസ്. എൻ. വി. യു. പി. എസ്.
32. പി. എച്ച്. സബ് സെൻറർ
33. നീലകണ്ഠ വിദ്യാപീഠം

# എഡിറ്റോറിയൽ ബോർഡ്

കെ. ജി. ബാലകൃഷ്ണ പിള്ള

എം. എ. ശശികുമാർ

എ. ഒ. ഇടിക്കുള

എച്ച്. മുഹമ്മദ് കുഞ്ഞ്

കെ. വി. മഹാദേവൻ നായർ

കെ. കെ. രാധമ്മ

പി. എം. ജോർജ്ജ്

# ഉള്ളടക്കം

## ഭാഗം - i


1. ആമുഖം
2. പൊതു വിവരങ്ങൾ
3. സാമൂഹ്യ-സാംസ്കാരിക ചരിത്രം


## ഭാഗം -ii

വികസന മേഖലകൾ


2.1. കൃഷിയും ജലസേചനവും

2.2 മൃഗപരിപാലനവും മത്സ്യബന്ധനവും

2.3 വിദ്യാഭ്യാസം

2.4 ആരോഗ്യം, കുടിവെള്ളം, പരിസര ശുചിത്വം

2.5 വ്യവസായം

2.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്, പൊതുവിതരണം.

2.7 ഭവന നിർമ്മാണം, ക്ഷേമപ്രവർത്തനങ്ങൾ

2.8. സംസ്ക്കാരം

2.9 വനിത

2.10 സഹകരണ മേഖല

2.11 പട്ടികജാതി-പട്ടിക വർഗ്ഗ ക്ഷേമം

1.12 വിഭവസമാഹരണം.

ഉപസംഹാരം

# ചെറിയനാട് ഗ്രാമപഞ്ചായത്ത്
# ഭരണസമിതി



**കെ. സതീഗോപി**
(പ്രസിഡൻറ്)



**സിദ്ദിക്ക് റാവുത്തർ**
(വൈസ്. പ്രസിഡൻറ്)



**എം.എ. ശശികുമാർ**
(ചെയർമാൻ, സ്റ്റൻഡിംഗ് കമ്മറ്റി)

| | |
|---|---|
| *പ്രൊഫ. ജോൺ എം. ഇട്ടി* | *(മെമ്പർ)* |
| *സ്ക്കറിയാ ഏബ്രഹാം* | ,, |
| *എം. കെ. കേശവൻ* | ,, |
| *ഒ.റ്റി. ജയമോഹനൻ* | ,, |
| *രാജാ ജോൺ* | ,, |
| *എം. ആർ. സൗദാമിനിയമ്മ* | ,, |
| *ബി. അംബികാമ്മ* | ,, |

# ആമുഖം

ഇൻഡ്യ സ്വതന്ത്രയായിട്ട് അഞ്ച് പതിറ്റാണ്ടു പൂർത്തിയാകുന്നു. എന്നിട്ടും മഹാത്മാവിൻെറ സ്വപ്നമായിരുന്ന ഗ്രാമസ്വരാജ് ഇന്നും സഫലമായിട്ടില്ല. എട്ടു പഞ്ചവത്സരപദ്ധതികൾ പൂർത്തീകരിക്കപ്പെട്ടു എങ്കിലും സമതുലിതമായ സമഗ്രവികസനം എന്ന ലക്ഷ്യം നേടാൻ കഴിഞ്ഞിട്ടില്ല. കേന്ദ്രീകൃതാസൂത്രണത്തിലെ ജനപങ്കാളിത്തത്തിൻെറ അഭാവമാണ് ഇതിന് പ്രധാനകാരണം. ദാരിദ്ര്യരേഖക്ക് താഴെയുള്ള കോടിക്കണക്കിന് ഭാരതീയരുടെ പ്രാഥമികാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം തുടങ്ങിയ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾപോലും ഇന്നും മരീചികയായി അവശേഷിക്കുന്നു. പ്രാദേശിക തലത്തിൽ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ജനങ്ങളുടെ നിർദ്ദേശങ്ങളും ഉപദേശങ്ങളും പരിഗണിക്കുന്നതിന് സന്ദർഭം ഉണ്ടാകാതിരുന്നതും ജനപങ്കാളിത്തം ഇല്ലാതിരുന്നതും ഉദ്യോഗസ്ഥവൃന്ദത്തിൽ നിക്ഷിപ്തമായിരുന്ന അധികാരം ജനങ്ങളിലേക്ക് പങ്കു വയ്ക്കാൻ തയ്യാറാകാതിരുന്നതും പദ്ധതികൾ ലക്ഷ്യ പ്രാപ്തിയിൽ എത്താതിരിക്കുന്നതിന് കാരണമായിട്ടുണ്ട്. ഈ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് ആസൂത്രണത്തിലും നടത്തിപ്പിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള സമീപനമാണ് ഒൻപതാം പഞ്ചാവത്സര പദ്ധതി ജനകീയ ആസൂത്രണത്തിൻേറയും അധികാര വികേന്ദ്രീകരണത്തിൻേറയും ഉദ്യോഗസ്ഥ സഹകരണത്തിൻേറയും പദ്ധതിയായി രൂപപ്പെടുത്തിയിട്ടുള്ളത്.

73, 74 ഭരണഘടനാ ഭേദഗതികളിലൂടെ അധികാരം ജനങ്ങളിലേക്ക് എത്തിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് പഞ്ചായത്തീ രാജ്-നഗരപാലികാ സംവിധാനം ഇൻഡ്യയിൽ നിലവിൽ വന്നിട്ടുള്ളത്. ജനകീയാസൂത്രണത്തിൽ ജാതിമത വർഗ്ഗവർണ്ണ രാഷ്ട്രീയ ഭിന്നതകൾക്ക് അതീതമായി ആസൂത്രണത്തിലും വികസന പ്രവർത്തനത്തിലും ജനപങ്കാളിത്തം ഉറപ്പുവരുത്താൻ കഴിയുന്ന വിധത്തിൽ ഒൻപതാം പഞ്ചാവത്സര പദ്ധതി ജനകീയ പദ്ധതിയായി കേരള സർക്കാർ, രാജ്യത്തിനു മാതൃകയാകാൻ കഴിയും വിധത്തിൽ അംഗീകരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണല്ലോ. വികസന ചരിത്രത്തിൽ ഇതൊരു നാഴികക്കല്ലുതന്നെയെന്നു നിസ്സംശയം പറയാം. കേരളത്തിൻെറ വികസന രംഗത്തും ഉല്പാദന മേഖലയിലും ഇന്നുഭവപ്പെട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധിക്കും മുരടിപ്പിനും പൂർണ്ണമായിട്ടല്ലെങ്കിലും തൃപ്തികരമായ പരിഹാരം കാണാൻ ഈ ജനകീയ ആസൂത്രണ പ്രക്രിയ്ക്കു കഴിയും എന്ന് ഉറച്ചു വിശ്വസിക്കാം.

ജനകീയ തലത്തിൽ പദ്ധതി ആവിഷ്ക്കരിക്കുമ്പോൾ മുൻ അനുഭവങ്ങളുടെ അഭാവം, വേണ്ടത്ര അധികാരങ്ങളോ, അവ വിനിയോഗിക്കുന്നതിന് ഉചിതമായ ചട്ടങ്ങളോ ഇല്ലാത്ത അവസ്ഥ, വിദഗ്ധരുടേയും ഉദ്യോഗസ്ഥരുടേയും ദൗർലഭ്യം, വികസനത്തെക്കുറിച്ചുള്ള വികലമായ ധാരണകൾ ഇവയെല്ലാം അഭിമുഖീകരിക്കേണ്ടതുണ്ട്. അതോടൊപ്പം സമൂഹത്തെ അർബുദംപോലെ ബാധി

ച്ചിരിക്കുന്ന അഴിമതിക്ക് പരിഹാരം കണ്ടെത്തിയേ മതിയാകൂ. ഈ പ്രതിബന്ധങ്ങളെയെല്ലാം മറികടന്ന് സമയബന്ധിതമായി ആസൂത്രണ പ്രക്രിയ വിജയകരമായി നടപ്പാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുക എന്ന ലക്ഷ്യമാണ് ജനകീയ ആസൂത്രണ പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത്.

ഈ പഞ്ചായത്തിലെ പത്തു വാർഡുകളിലും 1996 ഒക്ടോബർ രണ്ടിനു മുമ്പു തന്നെ ഗ്രാമസഭകൾ ചേരുകയുണ്ടായി. പരിശീലനം കിട്ടിയ ജില്ലാ-ലോക്കൽ- റിസോഴ്സ് പേർസൺസിന്റെ നേതൃത്വത്തിലും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് മെമ്പറൻമാരുടെയും ജില്ലാ-ബ്ലോക്കു മെമ്പറൻമാരുടേയും പങ്കാളിത്തത്തിലുമാണ് നിശ്ചിത പരിപാടി അനുസരിച്ച് എല്ലാ ഗ്രാമസഭകളും നടന്നത്. സഭകളിലെ പങ്കാളിത്തം ശരാശരി 150 വോട്ടറൻമാർ ആയിരുന്നു. 40% സ്ത്രീകളും 25% പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും സന്നിഹിതരായിരുന്നു. ഗ്രാമസഭകളുടെ റിപ്പോർട്ടുകൾ നവംബർ പകുതിയോടെ ക്രോഡീകരിക്കുകയുണ്ടായി. വിവിധ വിഭാഗത്തിൽപ്പെട്ട പത്തോളം പേർ ചേർന്ന് പഞ്ചായത്തിൽ നെടുകയും കുറുകെയും പഠന പര്യടനം നടത്തി വിഭവഭൂപടംതയ്യാറാക്കി. രണ്ടാംഘട്ട പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺസിന്റെ നേതൃത്വത്തിൽ ദ്വിതീയ സ്ഥിതിവിവരങ്ങൾ ശേഖരിച്ച് ആവശ്യമായ സ്ഥിതിവിവര രേഖകൾ തയ്യാറാക്കിയിട്ടുണ്ട്. പിന്നീട് പഞ്ചായത്തു തല ഏകദിനശിൽപശാലയിൽ കോർ ഗ്രൂപ്പിനെ തിരഞ്ഞെടുത്ത് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വിവിധ സംഘങ്ങളെ ചുമതലപ്പെടുത്തുകയും പ്രസ്തുത സംഘം തയ്യാറാക്കിയ റിപ്പോർട്ടു ഗ്രാമപഞ്ചായത്തു സമിതി അംഗീകരിച്ച് വികസന സെമിനാറിൽ അവതരിപ്പിച്ച് ചർച്ച ചെയ്തു അംഗീകാരം നേടിയിട്ടുള്ളതുമാകുന്നു.

ഗ്രാമസഭ സംഘടിപ്പിക്കുന്നതിലും വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിലും കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാ വിഭാഗത്തിൽ പെട്ടവരുടെയും കൂട്ടായ്മ ഉണ്ടായി എന്നത്, പുതിയതായി രൂപപ്പെട്ടവരുന്ന വികസന സംസ്കാരത്തിന്റെ വ്യക്തമായ ചിത്രമാണ് കാണിക്കുന്നത്. ജനകീയാസൂത്രണത്തിന്റെ വെല്ലുവിളി ഏറ്റെടുക്കുവാനുള്ള അവസരം കൈവന്ന സന്തോഷത്തോടെ നാളെയുടെ ചരിത്രം രചിക്കുവാനുള്ള ഈ മഹായജ്ഞത്തിൽ പങ്കുചേരാനുള്ള പ്രതിജ്ഞ ദൃഢനിശ്ചയത്തോടെ നമുക്ക് സ്വീകരിക്കാം.

# ചെറിയനാട് ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ

| | | | | |
|---|---|---|---|---|
| പഞ്ചായത്തിൻെറ പേര് | : | ചെറിയനാട് ഗ്രാമപഞ്ചായത്ത് | | |
| ഉൾപ്പെടുന്ന വില്ലേജ് | : | ചെറിയനാട് | | |
| ബ്ലോക്ക് പഞ്ചായത്ത് | : | ചെങ്ങന്നൂർ | | |
| ഡിവിഷൻ | : | ചെറിയനാട് | - | കെ. കെ. രാധമ്മ(മെമ്പർ) |
| | : | പുലിയൂർ | - | കെ. റ്റി. കൊച്ചു ചെറുക്കൻ (മെമ്പർ) |
| താലൂക്ക് | : | ചെങ്ങന്നൂർ | | |
| ജില്ലാ പഞ്ചായത്ത് | : | ആലപ്പുഴ | | |
| ജില്ലാ ഡിവിഷൻ | : | മുളക്കുഴ | - | സജി ചെറിയാൻ (മെമ്പർ) |
| | : | പാണ്ടനാട് | - | സരസ്വതിയമ്മ വാസുദേവൻ നായർ (മെമ്പർ) |
| അസംബ്ലി മണ്ഡലം | : | ചെങ്ങന്നൂർ | - | ശോഭനാജോർജ്ജ് ( എം. എൽ. എ.) |
| വിസ്തീർണ്ണം | : | 14 ച. കി. മീ. | | |
| അതിരുകൾ | : | തെക്ക് | - | അച്ചൻ കോവിലാറ് |
| | : | പടിഞ്ഞാറ് | - | അച്ചൻ കോവിലാറ്, പുലിയൂർ പഞ്ചായത്ത് |
| | : | വടക്ക് | - | പുലിയൂർ, ആലാപഞ്ചായത്തുകൾ |
| | : | കിഴക്ക് | - | ആലാ, വെൺമണി പഞ്ചായത്തുകൾ |
| ജനസംഖ്യ | : | 20,867 | | |
| പുരുഷൻമാർ | : | 9946 | | |
| സ്ത്രീകൾ | : | 10921 (91 കാനേഷുമാരി) | | |
| ജനസാന്ദ്രത | : | 1491 | | |
| വാർഡുകൾ | : | 10 | | |

# സാമൂഹീക-സാംസ്ക്കാരിക ചരിത്രം

അച്ചൻ കോവിലാറ് തെക്കുപടിഞ്ഞാറായി അതിരുവേർതിരിക്കുന്ന, ഒരു കാലത്ത് തോനക്കാട് ഞാഞ്ഞൂക്കാട്, കടയിക്കാട്ട്, ചെറുമിക്കാട്, നെടുവും കാട്, ഇടവങ്കാട് എന്നീ കാടുകളാൽ ചുറ്റപ്പെട്ട ഒരു നാട് - ചെറിയനാടു ഗ്രാമം. ഉദ്ദേശം 1200 കൊല്ലങ്ങൾക്കു മുമ്പ് പടിഞ്ഞാറു ഭാഗം കായംകുളം രാജാവിൻേറയും കിഴക്കുഭാഗം പന്തളം രാജാവിൻേറയും അധീനതയിൽ ആയിരുന്നവത്രേ. അവരു തമ്മിൽ പടവെട്ടിയതിൻെറ പ്രതീകമായാണ് പടനി ലം എന്ന പേര് ഈ ഗ്രാമത്തിൻെറ കേന്ദ്രഭാഗത്തിന് ലഭിച്ചത് എന്ന് പഴമക്കാർ ഓർക്കുന്നു. കായംകുളം രാജാവ് പണികഴിപ്പിച്ചതെന്നു വിശ്വസിക്കുന്ന ചെറിയനാടിൻെറ പരദേവനായ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം. തൃശൂരിലുള്ള ഊമം പള്ളിമനക്കായിരുന്നു ഈ ക്ഷേത്രത്തിൻെറ ഊരാൺമാവകാശം. 1115-ൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഈ ക്ഷേത്രം ഏറ്റെടുക്കുകയുണ്ടായി. ഞാഞ്ഞൂക്കാട്, ചെറുവല്ലൂർ, ചെറുമിക്കാട്, മാമ്പ്ര, കുരണ്ടിപ്പള്ളിശ്ശേരി, അരിയുണ്ണിശ്ശേരി, കടയിക്കാട്, ഇടമുറി, അത്തിമൺ ചേരിമണ്ട പരിയാരം, ഇടവങ്കാട്, തുരുത്തിമേൽ, മൂലിയോട് എന്നീ പതിമ്മൂന്നു കരക്കാരുടെ വകയായി ക്ഷേത്രത്തിലെ പുറപ്പാട് മഹോത്സവത്തിൽ പ്രസിദ്ധമായ പള്ളിവിളക്ക് ദേവനെ അകമ്പടിസേവി ച്ചിരുന്നു. ഭക്തിനിർഭരവും നയനാനന്ദകരവുമായ ഈ കാഴ്ച കാണാൻ വിദൂര സ്ഥലങ്ങളിൽ നിന്നുപോലും ധാരാളം ആളുകൾ എത്തിച്ചേർന്നിരുന്നു.

ചെറിയനാടു ക്ഷേത്രം വകയും വഞ്ഞിപ്പുഴ മഠം വകയും ആയ ധാരാളം വസ്തുക്കൾ ഇവിടുത്തെ കൃഷിക്കാർ കൈവശം വെച്ചിരുന്നെങ്കിലും 1959-ലെ ഭൂപരിഷ്ക്കരണ നിയമത്തിനുശേഷം മാത്രമാണ് കുടിയായ്മാവകാശം ജന്മവകാശമായി കിട്ടിയത്.

ഇവിടെ ഹിന്ദു-മുസ്ലീം-ക്രിസ്ത്യൻ ജനവിഭാഗങ്ങൾ സഹോദരത്വേന വർത്തിക്കുന്നു. പുരാതനവും പ്രസിദ്ധവുമായ കൊല്ലകടവ് മുസ്ലീം പള്ളിയും, എടവങ്കാട്ട് ക്രിസ്തീയ ദേവാലയവും കൂടാതെ ഇതര ക്രിസ്തീയ ദേവാലയങ്ങളും ഇവിടെയുണ്ട്.

ദശാബ്ദങ്ങൾക്കു മുമ്പ് മേച്ചിൽ ഓടുനിർമ്മിക്കുന്ന ഒരു ഫാക്ടറി മാമ്പ്രയിൽ പ്രവർത്തിച്ചിരുന്നു, എന്നത് ഒരു ചരിത്രയാഥാർത്ഥ്യമാണ്. ആ സ്ഥലം ഓട്ടാപ്പീസ് എന്ന പേരിൽ ഇന്നും അറിയപ്പെടുന്നു.

ദാരുശില്പവിദഗ്ധരായ ഇടവങ്കാട് ആശാരിമാർ ചെറിയനാടിൻെറ അഭിമാനമായിരുന്നു. ഈ കുടുംബത്തിൽപ്പെട്ട കൊച്ചുകുഞ്ഞാചാരി ഗോവിന്ദനാചാരിക്ക് ശ്രീമൂലം തിരുനാൾ മഹാരാജവിൽ നിന്ന് പട്ടും വളയും സമ്മാനമായി ലഭിച്ചിട്ടുണ്ട്. ഇടവങ്കാട്ട് റ്റി. എൻ. പത്മനാഭനാചാരിക്ക് ഇൻഡ്യൻ പ്രസിഡൻറായിരുന്ന ഡോ. രാധാകൃഷ്ണനിൽ നിന്ന് പുരസ്കാരം ലഭിച്ചിരുന്നു.

ചെറിയനാട്ട് മൂത്തേടത്തു മഠത്തിലെ വാസുദേവ ഗീർവാണ കവി സംസ്കൃതപണ്ഡിതനും മഹത്ഗ്രന്ഥ വ്യാഖ്യാതാവും ആയിരുന്നു. അദ്ദേഹത്തിൻെറ മകൻ പുരുഷോത്തമൻ പോറ്റിയും പ്രസിദ്ധ കവിയും പണ്ഡിതനും ജ്യോതിശ്ശാസ്ത്ര വിശാരദനും ആയിരുന്നു.

സംസ്കൃത പണ്ഡിതനും കവിയും കാഥികനുമായിരുന്ന കെ. കെ. കണിയാർ, കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ആയിരുന്ന ഡോ. എ. വി. വർഗീസ് എന്നിവർക്ക് ജന്മം നൽകിയ നാടാണിത്.

ദേശീയ അധ്യാപക അവാർഡും, അബുദാബി ശക്തി അവാർഡും നേടിയ പ്രസിദ്ധ സാഹിത്യകാരൻ ശിവരാമൻ ചെറിയനാട് ഈ നാടിൻെറ അഭിമാന ഭാജനമാണ്.

19-ാം നൂറ്റാണ്ടിൻെറ ആദ്യപകുതിയിൽ മിഷനറിമാർ ആരംഭിച്ച കോക്കാപ്പള്ളി. സി. എം. എസ്. എൽ. പി. സ്കൂൾ ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന വി ദ്യാലയമായിരുന്നു. നൂറുവർഷത്തിലേറെ പഴക്കമുള്ള ചെറിയനാട്ട് ജെ. ബി. സ്കൂൾ ഈ പഞ്ചായത്തിലെ ആദ്യത്തെ സർക്കാർ വിദ്യാലയമാണ്. കൊല്ലകടവ് മുഹമ്മദൻസ് യു. പി. സ്കൂളും വളരെ പഴക്കമുള്ള വിദ്യാലയമാണ്. സചിവോത്തമ വിലാസം എന്ന പേരിൽ അറിയപ്പെട്ടിരുന്ന മലയാളം പള്ളിക്കൂടമാണ് 1953-ൽ ശ്രീ വിജയേശ്വരി ഗേൾസ് ഹൈസ്കൂളായി ഉയർത്തപ്പെട്ടത്. ഇതേവർഷം തന്നെ തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ വകയായി ബോയിസ് ഹൈസ്കൂളും സ്ഥാപിതമായി. ഈ സരസ്വതീ ക്ഷേത്രങ്ങൾ ഈ നാടിൻെറ സാമൂഹ്യസാംസ്കാരിക പുരോഗതിയിൽ നാഴികക്കല്ലായി നിലകൊള്ളുന്നു. 1981-ലാണ്

ചെറിയനാട് പഞ്ചായ ത്തിൽ ചെങ്ങന്നൂർ എസ്. എൻ. കോളേജ് സ്ഥാപിത മായ്ത. ഇത് ഒരു ഒന്നാം ഗ്രേഡ് കോളേജാണ്.

1952-ൽ കൊല്ലകടവു പാലം പണിയുന്നതിന് മുമ്പ് ചെങ്ങന്നൂർ-മാവേലിക്കര താലൂക്കുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ചെങ്ങാടക്കടത്ത് ഉണ്ടായിരുന്നു. ജനകീയാസൂത്രണത്തിൻെറ ഈ കാലയളവിൽ ജനപങ്കാളിത്തത്തിൻെറ ഉദാത്തമാതൃകയായി പാമ്പനം പുഞ്ചയിൽ നിന്ന് അച്ചൻ കോവിലാറിലേക്ക് ഉദ്ദേശം ഒരു കിലോ മീറ്റർ നീളത്തിൽ ഒരു മലക്കു കുറുകെ നാട്ടുകാർ ചേർന്നു വെട്ടിയ കല്ലടാന്തി-കുറവഴത്തോട് നിലകൊള്ളുന്നു. ഈ തോടിൻെറ നിർമ്മാണത്തിന് ഭക്ഷണം നൽകിയ വകയിൽ 36 പറ ജീരകത്തിൻെറ ചിലവുണ്ടായതായി പഴമക്കാർ ഓർമ്മിക്കുന്നു. ശ്രീ. പി. ആർ രാമപ്പണിക്കർ പഞ്ചായത്തു പ്രസിഡൻറായിരുന്ന 1984-ലിലാണ് പഞ്ചായത്തിന് സ്വന്തമായി കെട്ടിടം ഉണ്ടായത്. അതുവരെ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. പ്രഥമ പഞ്ചായത്തു പ്രസിഡൻറ് ശ്രീ. ജി. നാരായണൻ ഉണ്ണിത്താൻ ആയിരുന്നു. തുടർന്ന് ശ്രീ. പി. ആർ. രാമപ്പണിക്കരും, ശ്രീ. വി.കെ വാസുദേവനും ഈ സ്ഥാനം അലങ്കരിച്ചിട്ടുണ്ട്.

ചെറിയനാടു പഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ആദ്യമായി നിലവിൽ വരുന്നത് 1-1-54-ൽ ആണ്. 1984 -ൽ അന്നത്തെ സർക്കാർ, പഞ്ചായത്തു കമ്മറ്റി പിരിച്ചുവിടുകയും, 1984 മുതൽ 1988 വരെ അഡ്മിനിസ്ട്രേറ്റർ ഭരണത്തിൽ തുടരുകയും ചെയ്തു. 23-1-88-ൽ തെരഞ്ഞെടുപ്പു നടന്ന്പുതിയ ഭരണ സമിതി അധികാരമേറ്റു. ആദ്യം മുതലുള്ള പഞ്ചായത്തു കമ്മറ്റികളുടെ വിവരം ചുവടെ ചേർക്കുന്നു.

## 1 - പഞ്ചായത്തു കമ്മറ്റി (1954-64)

1. ശ്രീ. ജി. നാരായണൻ ഉണ്ണിത്താൻ (പ്രസിഡൻറ്)
2. '' കെ. എൻ. കൃഷ്ണൻ കാർണവർ
3. '' ചെല്ലപ്പക്കുറുപ്പ്
4. '' കൊച്ചുകുഞ്ഞ്
5. '' കൃഷ്ണ കാർണ്ണവർ
6. '' പി.വി. നാരായണൻ വൈദ്യർ
7. '' റ്റി. റ്റി. അഴകൻ

## 2- പഞ്ചായത്തു കമ്മറ്റി (1946-1979)

1. ശ്രീ. പി. ആർ. രാമപ്പണിക്കർ (പ്രസിഡൻറ്)
2. '' പി. വി. നാരായണൻ വൈദ്യർ (വൈസ്. പ്രസി.)
3. '' ജി. നാരായണൻ ഉണ്ണിത്താൻ (മെമ്പർ)
4. '' വാസുദേവൻ നായർ ''
5. ഫിലിപ്പ് ചാക്കോ/കുഞ്ഞുകൃഷ്ണപിള്ള (ഫിലിപ്പ് ചാക്കോ രാജിവെച്ചതിനാൽ കുഞ്ഞുകൃഷ്ണപിള്ള തെരഞ്ഞെടുക്കപ്പെട്ടു)
6. '' എം. കെ. ചെല്ലപ്പ കാർണവർ ''
7. '' എ. ജി. മാത്യു ''
8. '' എൻ. സി. രാഘവൻ ''
9. ശ്രീമതി ചെല്ലമ്മ (നോമിനേറ്റഡ് മെമ്പർ)

## 3 - പഞ്ചായത്ത് കമ്മിറ്റി (1979-84)

1. ശ്രീ. പി. ആർ. രാമപ്പണിക്കർ (പ്രസിഡൻറ്)
2. ശ്രീമതി. ജമീലാ ബീവി. (വൈസ്. പ്രസി.)
3. ശ്രീ. വി. കെ. വാസുദേവൻ (ജമീലാ ബീവിയുടെ നിര്യാണത്തെ തുടർന്ന് വൈ. പ്രസി.)
4. '' കെ. കുട്ടൻ പിള്ള മെമ്പർ
5. '' എ. ജി. മാത്യു ''
6. '' കെ. കരുണാകരൻ നായർ ''
7. '' എം. പി. ബാലൻ പിള്ള ''
8. '' കെ. പുഷ്പാകരൻ ''
9. ശ്രീമതി. സർവ്വമംഗലക്കുഞ്ഞമ്മ ''

## 4- പഞ്ചായത്ത് കമ്മിറ്റി (1988-95)

1. ശ്രീ. വി. കെ. വാസുദേവൻ (പ്രസിഡൻറ്)
2. '' കെ. കരുണാകരൻ നായർ (വൈ. പ്രസി.)
3. '' എൻ. സി. രാഘവൻ (മെമ്പർ)
4. '' കെ. കുട്ടൻപിള്ള ''
5. '' പി. ആർ. രാമപ്പണിക്കർ ''
6. '' പി. ആർ. ഫസലുദീൻ ''
7. ശ്രീമതി. കെ. ജെ. ശ്രീകുമാരി(91-ൽ ഗവ. സർവ്വീസിൽ ജോലി കിട്ടിയതിനാൽ രാജിവെച്ചു)
8. ശ്രീ. വി. കെ. നാരായണൻ നായർ
9. ശ്രീമതി. സർവ്വമംഗലക്കുഞ്ഞമ്മ
10. ശ്രീ. ലാലുവർഗീസ്.


ചെറിയനാട് ഗ്രാമപഞ്ചായത്ത്
പ്രധാന റോഡുകളും റെയിൽവേ ലൈനും
N
W
E
S
I
II
III
IV
V
VI
VII
VIII
IX
X
വെൺമണി
വാർഡ് അതിർത്തി
റോഡുകൾ
റെയിൽവേ ലൈൻ

## ചെറിയനാട് പഞ്ചായത്ത്
*വാർഡുതല ജനസംഖ്യാ വിവരപട്ടിക*

| വാർഡ് നമ്പർ. | പേര് | മൊത്തം ജനസംഖ്യ | പുരുഷൻമാർ | സ്ത്രീകൾ | പട്ടികജാതി | | |
|---|---|---|---|---|---|---|---|
| | | | | | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
| I | ഞാഞ്ഞൂക്കാട് | 2140 | 1067 | 1073 | 300 | 340 | 640 |
| II | ചെറുവല്ലൂർ | 2185 | 987 | 1198 | 30 | 50 | 80 |
| III | മാമ്പ്ര | 2049 | 967 | 1082 | 156 | 167 | 323 |
| IV | കൊല്ലകടവ് | 2222 | 1105 | 1117 | 140 | 129 | 269 |
| V | കടയിക്കാട് | 2112 | 990 | 1122 | 30 | 38 | 68 |
| VI | ഇടമുറി | 2006 | 950 | 1056 | 241 | 244 | 485 |
| VII | ചെറിയനാട് | 2545 | 1211 | 1334 | 225 | 269 | 494 |
| VIII | അത്തിമൺ ചേരി | 1878 | 904 | 974 | 95 | 97 | 192 |
| IX | തുരുത്തിമേൽ | 2190 | 1044 | 1146 | 221 | 219 | 440 |
| X | മണ്ഡപരിയാരം | 1540 | 721 | 819 | 81 | 93 | 174 |
| | ആകെ | 20867 | 9946 | 10921 | 1519 | 1646 | 3165 |

## ചെറിയനാട് പഞ്ചായത്തിൻെറ
*സ്ഥാവര സ്വത്തുക്കൾ സംബന്ധിച്ച വിവരങ്ങൾ*

| ക്രമ നമ്പർ | വകവിവരം | വില്ലേജിൻെറ | വിസ്തീർണ്ണം | മതിപ്പുവില |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | പുരയിടം (കളിസ്ഥലം) | ചെറിയനാട് | 1.18 ഏക്കർ | 1, 59, 300.00 |
| 2 | നിലം (സാംസ്ക്കാരിക കേന്ദ്രം) | ,, | 0.05 " | 25,000.00 |
| 3 | പുരയിടം (ശ്മശാനം) | ,, | 15.58 ആർ | 59.675.00 |
| 4 | പുരയിടം (അറവുശാല) | ,, | 25.75 " | 76,222.00 |
| 5. | പുരയിടം (സബ് രജിസ്ട്രി) | ,, | 4.05 " | 50,600.00 |
| 6 | പുരയിടം (ആയുർവേദാശുപത്രി) | ,, | 12.00 " | 39,000.00 |
| * 7 | ചതുപ്പുനിലം (അന്തിച്ചന്ത) | ,, | 24.5 സെൻറ് | 12,495.00 |
| 8 | പുരയിടം | ,, | 00.10 " | 30,000.00 |

* ഒന്നര ലക്ഷം രൂപ ചെലവാക്കി മണ്ണിട്ടു നികത്തിയെടുത്തു.

# വികസന മേഖലകൾ

## കൃഷിയും ജലസേചനവും

അച്ചൻ കോവിലാറിൻെറതീരത്തു സ്ഥിതി ചെയ്യുന്ന ചെറിയനാട് തികച്ചും ഒരു കാർഷിക ഗ്രാമമാണ്. ആറിൻെറ തീരം എക്കൽ മണ്ണ് പ്രദേശമാണ്. പുഞ്ചനിലങ്ങളും വിരുപ്പു നിലങ്ങളും ഉൾപ്പെടുന്ന പ്രദേശത്ത് പശിമരാശി മണ്ണാണ്. ഉയർന്ന പ്രദേശങ്ങൾ പൊതുവെ ഫലഭൂയിഷ്ടമായ ചെമ്മണ്ണു നിറഞ്ഞതാണ്. കുന്നുകളും സമതലങ്ങളും വയലുകളും നിറഞ്ഞ സാധാരണഗ്രാമം.

ഇടവപ്പാതിയും തുലാവർഷവും സാധാരണനിലയിൽ ലഭിക്കുന്നു. ശരാശരി വർഷപാതം 2450. മി മീറ്ററാണ്. ശരാശരി താപമാനം 32° C. മുഖ്യകൃഷി തെങ്ങ്, നെല്ല് റബ്ബർ എന്നിവ യാണ്. ഇടവിളകളായി കിഴങ്ങുവർഗ്ഗങ്ങൾ വാഴ, പച്ചക്കറികൾ, വെറ്റില, കുരുമുളക്, ഇഞ്ചി, തുടങ്ങിയവയും കൃഷിചെയ്യുന്നു. മുൻകാലങ്ങളിൽ കരിമ്പു കൃഷിയും ഇവിടെ പ്രചാരത്തിൽ ഉണ്ടായിരുന്നു. തെങ്ങുകൾക്കുണ്ടാകുന്ന രോഗം കാരണം ഉല്പാദനക്കുറവ് അനുഭവപ്പെടുന്നു. മരച്ചീനിക്കൃഷി ആദായ കരമല്ലാതായിത്തീർന്നു. കർഷകർ റബ്ബർ ക്കൃഷിയിൽ താല്പര്യം കാണിക്കുന്നു. 2020 നാമമാത്രകൃഷിക്കാർ ഈ ഗ്രാമത്തി ലുണ്ട് ഒരു ഹെക്ടറിനും രണ്ടു ഹെക്ടറിനും ഇടയിൽ കൃഷി ഭൂമിയും ഇവരുടെ എണ്ണം 510 – രണ്ടു ഹെക്ടറിൽ കൂടുതൽ ഉളളവരുടെ എണ്ണം 25– ആണ്.

ആദ്യകാലത്ത് ശ്രദ്ധയും പരിചരണവും നൽകിയിരുന്നത് നെൽക്കൃഷിക്കാണ്. പൂർണ്ണമായും മഴയെ ആശ്രയിച്ചാണ് കൃഷി നടത്തിയിരുന്നത്. കൂടാതെ തോടുകൾ, കുളങ്ങൾ എന്നിവ പരസ്പരധാരണയോടെ ചിറകെട്ടി സംരക്ഷിച്ച് ഉപയോഗ പ്പെടുത്തിയിരുന്നു. ആകെ ഭൂമിയുടെ 25% നെൽക്കൃഷിചെ യ്യുന്ന വയലുകളായിരുന്നു. പല സവിശേഷതകളോടുകൂടി യ നാടൻ വിത്തിനങ്ങളാണ് ഇവിടെ ഉപയോഗിച്ചിരുന്നത്. കൊച്ചുവിത്ത്, മൈല, കുളപ്പാല, വയലിത്തുവി,ചേറാടി, പാറപിളർപ്പൻ, തവളക്കണ്ണൻ തുടങ്ങി വിത്തിനങ്ങൾ ജൈവ വളത്തിൻെറ സഹായത്തോടെ കൃഷി ചെയ്തിരുന്നു. 1970– നോടുകൂടി അത്യുൽപ്പാദനശേഷിയുളള പുതിയ ഇനം വിത്തുകൾ ഉപയോഗിക്കാൻ തുടങ്ങി. രാസവളങ്ങളുടെ പ്രയോഗവും കീടനാശിനി പ്രയോഗവും നടത്തിത്തുടങ്ങി. പുതിയ വിത്തുകളും വളങ്ങളും. വ്യാപകമായതോടെ പമ്പുസെറ്റുകളും ഉപയോഗിച്ചു തുടങ്ങി. നാടൻ ജലസേചന ഉപകരണങ്ങളായ ചക്രം, തോണി, തേക്കുകുട്ട എന്നിവ ഉപയോഗിച്ചിരുന്നു. എലികളെ നശിപ്പിക്കുന്നതിനായി മുളംകുറ്റിക്കെണി ചാഴിയെ നശിപ്പിക്കാൻ മുറംവീശൽ, പന്തം കൊളുത്തിവയ്ക്കൽ, വെണ്ണീർ പറപ്പിക്കൽ എന്നീ നാടൻ രീതികളാണ് പ്രചാരത്തി ലിരുന്നത്.

ഭൂപരിഷ്ക്കരണം നടപ്പിലായതോടെ സ്വന്തമായി വയലുകൾ ലഭിച്ച കർഷകർ വീടുവയ്ക്കുന്നതിനും വേണ്ടത്ര പരിചരണം ആവശ്യമില്ലാത്ത തെങ്ങുപോലെയുളള കൃഷി കൾക്കും വേണ്ടി നികത്താൻ തുടങ്ങിയതോടെ ഉല്പാദന ക്രമങ്ങളിൽ മാറ്റം വരാൻ തുടങ്ങി. 1960 കളിൽ ഇടത്തരം കർഷ കരും പാടം നികത്തുന്നതിന് തുടക്കം കുറിച്ചു. ഇതു വ്യാപ കമായതോടെ നീരൊഴുക്കിൻെറ ക്രമം തെറ്റി നീർക്കെട്ടുകൾ രൂപപ്പെടുന്നതിന് കാരണമായി. ഇഷ്ടിക വ്യവസായത്തിനു വേണ്ടി നെൽപ്പാടങ്ങളിൽ നിന്ന് മണ്ണെടുക്കുന്ന പ്രവണതയും ഈ പ്രദേശത്തു വ്യാപകമായിട്ടുണ്ട്. മുൻ കാലങ്ങളിൽ കർഷ കർക്ക് സമൂഹത്തിൽ കിട്ടിയിരുന്ന മാന്യതകുറയുകയും കൃഷി ആദായകരമല്ലാതാകുകയും ചെയ്തതോടെ അവർ മറ്റു തൊ ഴിൽ മേഖലകളിലേക്ക് തിരിയുന്നതിന് കാരണമായി. കൂലി നിലവാരം ഉയർന്ന വരുന്നതനുസരിച്ച് കൃഷിഭൂമിയിൽ ചെലു ത്തിയിരുന്ന അധ്വാനത്തിൻെറ അളവ് ക്രമേണ കുറഞ്ഞു വന്നു കൊണ്ടിരിക്കുന്നു. ഇക്കാരണങ്ങൾകൊണ്ട് നിലവിലു ളള കൃഷി ഭൂമി തരിശിടുവാനും നെൽ വയലുകൾ നികത്തു വാനും ഇടയായിട്ടുണ്ട്.

കാർഷികരംഗത്തെ പ്രതിസന്ധി ഈ ഗ്രാമത്തിലെ മുഖ്യ വിളയായ നെല്ലിൻെറയും തെങ്ങിൻേറയും ഉല്പാദനത്തേയും ഉല്പാദനക്ഷമതയേയും സാരമായി ബാധിച്ചിട്ടുണ്ട്. ശാസ്ത്രീ യമായ കാർഷികമുറകളും രോഗകീടനിയന്ത്രണങ്ങളും സ്വീകരിച്ചാൽ വളരെയധികം നേട്ടം ഈ രംഗത്തുണ്ടാകും. കഴി ഞ്ഞ കാലങ്ങളിൽ ജൈവവളം ധാരാളമായി കൃഷിക്ക് ഉപയോഗിച്ചിരുന്നു. ഇന്ന് ജൈവവളപ്രയോഗം ഗണ്യ മായി കുറഞ്ഞു. ഇത് മണ്ണിൻെറ ഫലഭൂയിഷ്ടതയേയും ഉല്

പാദന ത്തേയും സാരമായി ബാധിച്ചിട്ടുണ്ട്. ഭൂമി സംബന്ധിച്ച വിവരം, വിള വിസ്തീർണ്ണവും ഉത്പാദനവും, നടീൽ വസ്തുവിതരണം എന്നിവയെ സംബന്ധിക്കുന്ന പട്ടിക ഇതോടൊപ്പം കൊടുത്തിട്ടുണ്ട്.

## പ്രശ്നങ്ങൾ

ഗ്രാമസഭകളിൽ ഉയർന്നുവന്ന ചർച്ചകളുടെ വെളിച്ചത്തിൽ കാർഷികമേഖലയിലെ പ്രധാന പ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ്.

## 1- നിലവിലുള്ള തോടുകൾ

1. മുണ്ടോടിത്തോട് - കാരിക്കുഴിത്തോട്
2. വെൺകുളം -പാമ്പനം തോട്
3. പാമ്പനം-തോട്ടുമുഖം- അച്ചൻ കോവിലാർ തോട്
4. പഴഞ്ചിറ-മുട്ടുംപാടു തോട്
5. ആലക്കോട്ടുകുളം - കോപ്പായിപ്പാടം തോട്
6. മാന്തംകുഴി - പുത്തരിത്തോട്
7. നെടുവേലി - പെരുമ്പ-അത്തിമൺപാലം-പുലിമുഖം തോട്.
8. തോണ്ടുതറപ്പടി - കോവേരിത്തോട്
9. മാലേൽപ്പടി - കാങ്കാലിൽപ്പടി - വാഴയിൽപ്പടി തോട്.

## 2. പുതിയതോടുകൾ

1. നാടൻകുഴി = വലിയകലുങ്ക് -പുത്തരി
2. മുണ്ടകപ്പാടം - അണ്ടക്കാടു കലുങ്ക് - കോലേരിത്തോട്
3. വിത്താംതറ - അഞ്ചുതെങ്ങ്

## 3. ചാലുകളും കുളങ്ങളും

1. പഴംചിറച്ചാൽ കൃഷിക്ക് ഉപയോഗയോഗ്യമല്ല.
2. അധികജലം ആറ്റിലേക്ക് ഒഴുകുന്നില്ല.
3. തേവലക്കുളം പാടത്ത് ഒരേക്കർ വിസ്തീർണ്ണമുള്ളകുളം ജലസേചനത്തിന് പറ്റിയതല്ല.
4. വാഴൂക്കുളം - പുഞ്ചോത്തറച്ചാൽ, പുലിമുഖത്തുചാൽ മാളിയേക്കൽക്കുഴി എന്നിവ ജലസേചന യോഗ്യമല്ല.

## 4. പമ്പാ ഇറിഗേഷൻ കനാൽ

പ്രധാന കനാലിലെ ചോർച്ച കാരണം കരിമൂല-പെരുമ്പപ്പാടത്ത് വർഷങ്ങളായി കൃഷിനടക്കുന്നില്ല. പാമ്പനം പുഞ്ചക്കൃഷിയെ ദോഷകരമായി ബാധിക്കുന്നു. സബ് കനാലുകൾ ആവശ്യത്തിനില്ല.

## 5. കേരക്കൃഷി

1. $^1/_3$ ഭാഗം തെങ്ങുകളും രോഗബാധിതമാണ്
2. വേണ്ടത്ര ജലസേചന സൗകര്യമില്ല.
3. ശാസ്ത്രീയമായ മരുന്നു തളിയും വളപ്രയോഗവും ഇല്ല.
4. ജൈവവളത്തിന്റെ അപര്യാപ്തതയുണ്ട്.
5. കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിനുള്ള ധനസഹായ പദ്ധതികൾ പഞ്ചായത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 6. പച്ചക്കറികൃഷി

ഫലപുഷ്ടിയുള്ള മണ്ണും നല്ല കാലവസ്ഥയും പച്ചക്കറി കൃഷിക്ക് അനുയോഗജ്യമാണ്. എന്നാൽ പ്രയോജനപ്പെടുത്തുന്നില്ല. കാലാകാലങ്ങളിൽ ആവശ്യാനുസരണം നല്ല വിത്തുകൾ ലഭ്യമല്ല. ശാസ്ത്രീയമായ ഉപദേശങ്ങളും പ്രോത്സാഹനങ്ങളും ലഭിക്കുന്നില്ല.

## 7. ഇടവിളക്കൃഷി

തെങ്ങിൻ തോപ്പുകളിലും വീട്ടുപരിസരങ്ങളിലും തരിശുസ്ഥലങ്ങളിലും ഇടവിളക്കൃഷിക്ക് സാധ്യതയുണ്ട്. പക്ഷേ പ്രയോജനപ്പെടുത്തുന്നില്ല. കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നില്ല.

# സാധ്യതകൾ

## 1. നിലവിലുള്ള തോടുകൾ

ഒന്നുമുതൽ ഒൻപതുവരെ സൂചിപ്പിച്ചിരിക്കുന്ന തോടുകൾ ജലസേചനത്തിനും ജലനിർഗ്ഗമനത്തിനും

വേണ്ടി ആഴവും വീതിയും കൂട്ടി ആവശ്യമുള്ളിടത്തു ബണ്ടുകൾ നിർമ്മിച്ച് കൃഷിക്ക് സഹായകരമായ വിധത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കുക.

## 2. പുതിയ തോടുകൾ

1. നാടൻ കുഴിമുതൽ വലിയകലുങ്കുവഴി (ഓട്ടാപ്പീസിനു കിഴക്കു) പുത്തരി വരെ തോടുനിർമ്മിക്കുക.

2. മുണ്ടകപ്പാടത്തിൻെറ മധ്യത്തിലൂടെ തെക്കുവടക്ക് പുതിയ തോടുവെട്ടി അണ്ടക്കാട്ടു കലുങ്കുവഴി കോലേരിത്തോടുമായി ബന്ധിപ്പിക്കുക.

3. വിത്താംതറ ഭാഗത്തുനിന്നും കിഴക്കു പടിഞ്ഞാറായി പുതിയതോടു നിർമ്മിച്ചു അഞ്ചു തെങ്ങിൽ ഭാഗവുമായി ബന്ധിപ്പിക്കുക.

## 3. ചാലുകളും കുളങ്ങളും

നിർദ്ദിഷ്ട 1-4 വരെ ചാലുകളും, കുളങ്ങളും ആഴം കൂട്ടി തിട്ടകൾ ബലപ്പെടുത്തി നിർഗ്ഗമനത്തോടുകൾ ആവശ്യമുള്ളിടത്തു നിർമ്മിച്ചും ആവശ്യമായി വരുന്നിടത്ത് ചീപ്പുകൾ നിർമ്മിച്ചും കൃഷിക്ക് ഉപയുക്തമാക്കുക.

## 4- പമ്പാ ഇറിഗേഷൻ കനാൽ

ഫലപ്രദമായി കനാൽ ചോർച്ച തടയേണ്ടതാണ്. പെരുമ്പ-കരിമൂലപ്പാടത്തിൻെറ കിഴക്കുതെക്കു പടിഞ്ഞാട്ട് കരയോടു ചേർന്ന് തോടു നിർമ്മിക്കുക. പാമ്പനം പുഞ്ചയുടെ വടക്കു പടിഞ്ഞാറുകരയോടു ചേർന്ന് കരത്തോടു നിർമ്മിക്കുക. മോട്ടോർത്തറയും മോട്ടോറും സ്ഥാപിക്കുക.

നൂറു ഹെക്ടർ വിസ്തീർണ്ണമുള്ള പെരുമ്പ-കരിമൂലപ്പാടത്തുനിന്ന് 700-എണ്ണം 60 ഹെക്ടറുള്ള പാമ്പനം പുഞ്ചയിൽ നിന്ന് 500 എണ്ണം നെല്ല് കൂടുതലായി ഉൽപാദിപ്പിക്കാവുന്നതാണ്.

## 5. കേരക്കൃഷി

രോഗംബാധിച്ച തെങ്ങുകൾ നഷ്ടപരിഹാരം നൽകി വെട്ടിമാറ്റുന്ന പദ്ധതിയിൽ പഞ്ചായത്തിനെ ഉൾപ്പെടുത്തുക. കേര സംരക്ഷണ സമിതിയുടെ ചുമതലയിലും കൃഷിഭവൻെറ മേൽനോട്ടത്തിലും തെങ്ങുകൾക്ക് മരുന്നു തളിനടത്തേണ്ടതാണ്. തെങ്ങു കയറ്റയന്ത്രവും ഡ്രയറുകളും വ്യാപകമാക്കേണ്ടതാണ്. ജൈവവളവും രാസവളവും ഉപയോഗത്തിൽ വരുത്തണം. ജലസേചന സൗകര്യം ലഭ്യമാക്കണം.

## 6. പച്ചക്കറിക്കൃഷി

എല്ലാ ഭവനങ്ങളിലും അടുക്കളത്തോട്ടം നിർമ്മിക്കുന്നതിന് പ്രോത്സാഹനംനൽകുക. പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ ശാസ്ത്രീയമായി നടപ്പാക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം വ്യാവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകരെ സംഘടിപ്പിച്ച് പഞ്ചായത്തു സമിതിയുടെ ചുമതലയിലും വിദഗ്ധരുടെ മേൽനോട്ടത്തിലും പച്ചക്കറി കൃഷി കൂട്ടുകൃഷിയായി നടത്തുക.

## 7. ഇടവിള കൃഷി

രോഗവിമുക്തമായ വാഴക്കുന്നുകളും മറ്റിനം വിത്തുകളും വിതരണം ചെയ്യുക. വെറ്റിലക്കൃഷിക്ക് ആവശ്യമായ സഹായങ്ങൾ നൽകുക.

വളരെ വർഷങ്ങൾക്കുമുമ്പ് തിരുവിതാംകൂർ ദിവാൻ ജി. രാമറാവു സ്ഥാപിച്ച കൊല്ല കടവുചന്ത ആഴ്ചയിൽ എല്ലാദിവസവും പ്രവർത്തിക്കുന്നു. എങ്കിലും ഈ മാർക്കറ്റ് കർഷകർക്ക് ന്യായമായ വില ലഭിക്കത്തക്ക വിധം റഗുലേറ്റഡ് മാർക്കറ്റ് (നിയന്ത്രിത കമ്പോള സംവിധാനം) ആക്കിമാറ്റേണ്ടതാണ്. തുരുത്തിമേൽചന്തക്കുവേണ്ടി പഞ്ചായത്തു വാങ്ങിയിരിക്കുന്ന സ്ഥലത്ത് ചന്തയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. പടനിലത്തു പ്രവർത്തിക്കുന്ന അന്തിച്ചന്തക്ക് സ്ഥലം കണ്ടെത്തി പ്രവർത്തനം വിലപ്പെടുത്തേണ്ടതാണ്.

*ചെറിയനാട് ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref: അടിസ്ഥാന വിവര രജിസ്റ്റർ)*

| ഇനം | വിസ്തീർണം |
|---|---|
| നിലം | 486.40 ഹെക്ടർ |
| പുരയിടം | 839.60 " |
| പുറമ്പോക്ക് | 136 .54 " |
| കൃഷിയോഗ്യ തരിശ് | - |
| ആകെ | 1543.54 |

# കൃഷിഭവൻ

സ്വന്തമായി ആഫീസ് കെട്ടിടം ഉണ്ട്. ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പ്രവർത്തന ശൈലി രൂപപ്പെടുത്തേണ്ടതാണ്. കൃഷിയിടങ്ങൾ സന്ദർശിച്ച് കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുന്ന പ്രവർത്തന രീതി ആവശ്യമാണ്. സബ് സിഡിയും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനുള്ള സ്ഥാപനമായി ഇത് മാറിക്കൊണ്ടിരിക്കുന്നു. ഈ നിലക്ക് മാറ്റം വരേണ്ടതാണ്.

## പൊതുനിർദ്ദേശങ്ങൾ

കാർഷികമേഖലയിൽ കർഷകതൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നു. ചെറുകിട യന്ത്രവല്ക്കരണം പ്രോത്സാഹിപ്പിക്കേണ്ടതാണ്. (ട്രാക്ടർ, ട്രില്ലർ, കൊയ്ത്തു മെതിയന്ത്രം etc ) വരൾച്ച, വെള്ളപ്പൊക്കം കൊടുങ്കാറ്റ് തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ കാരണം കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള പദ്ധതിയാണ് വിള ഇൻഷ്വറൻസ്. നിലവിലുള്ള നിയമത്തിന്റെ നൂലാമാലകളിൽപ്പെട്ട്, കർഷകർക്ക് സഹായം ലഭ്യമാകുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഈ പദ്ധതികളുടെ നിയമങ്ങൾ ലഘൂകരിച്ച് കർഷകർക്ക് പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. ഇന്ന് നിലവിലുള്ള മണ്ണുപരിശോധനാ സമ്പ്രദായം കൃഷിക്കാർക്ക് വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. ഫലപ്രദമായ മണ്ണു പരിശോധനയും ശരിയായ വളപ്രയോഗവും നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്. ഔഷധ സസ്യക്കൃഷി, പൂക്കൃഷി, കൂൺകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയ ആധുനിക കൃഷിരീതികൾ പ്രചരിപ്പിക്കണം. പഴവർഗ്ഗക്കൃഷി വ്യാപിപ്പിക്കുന്നതിന് ആവശ്യമായ നടീൽ വസ്തുക്കളുടെ വിതരണത്തിനും വിപണനത്തിനും ആവശ്യമായ മുൻകൈ കൃഷിഭവൻ ഏറ്റെടുക്കണം.

***ചെറിയനാട് ഗ്രാമപഞ്ചായത്ത്***

***3.5 നടീൽ വസ്തു വിതരണം***

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993 - 94 | 1994 - 95 | 1995 - 96 |
| തെങ്ങ് | 750 | 600 | 600 |
| കശുമാവ് | 50 | 50 | 60 |
| കുരുമുളക് | 10,000 | 7000 | 8500 |
| കവുങ്ങ് | 500 | 400 | 150 |
| നടീൽ വസ്തു കിറ്റ് (കാച്ചിൽ, ചേന etc) | 25 | 25 | 25 |
| ഇഞ്ചി | 10 Kg. | 5 Kg. | 7 Kg. |

**അവലംബം :- കൃഷിഭവൻ രേഖകൾ**

# ചെറിയനാട് ഗ്രാമപഞ്ചായത്ത്
# വിള വിസ്തീർണവും ഉത്പാദനവും

*(Ref: അടിസ്ഥാന വിവര രജിസ്റ്റർ)*

| വിള | വിസ്തീർണം | മൊത്തം ഉത്പാദനം | ഉത്പാദന (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാം വിള) വിരിപ്പ് | 215 ഹെ. | 5375 qtl | 25 qtl |
| നെല്ല് (രണ്ടാം വിള) മുണ്ടകൻ | 200 " | 5400 " | 27 " |
| നെല്ല് (മൂന്നാം വിള) പുഞ്ച | 139 " | 4865 " | 35 " |
| പയർ | 7.5 " | 3750 Kg. | 35 " |
| എള്ള് | - | - | - |
| പച്ചക്കറികൾ | 38.0 " | 1140 qtl | 30 qtl |
| തെങ്ങ് | 558.0 " | 2901600 " | 5200 nos |
| വാഴ | 105.0 " | 777 ton | 7.4 ton |
| മരച്ചീനി | 353.0 " | 6707 ton | 19 ton |
| കുരുമുളക് | 25.0 " | 8125 Kg | 3251 Kg. |
| പ്ലാവ് | 1.5 " | 4000 Kg | 800 Kg |
| കശുമാവ് | 5.0 " | 4000 Kg | 800 Kg. |
| മാവ് | 1.5 " | - | - |
| റബ്ബർ | 17.0 " | 11900 Kg | 700 Kg |
| കവുങ്ങ് | 4.0 " | 72,000 nos | 18,000 nos |

# മൃഗപരിപാലനവും മത്സ്യബന്ധനവും

ചെറിയനാടു പഞ്ചായത്തിൽ അത്യുല്പാദനശേഷിയു ള്ള കന്നുകാലികളുടെ വർദ്ധനവ് പ്രകടമാണ്. കൃഷിയുടെ അവിഭാജ്യഘടകമായിരുന്ന കാലിവളർത്തൽ ഇപ്പോൾ പാൽ ഉല്പാദനപരമായി മാത്രം മാറിയിരിക്കുന്നു. കാർഷികോപകരണങ്ങളിൽ വന്നമാറ്റം, കൃഷി ഭൂമിയുടെ കുറവ് തുടങ്ങിയ കാരണങ്ങളാൽ രണ്ടുപതിറ്റാണ്ടിനിടയിൽ പശു, കാള, ആട്, എരുമ എന്നിവയുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കാലിത്തീറ്റയുടെ വിലക്കൂടുതൽ തീറ്റപ്പുല്ലിൻെറ ലഭ്യതക്കുറവ്, വൈക്കോലിൻെറ വില വർദ്ധനവ്, പാലിൻെറ വിലക്കുറവ് ഇക്കാരണങ്ങളാൽ ക്ഷീരോല്പാദകരുടെ എണ്ണം കുറഞ്ഞുവരുന്നു. 1962-ൽ സബ്സെൻററായി ആരംഭിച്ച മൃഗപരിപാലന കേന്ദ്രം 1988-ൽ ആശുപത്രിയായി ഉയർത്തപ്പെട്ടു. സ്വന്തമായികെട്ടിടം ഉണ്ടെങ്കിലും ഭൗതികസാഹചര്യങ്ങൾ വളരെ പരിമിതമാണ്. കാലികളിൽ പൊതുവേ കണ്ടുവരുന്ന രോഗങ്ങൾ- അകിടുവീക്കം, കുളമ്പുരോഗം, പനി, ഉദരരോഗം എന്നിവയാണ്. രോഗ പ്രതിരോധ നടപടികളെ സംബന്ധിച്ചും, കാലിത്തൊഴുത്തിൻെറ ശുചിത്വത്തെ സംബന്ധിച്ചും കാലിക്കർഷകരിൽ നിലനിൽക്കുന്ന അജ്ഞത, രോഗങ്ങൾ തുടക്കത്തിലേ ചികിത്സിച്ചു മാറ്റുന്നതിന് തടസ്സമായി നില്ക്കുന്നു. പഞ്ചായത്തിൽ പതിമ്മൂന്നു ഗോബർഗ്യാസ് പ്ലാൻറുകൾ നിലവിലുണ്ട്. ഇവയിൽ മിക്കതും പ്രവർത്തന ക്ഷമമല്ല. മൃഗ സംരക്ഷണത്തിൻെറ ചിലവ് വർദ്ധിച്ചതു കാരണം കർഷകർ കാലിവളർത്തലിൽ നിന്നും പിൻവാങ്ങിക്കൊണ്ടിരിക്കുന്നു.

മുൻപ് മിക്കവാറും വീടുകളിൽ കോ ഴിവളർത്തൽ ഉണ്ടായിരുന്നു. തീറ്റയുടെ വർദ്ധിച്ച വില, കോഴിവസന്ത തുടങ്ങിയരോഗങ്ങൾ കോഴിവളർത്തൽ കുറയുന്നതിന് കാരണമായിട്ടുണ്ട്. മുൻപ് ഇവിടെ ധാരളമായി മുട്ട ശേഖരിച്ച് അന്യസ്ഥലങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു. ഇന്ന് അന്യസ്ഥലങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു, ഈ ആവശ്യത്തിന്. ചെറിയനാട്ട് കോഴിവളർത്തലിന് വൻ സാധ്യതകളുണ്ട്.

ലൈസൻസ്സുള്ള ഒരു അറവുശാല ഈ ഗ്രാമത്തിലുണ്ട്. സമീപ പഞ്ചായത്തുകളിൽ ലൈസൻസികൾ ഉണ്ടെങ്കിലും അവിടേക്കുള്ള ഇറച്ചിയും ഈ പഞ്ചായത്തിലെ അറവുശാലയിൽ നിന്നുമാണ് വിതരണം ചെയ്യുന്നത്. അറവുശാല ശാസ്ത്രീയമായ രീതിയിൽ സംവിധാനം ചെയ്യപ്പെട്ടതല്ല. തുകൽ ശേഖരണവും നടക്കുന്നതുകൊണ്ട് ശുദ്ധജലം ഉപയോഗശൂന്യവും, രോഗങ്ങളും ഉണ്ടാക്കുന്നു. വിജനമായസ്ഥലത്തേക്കുമാറ്റണം. വിശാലമായ പുഴയോരമോ, ഉൾനാടൻ ജലാശയങ്ങളോ ഇവിടെയില്ല. എന്നാൽ കുളങ്ങളും ചാലുകളും വെള്ളക്കെട്ടു പ്രദേശങ്ങളും വേണ്ടത്രയുണ്ട്. കൊല്ലകടവ് മാർക്കറ്റിൽ എത്തുന്ന കടൽ -കായൽ - പുഴ മത്സ്യങ്ങളെയാണ് പ്രധാനമായും ഉപയോഗിക്കുന്നത്.

## പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടേയും കോഴിത്തീറ്റയുടേയും വില വർദ്ധനവ്.
2. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്.
3. മൃഗചികിത്സാ സൗകര്യങ്ങളുടെ കുറവ്.
4. ശാസ്ത്രീയമായ രീതിയിലുള്ള തൊഴുത്തുകളുടെ അഭാവം.
5. ക്ഷീരോല്പാദകർക്ക് ന്യായവില ലഭിക്കുന്നില്ല.
6. ക്ഷീരവിപണന സൗകര്യം വേണ്ടത്രയില്ല.
7. കാലിവളർത്തലിന് സാമ്പത്തിക സഹായത്തിൻെറ കുറവ്.
8. ആധുനികവും ശാസ്ത്രീയവുമായ അറവുശാലയുടെ അഭാവം
9. പേപ്പട്ടി ശല്യം
10. മെച്ചപ്പെട്ട ഇനം ആടുകളുടെ ലഭ്യതക്കുറവ്
11. കോഴിവസന്തരോഗം
12. ഉല്പാദനശേഷിയുള്ള സങ്കരയിനം കോഴിക്കുഞ്ഞുങ്ങളുടേയും ബ്രോയിലർ കോഴികളുടേയും ലഭ്യതക്കുറവ്.

13. മത്സ്യക്കൃഷിക്ക് ആവശ്യമായ ശാസ്ത്രീയ സാങ്കേതിക പരിജ്ഞാനത്തിൻേറയും സാമ്പത്തിക സഹായത്തിൻേറയും അപര്യാപ്തത.

## സാധ്യതകൾ

1. കുറഞ്ഞ ചിലവിൽ ഗുണനിലവാരം ഉള്ള കാലിത്തീറ്റയും, കോഴിത്തീറ്റയും ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗപ്പെടുത്തി പ്രാദേശികമായി നിർമ്മിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

2. തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുക. വിത്തും, വളവും സൗജന്യനിരക്കിൽ ലഭ്യമാക്കുക. നെൽകൃഷി പ്രോത്സാഹനവും ഇതിൻെറ ഭാഗമായി കാണേണ്ടതാണ്.

3. മൃഗാശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിന് പഞ്ചായത്തിൻെറ വടക്കുപടിഞ്ഞാറുഭാഗത്ത് ഒരു സബ് സെൻറർ പുതുതായി ആരംഭിക്കുക.

4. ആധുനിക രീതിയിലുള്ള കാലിത്തൊഴുത്തുകൾ നിർമ്മിന്നുതിന് ആവശ്യമായ സാമ്പത്തികസഹായം ലഭ്യമാക്കുക.

5. ക്ഷീരോല്പാദകർക്ക് ഉല്പാദനച്ചിലവിനനുസൃതമായ വില ലഭ്യമാക്കുക.

6. സാമ്പത്തികശേഷി കുറഞ്ഞ കാലിവളർത്തലുകാർക്ക് ഉല്പാദനശേഷികൂടിയ ഇനം പശുക്കളെ വാങ്ങുന്നതിന് 50% സബ്സിഡി ഏർപ്പെടുത്തി കാലിസമ്പത്തു വർദ്ധിപ്പിച്ച് പാലുല്പാദനം കൂട്ടാനുള്ള പദ്ധതി ആവിഷ്കരിക്കുക.

7. അനധികൃത തുകൽ ഇടുന്നത് കർശനമായി നിരോധിക്കുകയും ശാസ്ത്രീയമായ രീതിയിൽ അറവുശാല നിർമ്മിക്കുകയും ചെയ്യുക.

8. നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് നിർബന്ധമാക്കുക. ലൈസൻസ് എടുക്കാതെ നായ്ക്കളെ വളർത്തുന്നവർക്ക് എതിരെ നിയമനടപടികൾ സ്വീകരിക്കുക. പേപ്പട്ടിവിഷ ബാധക്കെതിരെയുള്ള കുത്തിവയ്പ് സൗജന്യമായി കാലാകാലങ്ങളിൽ നടത്തുക. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊല്ലാനുള്ള സംവിധാനം വർഷംതോറും കൃത്യമായി നടത്തുക.

9. മേൽത്തരം ആടുകളെ സൗജന്യനിരക്കിൽ വിതരണം ചെയ്യുകയും സഹകരണാടിസ്ഥാനത്തിൽ വളർത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

10. പഞ്ചായത്തിൽ 50-മുട്ടക്കോഴിവളർത്തൽ യൂണിറ്റുകളും 50 ഇറച്ചിക്കോഴിവളർത്തൽ യൂണിറ്റുകളും നടത്തുന്നതിനാവശ്യമായ കോഴിക്കുഞ്ഞുങ്ങളെയും, സൗജന്യമായി നൽകുന്നതിനും, സാമ്പത്തിക സഹായവും, വൈദ്യസഹായവും ലഭ്യമാക്കുന്നതിനും പദ്ധതിയാവിഷ്ക്കരിക്കുക. വീടൊന്നിന് 5 കോഴിക്കുഞ്ഞുങ്ങളെ വീതം നൽകുക.

11. കോഴിവസന്തക്ക് എതിരേയുള്ള പ്രതിരോധ നടപടി ശക്തമാക്കുക.

13. പഞ്ചായത്തിൽ ചാലുകളും പൊതുസ്വകാര്യ കുളങ്ങളും കൃഷിയോഗ്യമല്ലാത്ത നീർക്കെട്ടു പാടങ്ങളും സഹകരണ അടിസ്ഥാനത്തിൽ ശുദ്ധജലമത്സ്യക്കൃഷിക്ക് ഉപയോഗപ്പെടുത്തി അതിനുള്ള സ്കീം നടപ്പിലാക്കുക.

# വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് ഏറ്റവുമധികം പുരോഗതി കൈവരിച്ച മധ്യതിരുവിതാംകൂറിലെ ചെങ്ങന്നൂർ താലൂക്കിലാണ് ചെറിയനാട് ഗ്രാമം സ്ഥിതിചെയ്യുന്നത്. ഹൈസ്കൂളുകൾ സ്ഥാപിതമായിട്ട് നാല്പതിൽപ്പരം വർഷങ്ങളേ ആയിട്ടുള്ളു എങ്കിലും ചെങ്ങന്നൂർ, മാന്നാർ, മാവേലിക്കര എന്നിവിടങ്ങളിലെ ഹൈസ്കൂളുകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഒരു പറ്റം ആളുകൾ ഈ ഗ്രാമത്തിൽ ഉണ്ടായിരുന്നു. ചെറിയനാട് ഗവ. എൽ. പി. സ്കൂൾ, ചെറുവല്ലൂർ ഗവ. എൽ. പി. സ്കൂൾ, കൊല്ലകടവ്, ഗവ. മുഹമ്മദൻസ് യു. പി. സ്കൂൾ, സി. എം. എസ്. എൽ. പി. സ്കൂൾ, സചിവോത്തമവിലാസം മലയാളം പള്ളിക്കൂടം എന്നിവക്ക് അൻപതിൽപ്പരം വർഷങ്ങളുടെ പാരമ്പര്യമുണ്ട്. പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കിയ കുട്ടികൾ മുമ്പ് കോടുകുളഞ്ഞി സി. എം.എസ്. സ്കൂൾ, വെൺമണി എം.ടി. സ്കൂൾ എന്നിവയെയാണ് മിഡിൽ സ്കൂൾ വിദ്യാഭ്യാസത്തിന് ആശ്രയിച്ചിരുന്നത്. കോടുകുളഞ്ഞി, ആലാ, വെൺമണി, കുന്നം തുടങ്ങിയ സമീപ പ്രദേശങ്ങളിൽ ഹൈസ്കൂളുകൾ നിലവിൽ വന്നിട്ടും ചെറിയനാട്ടൊരു ഹൈസ്കൂൾ ഉണ്ടാകുക എന്നത് വിദൂരസ്വപ്നമായി അവശേഷിച്ചിരുന്നു. 1953-ലാണ് അന്നത്തെ രാഷ്ട്രീയ സാഹചര്യങ്ങളുടെ സമ്മർദ്ദഫലമായി ഈ പഞ്ചായത്തിൽ ഒരേവർഷം തന്നെ വിളിപ്പാടകലെ രണ്ടു ഹൈസ്കൂളുകൾ ആരംഭിച്ചത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ ഡി.ബി. എച്ച്. എസും, നേരത്തെ ഉണ്ടായിരുന്ന സചിവോത്തമ വിലാസം മിഡിൽ സ്കൂൾ കൊല്ലം ബിഷപ്പിന് കൈമാറ്റം ചെയ്തിരുന്നത് ഉയർത്തി ശ്രീവിജയേശ്വരി ഹൈസ്കൂൾ എന്നു പുനർ നാമകരണം ചെയ്തു എസ്. വി. ജി. എച്ച്. എസ്സും ഉണ്ടായി. ഈ രണ്ടു ഹൈസ്കൂളുകളും ഇന്നാടിന്റെ വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിലെ പുരോഗതിക്ക് വളരെയേറെ സഹായിച്ചിട്ടുണ്ട്. അറുപതുകളുടെ ആരംഭത്തിൽ തുരുത്തിമേൽ പ്രദേശത്ത് എസ്.എൻ. യു. പി. എസ്. ആരംഭിച്ചു. ആ പ്രദേശത്തെ കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തികരിക്കുന്നതിന് ഇത് സഹായകമായി. ചെറിയനാടിന്റെ തെക്കൻ മേഖലയിലെ കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് അനുപേക്ഷണീയമായ കൊല്ലകടവു യു. പി. എസ്. അപ്പ്ഗ്രേഡ് ചെയ്തു ഹൈസ്കൂളാക്കുക എന്നത് ഇന്നും സഫലമായിട്ടില്ല.

ചെങ്ങന്നൂർ, മാന്നാർ, മാവേലിക്കര, പന്തളം തുടങ്ങിയ സ്ഥലങ്ങളിലെ കലാലയങ്ങളെയാണ് ഉന്നത വിദ്യാഭ്യാസത്തിന് ഇന്നാട്ടിലെ വിദ്യാർത്ഥികൾ ആശ്രയിച്ചുപോരുന്നത്. എന്നാൽ 1981-ലാണ് ഈ പഞ്ചായത്തിലെ തുരുത്തിമേൽ പ്രദേശത്തു എസ്. എൻ. ട്രസ്റ്റിന്റെ വകയായി എസ്. എൻ. കോളജ് ചെങ്ങന്നൂർ എന്നപേരിൽ ഒരു കോളജ് സ്ഥാപിതമായത്. ഇന്നത് ഒരു ഡിഗ്രികോളജായി ഉയർന്നിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ ഈ പഞ്ചായത്തിന്റെ നിലവളരെ ശോചനീയമാണ്. 1992 -ൽ കേന്ദ്രമാനവ വിഭവശേഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ എൽ. ബി. എസ്. സെന്റർ എന്ന പേരിൽ കൊല്ലകടവിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം നടത്തുന്ന ഒരു സ്ഥാപനമുണ്ട്. ഇതിന്റെ പ്രവർത്തനം വിപുലീകരിക്കേണ്ടതാണ്. ഇതിന് സ്വന്തമായി കെട്ടിടവും മറ്റു സൗകര്യങ്ങളും ഉണ്ടാകേണ്ടതാണ്.

ട്യൂട്ടോറിയൽ രംഗത്തും പാരലൽ കോളജ് എന്നു പേരിലും അഭ്യസ്തവിദ്യരായ യുവാക്കളുടെ ചുമതലയിൽ ചില സ്ഥാപനങ്ങൾ നടത്തുന്നത് വിദ്യാഭ്യാസ രംഗത്ത് ഈ നാടിനുള്ള പോരായ്മകൾ പരിഹരിക്കുവാനുള്ള എളിയ ശ്രമം എന്ന നിലയിൽ സ്വാഗതാർഹമാണ്.

വിദ്യാഭ്യാസ രംഗത്ത് ഏറ്റവും പ്രാധാന്യം നൽകേണ്ട പ്രീ-പ്രൈമറിതലം ഇന്ന് ഏറെ അവഗണിക്കപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസം കച്ചവടമായി മാറിക്കൊണ്ടിരിക്കുന്നതിനാൽ ഈ ലക്ഷ്യത്തോടെ ചില സ്വകാര്യ സ്ഥാപനങ്ങൾ പൊട്ടിമുളച്ചു തുടങ്ങിയിട്ടുണ്ട്. ഇപ്പോഴുള്ള ഗവ, എയിഡഡ് പ്രൈമറി സ്കൂളുകളോടനുബന്ധിച്ച്, പരിശീലനം കിട്ടിയ അദ്ധ്യാപകരുടെ ചുമതലയിൽ പ്രീ-പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കുകയാണ് ഈ ദുഃസ്ഥിതി പരിഹരിക്കാനുള്ള ഏക മാർഗ്ഗം. ഇപ്പോൾ പല വാർഡുകളിലും പ്രവർത്തിക്കുന്ന നിലത്തെഴുത്തു പള്ളിക്കൂടങ്ങൾ ഈ രംഗത്തു കുറേയൊക്കെ സംഭാവന നൽകുന്നുണ്ട്. എങ്കിലും പൊതുവായ കരിക്കുലത്തിന്റെ അഭാവം, ആശാൻമാരുടെ യോഗ്യതക്കുറവ്, പരി ശീലനം ഇല്ലായ്മ വിദ്യാലയങ്ങളുടെ അനാരോഗ്യകരമായ സ്ഥിതിവിശേഷം ഇവക്കെല്ലാം ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ പരിഹാരം കാണേണ്ടിയിരിക്കുന്നു വിദ്യാർത്ഥികളുടെ ഇടക്കുള്ള കൊഴിഞ്ഞുപോക്കും തടയുന്നതിനും പിന്നോക്കം നില്ക്കുന്ന കുട്ടി

കൾക്ക് പരി ഹാരബോധനം നൽകുന്നതിനും പ്രത്യേകം ശ്രദ്ധപതിയേണ്ടതുണ്ട്.

# പ്രശ്നങ്ങൾ

1. 96 വർഷത്തെ പഴക്കമുള്ള ചെറിയനാട് ജെ. ബി. എസ്. കെട്ടിടം ജീർണ്ണാവസ്ഥയിലാണ്. ശുദ്ധജല സംവിധാനം തൃപ്തികരമല്ല.

2. ചുറ്റുമതിൽ ജെ.ബി.എസിന് അനിവാര്യമാണ്. ശുദ്ധജലസംവിധാനവും തൃപ്തികരമല്ല.

3. ചെറുവല്ലൂർ ജെ. ബി. സ്കൂളിന് ചുറ്റുമതിലും ശുദ്ധജല സംവിധാനവും ഇല്ല.

4. കൊല്ലകടവ് മുഹമ്മദൻസ് യു. പി.സ്കൂൾ ഹൈസ്കൂളായിട്ടില്ല.

5. പഞ്ചായത്തിലെ 4 സർക്കാർ വിദ്യാലായങ്ങളിലേയും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.

6. പഞ്ചായത്തിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളില്ല.

7. വിദ്യാലയങ്ങളിൽ പൊതുവേയും, ഹൈസ്കൂളുകളിലേത് പ്രത്യേകിച്ചും പഠനനിലവാരം മെച്ചമല്ല.

8. ഇംഗ്ലീഷ് മീഡിയത്തോടുള്ള താത്പര്യം വർദ്ധിക്കുന്നു.

# സാധ്യതകൾ

1. ജീർണ്ണാവസ്ഥയിലുള്ള സ്കൂൾക്കെട്ടിടം പുതുക്കിപ്പണിയണം.

2. അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തിയാക്കുക.

3. സ്കൂളുകളിൽ ശുദ്ധജലവിതരണത്തിനുള്ള സംവിധാനം ഉണ്ടാക്കുക.

4. പഞ്ചായത്തുതലത്തിൽ സ്കൂൾ കോംപ്ലക്സുകൾ ആരംഭിക്കുക.

5. പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളും സമയബന്ധതമായി സന്ദർശിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തുവാനുള്ള സംവിധാനം രൂപീകരിക്കുക.

6. സ്കൂളുകളിലേയും ബാലവാടികളിലേയും പഞ്ചായത്തിൻേറ നേഴ്സറി സ്കൂളുകളിലേയും ഭൗതിക സഹാചര്യങ്ങൾ മെച്ചപ്പെടുത്തുക.

7. അധ്യാപകരക്ഷാകർത്തൃസംഘടന മാതൃസംഗമം ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

8. എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും പ്രീ-പ്രൈമറി ക്ലാസ്സുകൾ തുടങ്ങുക.

9. പ്രീ-പ്രൈമറി- പ്രൈമറിതലങ്ങളിൽ അധ്യയന നിലവാരം മെച്ചപ്പെടുത്തി ഗുണനിലവാരമുള്ള മാതൃകാ വിദ്യാലയങ്ങളാക്കി മാറ്റുക.

10. ചെറിയനാടിൻേറ തെക്കൻ മേഖലയിലെ വിദ്യാർത്ഥികൾക്ക് പ്രയോജനം ചെയ്യത്തക്കവണ്ണം കൊല്ലകടവ് മുഹമ്മദൻ യു. പി. എസ് . ഹൈസ്കൂളായി ഉയർത്തുക.

11. ദേവസ്വം ബോർഡ് ഹൈസ്കൂൾ, എസ്.വ്വി. ജി. ഹൈസ്കൂൾ എന്നീവിദ്യാലങ്ങളിൽ പ്ലസ് ടൂ സൗകര്യം ഏർപ്പെടുത്തുക.

ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളെ സംബന്ധിക്കുന്ന വിവരം പട്ടികകളായി ചേർത്തിട്ടുണ്ട്.

## വിദ്യാലയവിവരങ്ങൾ

| സ്കൂളുകൾ | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 |
| High School | 9 | 49 | 58 | 698 | 785 | 1483 |
| U. P. School | 5 | 28 | 33 | 475 | 460 | 935 |
| L.P. School | 4 | 35 | 39 | 473 | 514 | 987 |
| Total | 18 | 112 | 130 | 1646 | 1759 | 3405 |

## S.S.L.C. വിജയ ശതമാനം

| Sl. No. | സ്കൂളിന്റെ പേര് | 1991 -92 | 92 - 93 | 93 -94 | 94 - 95 | 96 - 97 |
|---|---|---|---|---|---|---|
| 1 | S. V. G. H. S. ചെറിയനാട് | 72 | 68 | 64 | 66 | 54 |
| 2. | D. B. H. S., ചെറിയനാട് | 40 | 37 | 36 | 37.5 | 38 |

## സ്കൂളുകളുടെ പൊതു വിവരം

| Sl. No. | സ്കൂളിന്റെ പേര് | ഹൈസ്കൂൾ/ യു. പി./എൽ.പി | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | സ്കൂൾ ക്യാമ്പസിന്റെ വിസ്തീർണ്ണം |
|---|---|---|---|---|---|---|---|---|---|---|---|
| | | | സർക്കാർ | എയിഡഡ് | അൺഎയിഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | | |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | S.V.G.H.S., Cheriyanadu | HS | - | Aided | - | - | 113 | 741 | 854 | 31 | 3.5 ഏക്കർ |
| 2 | D.B.H.S. Cheriyanadu | HS | - | " | - | - | 585 | 44 | 629 | 27 | 3.48 "" |
| 3 | Moh. U.P.S. Kollakadavu | UPS | Govt | - | - | - | 296 | 297 | 593 | 20 | 1 " |
| 4 | S.N.V.U.P.S.Thuruthimel | U.P.S | - | Aided | - | - | 179 | 163 | 342 | 13 | 1.78 " |
| 5 | J.B.S. Cheruvalloor | LPS | Govt. | - | - | - | 71 | 47 | 118 | 5 | 0.50 സെന്റ് |
| 6 | C.M.S.L.P.S., Kollakadavu | LPS | - | Aided | - | - | 51 | 60 | 111 | 4 | 60 " |
| 7 | J.B.S., Cheriyanadu | LPS | Govt | - | - | - | 173 | - | 173 | 5 | 35" |
| 8 | J.B.G.S., Cheriyanadu | LPS | " | - | - | - | - | 258 | 258 | 9 | 75 " |
| 9 | നീലകണ്ഠ വിദ്യാപീഠം | LPS | | | | അംഗീകാരമില്ലാത്തത് | 61 | 36 | 97 | 7 | 80 " |
| 10 | സെന്റ് ജോസഫ്സ് (E.M.) | LPS | | | | " | 117 | 113 | 230 | 9 | 75 " |

# സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങളുടെ എണ്ണം | | | മുറികളുടെ എണ്ണം | | | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | നിലവിലുള്ള കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം കിണർ/പൈപ്പ് | വൈദ്യുതീകരണം ഉണ്ട് / ഇല്ല | പാചകമുറി | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകും/ഇല്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താല്ക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താല്ക്കാലികം | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| S.V.G.H.S., Cheriyanadu | 20. | 5 | - | - | 21 | - | - | 2 | 3 | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | മതി |
| D.B.H.S., Cheriyanadu | 17 | 4 | 1 | - | 17 | 3 | - | 2 | 1 | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | മതി |
| Moh.U.P.S., Kollakadve | 17 | 3 | 1 | 1 | 13 | 5 | 4 | 2 | 2 | കിണർ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| S.N.V.U.P.S., Thurthimel | 10 | 4 | 1 | - | 12 | - | - | 2 | 1 | പൈപ്പ് | ഉണ്ട് | ഇല്ല | ഉണ്ട് | മതി |
| J.B.S., Cheruvalloor | 5 | 1 | - | - | 7 | - | - | 1 | 1 | കിണർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| C.M.S.L.P.S., Kollakadve | 4 | 1 | - | - | 4 | - | - | 1 | 1 | കിണർ | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| J.B.S., Cheriyanadu | 5 | 1 | - | - | 9 | - | - | 1 | 1 | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| J.B.G.S., Cheriyanadu | 9 | 1 | - | - | 9 | - | - | 2 | 2 | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |

## കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| സ്റ്റാൻഡേർഡ് | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെ എണ്ണം | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | പഠിത്തം പൂർത്തിയാക്കാത്തവരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC . ST കുട്ടികളുടെ എണ്ണം | | | മറ്റുള്ളവർ | | | SC . ST കുട്ടികളുടെ എണ്ണം | | | മറ്റുള്ളവർ | | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| I | 215 | 194 | 409 | 46 | 24 | 70 | - | - | - | - | - | - | 1 | - | 1 | - | - | - | 1 |
| II | 202 | 200 | 402 | 32 | 37 | 69 | 3 | 1 | 4 | 5 | 10 | 15 | - | 1 | 1 | 2 | - | 2 | 3 |
| III | 157 | 159 | 316 | 20 | 18 | 38 | 4 | 1 | 5 | 2 | 6 | 8 | - | - | - | - | - | - | - |
| IV | 160 | 169 | 329 | 25 | 34 | 59 | 1 | 3 | 4 | 5 | 9 | 14 | - | - | - | - | - | - | |
| V | 154 | 142 | 296 | 21 | 14 | 35 | 6 | 0 | 6 | 10 | 4 | 14 | - | - | - | - | - | - | - |
| VI | 155 | 184 | 339 | 23 | 18 | 41 | 5 | 1 | 6 | 10 | 11 | 21 | - | - | - | - | - | - | - |
| VII | 188 | 178 | 366 | 35 | 14 | 49 | 7 | 0 | 7 | 19 | 9 | 28 | - | - | - | - | - | - | - |
| VIII | 132 | 186 | 318 | 43 | 9 | 52 | 7 | 0 | 7 | 6 | 10 | 16 | - | - | - | - | - | - | - |
| IX | 142 | 186 | 328 | 42 | 18 | 60 | 6 | 0 | 6 | 8 | 21 | 29 | - | 4 | 4 | - | 5 | 5 | 9 |
| X | 141 | 161 | 302 | 33 | 10 | 43 | - | - | - | - | - | - | - | - | - | - | - | - | - |
| ആകെ | 1646 | 1759 | 3405 | 320 | 196 | 516 | | | | | | | | | | | | | |

# ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം

ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ ഈ പഞ്ചായത്തു പ്രദേശത്തെ ജനങ്ങൾ രോഗചികിത്സക്കായി പാരമ്പര്യ നാട്ടുചികിത്സാ വൈദ്യൻമാരെയാണ് ആശ്രയിച്ചുവന്നത്. ആധുനിക ചികിത്സാ സ്ഥാപനങ്ങളൊന്നും തന്നെ ഇവിടുണ്ടായിരുന്നില്ല. വിദഗ്ധ ചികിത്സക്കായി ജനങ്ങൾ മാവേലിക്കര, ചെങ്ങന്നൂർ എന്നിവിടങ്ങളിലെ സർക്കാർ, സ്വകാര്യാശുപത്രികളെയാണ് ആശ്രയിച്ചിരുന്നത്. 1964-ൽ അരിയന്നൂർശ്ശേരി കരയോഗക്കെട്ടിടത്തിലാണ് ഗവ. അലോപ്പതി ഡിസ്പൻസറി ആരംഭിച്ചത്. അന്നത്തെ പഞ്ചായത്തു പ്രസിഡൻറായിരുന്ന ശ്രീ. പി. ആർ. രാമപ്പണിക്കരുടെ ശ്രമഫലമായിട്ടുകൂടിയാണ് ,1 ഏക്കർ സ്ഥലം സമ്പാദിച്ച് കെട്ടിടവും, 12 കിടക്കകളുള്ള വാർഡും നിർമ്മിച്ച് സർക്കാരിനു കൈമാറിയിട്ടുള്ളത്. ആ ഡിസ്പൻസറി പിന്നീട് ഒരു പ്രാഥമിക ആരോഗ്യകേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ഇവിടെ ആവശ്യത്തിന് ഡോക്ടർമാരും സ്റ്റാഫും ഇല്ല. അഞ്ഞൂറിൽ പരം രോഗികൾ നിത്യേന ഇവിടെ ചികിത്സക്കായി എത്തുന്നുണ്ട്. ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്. സാധാരണക്കാരുടെ ഏക ആശാകേന്ദ്രമായ ഈ സ്ഥാപനത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതടക്കമുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്. 3, 7, 10 വാർഡുകളിൽ മാതൃശിശു സംരക്ഷണ കേന്ദ്രം നിലവിലുണ്ട്. പഞ്ചായത്തിലെ തെക്കൻ മേഖലകൾക്ക് പ്രയോജനപ്പെടത്തക്കവിധം ഒരു മാതൃശിശു സംരക്ഷണകേന്ദ്രം കൂടി ഉണ്ടാകേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിൽ 1959-ൽ രജിസ്റ്റർ ചെയ്ത സ്റ്റാർച്ച് മാനുഫാക്ചറിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രവർത്തന ക്ഷമമല്ലാതെ വന്നതുകൊണ്ട് ലിക്വിഡേറ്റ് ചെയ്തപ്പോൾ പഞ്ചായത്തിനുസംഭാവന ചെയ്ത സ്ഥലവും കെട്ടിടവുംഉപയോഗപ്പെടുത്തിയാണ് 1983 മുതൽ പഞ്ചായത്തിനനുവദിച്ച ഗവ: ആയൂർവേദാശുപത്രി പ്രവർത്തനമാരംഭിച്ചത്. യാത്രാ സൗകര്യം കുറഞ്ഞ ഉൾ പ്രദേശത്താകയാൽ ആശുപത്രിയുടെ പ്രയോജനം കൂടുതലാളുകൾക്ക് ലഭിക്കുന്നില്ല. തൊട്ടടുത്ത ഓട്ടാഫീസ് ജംഗ്ഷനിലേക്ക് ഒരുനടപ്പാത നിർമ്മിക്കുകയാണെങ്കിൽ വളരെപ്പേർക്ക് ഈ സ്ഥാപനം പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്. ആയൂർവേദാശുപത്രിക്ക് 40 സെൻറ് സ്ഥലം സ്വന്തമായിട്ടുണ്ടെങ്കിലും ഒരു പുരോഗതിയും ഉണ്ടായിട്ടില്ല. വാർഡുകൾ പണിതും, ചുറ്റുമതിൽ കെട്ടിയും കൂടുതൽ ജീവനക്കാരെ നിയമിച്ചും അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്.

1990-ൽ ഈ പഞ്ചായത്തിന് സർക്കാർ അനുവദിച്ച ഹോമിയോ ആശുപത്രി 7-ാം വാർഡിൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ ഇപ്പോൾ കാര്യമായ പ്രവർത്തനമില്ലാത്ത 7-ാം വാർഡിൽ തന്നെയുള്ള -20 സെൻറ് സ്ഥലവും കെട്ടിടവും - മാതൃശിശു സംരക്ഷണ കേന്ദ്രത്തിലേക്ക് ഹോമിയോ ആശുപത്രി മാറ്റിയാൽ പഞ്ചായത്തിന് ഗണ്യമായ സാമ്പത്തിക നേട്ടം ഉണ്ടാകുന്നതാണ്. 7-ാം വാർഡിൽ തന്നെയുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൻെറ കോമ്പൗണ്ടിൽ പുതിയതായി നിർമ്മിച്ചിട്ടുള്ള പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത കെട്ടിടത്തിലേക്ക് മാതൃശിശു സംരക്ഷണ കേന്ദ്രം മാറ്റി പ്രവർത്തിപ്പിക്കാവുന്നതാണ്.

വിവിധ സമ്പ്രദായത്തിലുള്ള സർക്കാർ ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ ഉണ്ടെങ്കിലുംഈ ഗ്രാമത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് അവ വേണ്ടവിധം പ്രയോജനപ്പെടുന്നില്ല. അതിനാൽ ഈ സ്ഥാപനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തണം.

ഒരു ജനതയുടെ ആരോഗ്യത്തിൽ ഏറ്റവുമധികം സ്വാധീനം ശുദ്ധവായു, ശുദ്ധജലം, പാർപ്പിടം, പരിസര ശുചിത്വം എന്നിവയാണ്. ഈ ഗ്രാമത്തിൽ കൂടുതലാളുകളും കുടിവെള്ളത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. എന്നാൽ, വേനൽക്കാലത്ത് പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ കുടിവെള്ളക്ഷാമംരൂക്ഷമായനുഭവപ്പെടുന്നു. താണസ്ഥലങ്ങളിൽ ഉള്ള കിണറുകൾ വെള്ളപ്പൊക്ക കാലത്ത് വെള്ളം കയറി മലിനപ്പെടുന്നു.

ഡച്ചു ഗവൺമെൻറിൻെറ സാമ്പത്തിക സഹായത്തോടെ 1987-ൽ ആരംഭിച്ച 58 കി. മീ. ദൈർഘ്യംവരുന്ന ശുദ്ധജലവിതരണപദ്ധതി 89-ലാണ് കമ്മീഷൻ ചെയ്തത്. ഗ്രാമീണ ശുദ്ധജലവിതരണപദ്ധതികളുടെ കൂ

ട്ടത്തിൽ ബൃഹത്തായ ഒരു പദ്ധതിയാണിതെങ്കിലും പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് ഒരു പരിഹാരമായിട്ടില്ല. അതുപോലെ ആധുനികരീതിയിലുള്ള ട്രീറ്റ്മെൻറ് പ്ലാൻറ് ഇല്ലാത്തതിനാൽ ജലം പൂർണ്ണമായും ശുദ്ധീകരിക്കപ്പെടുന്നില്ല.

ഡച്ചുഗവൺമെൻറിൻെറ സാമ്പത്തിക സഹായത്തോടെ ഈ ഗ്രാമത്തിലെ കക്കൂസില്ലാതിരുന്ന എല്ലാ വീടുകൾക്കും കക്കൂസ് നിർമ്മിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. നൂറുശതമാനം കുടുംബങ്ങളും കക്കൂസ് ഉപയോഗിക്കുന്ന കേരളത്തിലെ ആദ്യത്തെ ഗ്രാമംഎന്ന ബഹുമതിയും ഈ പഞ്ചായത്തിനുണ്ട്. അതുകൊണ്ടുതന്നെ കുട്ടികളിൽ കാണുന്ന ജലജന്യരോഗങ്ങളും കൊക്കപ്പുഴു, വിരരോഗവും താരതമ്യേന ഇവിടെ കുറവാണ്. എന്നാൽ ഏറ്റവും ജനസാന്ദ്രതയുള്ള കൊല്ലകടവ് ഭാഗത്ത് പ്രവർത്തിക്കുന്ന അംഗീകൃത അറവുശാലയും, അതിൻെറ പരിസരപ്രദേശങ്ങളിൽ നടക്കുന്ന അനധികൃത ഇറച്ചിവെട്ടും ആ ഭാഗത്തെ ജനജീവിതം ദുസ്സഹമാക്കുന്നു. അവശിഷ്ടങ്ങൾ അലക്ഷ്യമായി ഉപേക്ഷിക്കുന്നതുകാരണം പക്ഷിമൃഗാദികൾ വഴികിണറുകളിലെത്തി കുടിവെള്ളം മലിനപ്പെടുന്നു. ഇതുകൂടാതെ, ഇവിടങ്ങളിൽ നിന്നെല്ലാം രൂക്ഷമായ ദുർഗ്ഗന്ധം ഉണ്ടാകുകയും വായുമലിനീകരണത്തിനിടയാവുകയും ചെയ്യുന്നു. അനധികൃത ഇറച്ചി വെട്ടു നിരോധിക്കേണ്ടതും അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിന് പ്രത്യേക ശാസ്ത്രീയ സംവിധാനം ഉണ്ടാകേണ്ടതുമാണ്. അറവുമാടുകൾക്ക് മൃഗഡോക്ടറുടെ സർട്ടിഫിക്കറ്റ് നിർബ്ബന്ധമാണെന്ന നിയമമുണ്ടെങ്കിലും, അതു പാലിക്കാത്തതുകാരണം പലവിധ രോഗങ്ങൾ ബാധിച്ച മാടുകളെപ്പോലും അറുത്തു വില്ക്കുന്നു. ഇതിനുപരിഹാരം ഉണ്ടാവേണ്ടതാണ്.

# പൊതുജനാരോഗ്യം

## പ്രശ്നങ്ങൾ

1. സർക്കാർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നില്ല.
2. ചുറ്റുമതിൽ, ഡോക്ടറുടെ ക്വാർട്ടേഴ്സ്, ലാബറട്ടറി, ഓപ്പറേഷൻ തിയേറ്റർ, എക്സ് റേ യൂണിറ്റ് തുടങ്ങിയവ ഇല്ല.
3. ആവശ്യത്തിന് ഡോക്ടറും മറ്റു ജീവനക്കാരും ഇല്ല.
4. 4 മണിക്കൂറുപോലും വൈദ്യസഹായം ലഭ്യമല്ല.
5. ഭൗതികസൗകര്യങ്ങൾ - ഫർണിച്ചർ, റീ വയറിംഗ്, ഫാൻ മുതലായവ - അപര്യപ്തമാണ്.
6. സർക്കാർ ആയുർവേദാശുപത്രിക്ക് ചുറ്റുമതിൽ ഇല്ല.
7. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഇല്ല.
8. വൈദ്യുതീകരിച്ചിട്ടില്ല.
9. യാത്രാസൗകര്യം കുറവാണ്.
10. ശുദ്ധ ജല സംവിധാനം തൃപ്തികരമല്ല.
11. ആവശ്യത്തിന് ഫർണീച്ചർ ഇല്ല.
12. സർക്കാർ ഹോമിയോ ആശുപത്രിക്ക് സ്വന്തമായി സ്ഥലവും, കെട്ടിടവും ഇല്ല.
13. ആവശ്യത്തിന് ഫർണിച്ചർ ഇല്ല.

## സാധ്യതകൾ

1. സർക്കാർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള നടപടികളുണ്ടാവണം.
2. പി. എച്ച്. സെൻററിന് ചുറ്റുമതിലും, ഡോക്ടറുടെ ക്വാർട്ടേഴ്സും, ഓപ്പറേഷൻ തീയേറ്ററും നിർമ്മിക്കണം.
3. ലാബറട്ടറി, എക്സ് റേ യൂണിറ്റ് ഇവ പുതിയതായി ഉണ്ടാവണം.
4. കൂടുതലായി ഒരു ഡോക്ടറേയും ആവശ്യത്തിന് മറ്റുജീവനക്കാരേയും നിയമിക്കുന്നതിനുള്ള നടപടിയുണ്ടാവണം.
5. 24 മണിക്കൂറും വൈദ്യസഹായം ലഭിക്കുന്ന സ്ഥാപനമായി ഈ ആശുപത്രി ഉയർത്തേണ്ടതുണ്ട്.
6. ഫർണിച്ചർ, റീവയറിംഗ്, ഫാൻ മുതലായ പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരമുണ്ടാകണം.
7. സർക്കാർ ആയൂർവ്വേദാശുപത്രിക്ക് ചുറ്റുമതിൽ നിർമ്മിക്കണം.
8. 20 കിടക്കുയുള്ള വാർഡ് ഉണ്ടാക്കണം.
9. വൈദ്യുത കണക്ഷൻ നൽകണം.
10. ആയുർവേദാശുപത്രി പടിക്കൽ നിന്നും ഓട്ടാഫീസ് ജംഗ്ഷനിലേക്ക് ഒരു നടപ്പാത നിർമ്മിക്കണം.
11. ടി ആശുപത്രിയിലേക്ക് ശുദ്ധജലം എത്തിക്കണം.

12. ആശുപത്രി ആവശ്യത്തിന് വേണ്ട ഫർണിച്ചറുകൾ ലഭ്യമാക്കണം.
13. സർക്കാർ ഹോമിയോ ആശുപത്രിക്ക് സ്വന്തമായ സ്ഥലവും കെട്ടിടവും ഉണ്ടാകണം. 7-ാം വാർഡിൽ തന്നെ പ്രവർത്തിക്കുന്ന മാതൃശിശു സംരക്ഷണ കേന്ദ്രം പി. എച്ച്. സി. കോമ്പൗണ്ടിലെ കെട്ടിടത്തിലേക്കു മാറ്റുകയും, മതിയായ സ്ഥലവും സൗകര്യങ്ങളും ഉള്ള, മാതൃശിശു സംരക്ഷണ കേന്ദ്രമായി പ്രവർത്തിച്ച കെട്ടിടത്തിലേക്ക് ഹോമിയോ ആശുപത്രി മാറ്റി സ്ഥാപിക്കുകയും ചെയ്താൽ പഞ്ചായത്തിന് വമ്പിച്ച സാമ്പത്തിക നേട്ടം ഉണ്ടാവുന്നതാണ്.
14. ഹോമിയോ ആശുപത്രിക്ക്, ആവശ്യത്തിന് ഫർണിച്ചർ ഉണ്ടാവണം.

# കുടിവെള്ളം

## പ്രശ്നങ്ങൾ

I- a) ലക്ഷം വീട് കോളനി - മുട്ടുംപാട്ടു കടവ്,
b) പനച്ചമൂട് - പാറപ്പുറം - പൂമാട്ടിപുഞ്ച
c) നെടുവക്കാട് കോളനി
d) രണ്ടാം വാർഡിൽ കൊല്ലൻെറ പടിമുതൽ തെക്കോട്ട്,
e) ചരുവുപറമ്പിൽ ഭാഗം-മോടിയിൽ ഭാഗം
f) മുട്ടത്തുകാട്ടിൽ പടി - ഉമ്മരപ്പള്ളിൽ പട്ടികജാതി കോളനി,
g) കുറ്റിയിൽ പടി - താമരശ്ശേരി പട്ടികജാതികോളനി
h) തോട്ടുമുഖം - പി. എച്ച്. സി.
i) കുളഞ്ഞിത്തറ - പട്ടികജാതി കോളനി മേൽപറഞ്ഞ ഭാഗങ്ങളിൽ കുടിവെള്ള ക്ഷാമമുണ്ട്. പൈപ്പ് ലൈൻ ഇല്ല.

II പരിഭ്രമമലയിലെ അംബേദ്കർ ഗ്രാമത്തിൽ രൂക്ഷമായ കുടിവെള്ള പ്രശ്നമുണ്ട്. ഈ ഗ്രാമത്തിലെ ഏറ്റവും ഉയർന്ന സ്ഥലമായ ഇവിടെ അമ്പത് കുടുംബങ്ങൾ തമാസിക്കുന്നു.

## സാധ്യതകൾ

1. പ്രശ്നങ്ങളിൽ (a) മുതൽ (I) വരെയുള്ള പ്രാതിപാക്കുന്ന റോഡുകളിൽ പൈപ്പ് ലൈൻ നീട്ടി ശുദ്ധജലം എത്തിക്കണം.
2. പരിഭ്രമമലയ്ക്കു തനതായി ഒരു മിനി ശുദ്ധജല വിതര ണപദ്ധതി ഉണ്ടാവണം.

# പരിസരശുചിത്വം

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ പലഭാഗങ്ങളിലും ചപ്പുച്ചവറുകളും, കടകമ്പോളങ്ങളിലെ അവശിഷ്ടങ്ങളും പൊതുനിരത്തുകളിലേക്ക് എറിയപ്പെടുന്നതുമൂലം പരിസരമലിനീകരണം ഉണ്ടാവുന്നു.
2. വിവിധ സ്ഥലങ്ങളിൽ മലിന ജലം കെട്ടിനിൽക്കുന്നതിനാൽ കൊതുകുശല്യം വർദ്ധിച്ചിരിക്കുന്നു.
3. കൊല്ലകടവ് മാർക്കറ്റിലും പരിസരത്തുമുള്ള അവശിഷ്ടങ്ങൾ അലക്ഷ്യമായി ഉപേക്ഷിക്കുന്നു. ഇത് ജലമലിനീകരണത്തിനും വായുമലിനീകരണത്തിനും ഇടയാകുന്നു.
4. കൊല്ലകടവ് ചന്തയും പരിസരവും ശുചിയായി സൂക്ഷിക്കുന്നില്ല.

## സാധ്യതകൾ

1. ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനും നീക്കം ചെയ്യുന്നതിനും സംവിധാനം ഉണ്ടാകണം.
2. കെട്ടിനില്ക്കുന്ന മലിനജലം ഒഴുക്കിവിടുന്നതിനുള്ളസൗകര്യം ഏർപ്പെടുത്തുന്നതോടൊപ്പം കാലാകാലങ്ങളിൽ മരുന്നു തളിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.
3. ആധുനികരീതിയിലുള്ള അറവുശാല നിർമ്മിക്കണം
4. കൊല്ലകടവ് ചന്തയ്ക്കു ഫുൾടൈംസ്വീപ്പർ ഉണ്ടെങ്കിലും ചന്തയും പരിസരവും ശുചിയായിസൂക്ഷിക്കപ്പെടുന്നില്ല. കാര്യക്ഷമമായ പ്രവർത്തനം ഉണ്ടാകേണ്ടതാണ്. ചപ്പുചവറുകൾ ഉപയോഗിച്ച് കമ്പോസ്റ്റ് നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കണം.

## പട്ടിക -1

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | ഇനം. കെട്ടിടം സ്വന്തം/വാടക. | ഉദ്യോഗസ്ഥ രുടെ എണ്ണം. | സ്ഥാപിച്ച വർഷം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1. | പ്രാഥമിക ആരോഗ്യകേന്ദ്രം | ഗവ. സ്വന്തം | 18 | 1964 |
| 2. | ഹോമിയോ ആശുപത്രി ഗവ. | വാടക | 5 | 1990 |
| 3. | ആയുർവേദാശുപത്രി | ഗവ. സ്വന്തം | 4 | 1983 |

## പട്ടിക

## രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ

| സ്ഥാപനം | വർഷം | ഇൻപേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | ത്വക്ക് രോഗം | വാതരോഗം (എല്ലാ വിഭാഗം) | പകർച്ച വ്യാധികൾ | വിഷ ചികിത്സ | മറ്റുള്ള | ആകെ |
|---|---|---|---|---|---|---|---|---|---|
| പ്രാഥമിക ആരോഗ്യ കേന്ദ്രം | 1992-93 | 201 | 8053 | 1025 | 160 | - | - | 7069 | 8254 |
| ആയുർവേദം | ,, | - | 22564 | 6679 | 13538 | | | 2347 | 22564 |
| ഹോമിയോ | ,, | | 43232 | 6917 | 8646 | | | 27669 | 43232 |
| പ്രാഥമികാ രോഗ്യകേന്ദ്രം | 1993-94 | 149 | 8085 | 642 | 372 | | | 7071 | 8234 |
| ആയുർവേദം | ,, | | 23613 | 7083 | 14167 | | | 2363 | 23613 |
| ഹോമിയോ | ,, | | 45882 | 7341 | 9176 | | | 29365 | 45832 |
| പ്രാഥമിക ആരോഗ്യ കേന്ദ്രം | 1994-95 | 93 | 7048 | 370 | 972 | | | 5706 | 7141 |
| ആയുർവേദം | ,, | | 15271 | 3817 | 10689 | | | 765 | 15271 |
| ഹോമിയോ | ,, | | 43199 | 6912 | 8612 | 8640 | | 27647 | 43199 |
| പ്രാഥമിക കേന്ദ്രം | 1995-96 | 35 | 5894 | 175 | 742 | | | 4977 | 5929 |
| ആയുർവേദം | ,, | | 20417 | 8166 | 10208 | | | 2043 | 20417 |
| ഹോമിയോ | ,, | | 49017 | 7843 | 9803 | | | 31371 | 49017 |

# വ്യവസായം

വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് ചെറിയാനട്. ഏഴുപതിറ്റാണ്ടുകൾക്കു മുമ്പ് ഒരു മേച്ചിൽ ഓടു ഫാക്ടറി പ്രവർത്തിച്ചിരുന്നു. പ്രവർത്തനം തുടങ്ങാതെ നിലച്ചുപോയ ഒരു സ്റ്റാർച്ച് മാനുഫാക്ച്ചറിംഗ് കോ-ഓപ്പറ്റേീവ് സൊസൈറ്റി ഇവിടെ ഉണ്ടായിരുന്നു. സഹകരണമേഖലയിൽ ഒരു പവ്വർലൂം (നെയ്ത്തു യൂണിറ്റ്) യൂണിറ്റ് ഉണ്ടായിരുന്നു. ഇതിൻെറ പ്രവർത്തനം നിലച്ചിട്ട് ഒരു ദശാബ്ദമാകുന്നു. നെയത്തു യൂണിറ്റിന് സ്വന്തമായുള്ള സ്ഥലവും കെട്ടിടവും ഉപകരണങ്ങളും ഉപയോഗിമില്ലാതെ കിടക്കുന്നു. 50-ൽപ്പരം അംഗങ്ങൾ ചേർന്ന്, ഖാദി ആൻറഡ് വില്ലേജ് ഇൻഡസ്ട്രീ രജിസ്ട്രേഷനോടുകൂടി നടത്തിയിരുന്നു ഒരു കൈക്കുത്തരി വ്യവസായ യൂണിറ്റിൻെറ പ്രവർത്തനവും നിലച്ചിട്ട് പതിറ്റാണ്ടുകളായി. ഈ സ്ഥാപനത്തിൻെറ പേരിലുള്ള സ്ഥലവും കെട്ടിടവും ഇന്ന് അനാഥമാണ്.

ഇപ്പോൾ സ്വകാര്യ മേഖലയിൽ ഒരു തടികടച്ചിൽ യൂണിറ്റു പ്രവർത്തിക്കുന്നുണ്ട്. 5- വെൽഡിംഗ് യൂണിറ്റുകളും ഒരു തടി അറക്കമില്ലും, നാല് അച്ചടിശാലകളും ഉണ്ട്. ഡി.ഡബ്ല്യൂ. സി. ആർ.എ. സ്കീം പ്രകാരം പലവ്യഞ്ജനങ്ങൾ പൊടിയാക്കി വിപണനം നടത്തുന്ന വനിതാ യൂണിറ്റും ഉണ്ട്. പട്ടികജാതി സഹകരണ സംഘത്തിൻെറ ആഭിമുഖ്യത്തിൽ മെറ്റൽ നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നു. റെഡിമെയ്ഡു വസ്ത്ര നിർമ്മാണയൂണിറ്റും. പാക്കിംഗ് കവർ നിർമ്മാണ യൂണിറ്റും, മൂന്ന് എണ്ണയാട്ടുമില്ലുകളും അഞ്ചു നെല്ലു കുത്തുമില്ലുകളും പ്രവർത്തിക്കുന്നു.

പരമ്പരാഗത തൊഴിലായ കുട്ടാ, വട്ടി, മുറം, പായ ഇവയുടെ നിർമ്മാണവും ചുരുക്കം ചില ഭാഗങ്ങളിൽ നടക്കുന്നു. ഈ രംഗത്ത് പൊതുവെ ഇന്ന് മുരടിപ്പാണ് കാണുന്നത്.

നാല് നാടൻ ഇഷ്ടിക കളങ്ങളും രണ്ട് ഇഷ്ടിക ഫാക്ടറികളും (വയർകട്ട് ബ്രിക്സ്) പ്രവർത്തിക്കുന്നു.

## പ്രശ്നങ്ങൾ

1. വ്യാവസായിക മേഖലയിൽ തൊഴിലവസരങ്ങൾ കുറവ്
2. സാങ്കേതിക പരിശീലനത്തിനുള്ള സൗകര്യക്കുറവ്.
3. വായയ്പ ലഭ്യതക്കുള്ള കാലതാമസം
4. പരമ്പരാഗത കൈത്തൊഴിലുകാരുടെ കുറവ്
5. പവർലൂം പ്രവർത്തനരഹിതമാണ്.
6. വനിതാ കൈക്കുത്തരിയൂണിറ്റ് പ്രവർത്തനം രഹിതം.
7. വനിതാ വ്യവസായ സംരംഭങ്ങളുടെ അഭാവം.

## സാധ്യതകൾ

1. തെങ്ങ്, റബ്ബർത്തടികൾ ശാസ്ത്രീയ രീതിയിൽ സംസ്ക്കരിച്ച് കെട്ടിട നിർമ്മാണ സാമഗ്രികളും വീട്ടുപകരണങ്ങളും നിർമ്മിക്കുന്ന വ്യവസായ യൂണിറ്റ് ആരംഭിക്കുക.
2. വ്യവസായ സംരംഭകർക്ക് സാങ്കേതിക പരിജ്ഞാനവും പരിശീലനവും നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
3. വായ്പ ലഭിക്കുന്നതിന്നുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും വായ്പ ലഭ്യമാക്കുകയും ചെയ്യുക.
4. പരമ്പരാഗത കൈത്തൊഴിലുകാരുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അസംസ്കൃത വസ്തുക്കളും ധനസഹായവും വിപണന സൗകര്യവും ഉണ്ടാക്കുക.
5. പ്രവർത്തനരഹിതമായ പവ്വർലൂം ലിക്വിഡേറ്റുയെിച്ച് പഞ്ചായത്തിന് കൈമാറിക്കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം പഞ്ചായത്തിൻെറ ഉടമസ്ഥതിയിലുംഉത്തരവാദിത്വത്തിലും പ്രവർത്തനം പുനരുജ്ജീവിക്കുക.
6. കൈക്കുത്തരി യൂണിറ്റിൻെറ സ്ഥലവും കെട്ടിടവും പഞ്ചായത്തിൻെറ ഉടമസ്ഥതയിലാക്കി, റെഡിമെയ്ഡു വസ്ത്ര നിർമ്മാണയൂണിറ്റും, അച്ചാർ, സ്ക്വാഷ് തുടങ്ങിയ ഭക്ഷ്യ സംസ്കരണ യൂണിറ്റും ഉണ്ടാക്കുക.

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്, പൊതുവിതരണം

നാടിൻെറ വികസനത്തിൽ റോഡുകൾക്ക് സുപ്രധാ നമായ പങ്കാണുള്ളത്. കാർഷികവാണിജ്യ വിഭവങ്ങളുടെ കൊടുക്കൽ വാങ്ങലുകൾക്കും ഗതാഗതത്തിനും റോഡു കൾ അനിവാര്യമാണ്. പഞ്ചായത്തു സംവിധാനം നില വിൽ വരുന്നതിനു മുമ്പ് ചെറിയനാട് പടനിലം വഴി കടന്നുപോകുന്ന മാവേലിക്കര- കോഴഞ്ചേരി സംസ്ഥാന ഹൈവേയും കോടുകുളഞ്ഞി വഴി കടന്നുപോകുന്ന കൊല്ലകടവ് ചെങ്ങന്നൂർ റോഡും ടാർ ചെയ്ത റോഡുകൾ ആയി നിലനിൽക്കുന്നു. 1952 -ൽ കൊല്ലകടവിൽ പാലം വരുന്നതിന് മുമ്പ് ചെറിയനാടു, തഴക്കര പഞ്ചായത്തുക ളെ ബന്ധിപ്പിക്കുന്നതിന് ചെങ്ങാടക്കടത്ത് ഉണ്ടായിരുന്നു.

പഞ്ചായത്തുനിലവിൽ വന്നതിനുശേഷം ധാരാളം റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. വാഹനഗതാഗത യോഗ്യമായ 58.45 കി. മീറ്റർ ഗ്രാവൽ (കച്ച) റോഡും 7.31 കി. മീറ്റർ പഞ്ചായത്തു ടാർ റോഡും25 കി. മീ. പി. ഡബ്ല്യു.ഡി. ടാർ റോഡും ഉണ്ട്. എണ്ണക്കാട്ട്-മാമ്പ്രപ്പാടം റോഡ്, ഓട്ടാഫീസ്-പേരിശ്ശേരി റോഡ്, പുളിഞ്ചുവട്-അത്തലക്കടവു റോഡ്, കൊല്ലകടവ്- വെൺമണി-കുളനടറോഡ് ഇവയാണ് P.W.D. റോഡുകൾ

കൊല്ലം-കോട്ടയം റയിൽപ്പാത ഈ ഗ്രാമത്തിലൂടെ കടന്നുപോകുന്നു. 5,6,8 വാർഡുകളിലൂടെ $4^1/_2$ കി.മീറ്റർ നീളത്തിൽ ഈ പാതയുണ്ട്. ഓർഡിനറി ട്രയിനുകൾക്കു മാത്രം സ്റ്റോപ്പുള്ള ഒരു റയിൽവേസ്റ്റേഷൻ ഇവിടെയുണ്ട്. ആദ്യകാലങ്ങളിൽ വേണാട്, തുടങ്ങിയ എക്സ്പ്രസ് ട്രയിനുകൾക്കും സ്റ്റോപ്പ് അനുവദിച്ചിരുന്നു. പതിനഞ്ച് ഹെക്ടറോളം സ്ഥലം റയിൽവേയുടേതായി ഉണ്ട്. വളരെയധികം വികസന സാധ്യതയുള്ള ഈ സ്റ്റേഷൻെറ നില ഇന്ന്പരിതാപകരമാണ്. എം. പി. മാരുടേയും എം.എൽ.മാരുടേയും നേതൃത്വത്തിൽ വമ്പിച്ച ബഹുജന പ്രക്ഷോഭങ്ങൾ നടത്തിയിട്ടും സ്റ്റേഷൻെറ ശോച്യാവസ്ഥക്ക് യാതൊരുമാറ്റവും ഉണ്ടായിട്ടില്ല. സ്റ്റേഷൻെറ വികസനവും എക്സ്പ്രസ് ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്ന കാര്യവും എല്ലാം തന്നെ വനരോദനമായി ഇന്നുംഅവശേഷിക്കുന്നു. കേരളത്തിനു പുറത്തും വിദേശരാജ്യങ്ങളിലും പണിയെടുക്കുന്ന ധാരാളം ആളുകൾ ഉള്ള ഒരു പഞ്ചായത്താണെങ്കിലും റിസർവേഷനുംമറ്റും ചെങ്ങന്നൂർ റയിൽവേ സ്റ്റേഷനെ ആശ്രയിക്കേണ്ട അവസ്ഥയാണ്. ഇതും ഈ സ്റ്റേഷൻെറ വികസനത്തിന് തടസമായിനിൽക്കുന്ന ഘടകമാണ്.

പട്ടിക 1

## പ്രശ്നങ്ങൾ

1. റോഡുകളുടെ ഗുണനിലവാരമില്ലായ്മ
2. റോഡപകടങ്ങൾ
3. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിലുള്ള ശ്രദ്ധക്കുറവ്.
4. റയിൽവേ സ്റ്റേഷനിൽ ദീർഘദൂര എക്സ് പ്രസ് ട്രെയിനുകൾക്ക് സ്റ്റോപ്പില്ല.
5. റിസർവേഷൻ സൗകര്യമില്ല.
6. 15 ഹെക്ടർ ഭൂമി റയിൽവേ സ്റ്റേഷൻെറ വികസനത്തിനായി ഉപയോഗപ്പെടുത്തുന്നില്ല.

## സാധ്യതകൾ

1. റോഡിന് അനുവദിക്കുന്ന ടാറും മെറ്റലും മണലും മറ്റും കൃത്യ അളവിലും അനുപാതിലും ചൂഷണം ഒഴിവാക്കി പ്രയോജനപ്പെടുത്തുക. അത്യാധുനിക സാങ്കേതിക വിദ്യ റോഡു നിർമ്മാണത്തിൽ ഉപയോഗിക്കുക. റോഡുകളുടെ നിർമ്മാണത്തിൽ ഗുണഭോക്താക്കളുടെ ഉത്തരവാദിത്വം ഉറപ്പുവരുത്തുക. എഞ്ചിനീയറിംഗ് വിഭാഗത്തിൻെറ കാര്യക്ഷമത വർദ്ധിപ്പിക്കുക. ഓടകൾ വേണ്ടിടത്തു കൃത്യമായും ഉണ്ടാക്കുക.
2. റോഡപകടങ്ങൾ ഒഴിവാക്കുവാൻ വലിയ വളവുകളും, തിരുവുകളും ഒഴിവാക്കി റോഡ് നിർമ്മിക്കുക. ട്രാഫിക് നിയമങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
3. റോഡുകൾ താറുമാറാകുന്നതിന് മുമ്പ് അറ്റകുറ്റപ്പണികൾ നടത്തുക.
4. ചെറയനാടു റയിൽവേസ്റ്റേഷനിൽ ദീർഘദൂര എക്സ്പ്രസ് ട്രയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുക.
5. റിസർവേഷൻ സൗകര്യം വർദ്ധിപ്പിക്കുക.
6. 15ഹെക്ടർ ഭൂമി റെയിൽവേയുടെ വകയായി ഉള്ളതുകൊണ്ട് ഇതൊരു ക്രോസിംഗ് സ്റ്റേഷനായി ഉയർത്തണം.

# പഞ്ചായത്തു റോഡുകൾ

| ക്രമ നം: | വാർഡ് | റോഡിൻേറ പേര് | നീളം കി.മീ. | വീതി മീ. | റിമാർക്സ് |
|---|---|---|---|---|---|
| 1. | I | പനച്ചമൂട്ടിൽ പടി- നല്ലൂർപടി റോഡ് | 0.600 | 4 | |
| 2 | | ചെറുവല്ലൂർ അമ്പലം- നെടുവക്കാട്ട് കോളനി | 0.800 | 4 | |
| 3 | | പഴംചിറ- ചേറ്റാളപുഞ്ച | 1.400 | 6 | |
| 4 | | വരിക്കോലിപടി - നല്ലൂർ കുളം റോഡ് | 1.000 | 4 | |
| 5 | | കല്ലടാൽ പടി-ശുഭാനന്ദാശ്രമം റോഡ് | 1.00 | 4 | |
| 6 | | ഇള്ളാമിറ്റം (മെയിൻറോഡ്) കുരിച്ചിക്കട്ട | 0.900 | 4 | |
| 7 | | ഓട്ടാഫീസ് - കാറേടത്തുപടി പുത്തൻപുരുമുക്ക് | 0.800 | 4 | (III-ൽ ആരംഭിക്കുന്നു) |
| 8 | | വിളവീട്ടിൽപടി- പുത്തൻപുര റോഡ് | 1.000 | 4.5 | |
| 9 | | ആയുർവ്വേദാശു പത്രി - നല്ലൂർകുളം റോഡ് | | | |
| 10 | | ഞാഞ്ഞൂക്കാട് മുക്ക് - മുട്ടുംപാട് കടവ് റോഡ് | 0.6000 | 5.5 | |
| 11 | | പട്ടൻെറയ്യത്തു കോളനി - പാവൂർ പടിറോഡ് | | 1.000 | 3.5 |
| 12 | II | ഇളളാമിറ്റം - കളിക്കുംവിള റോഡ് | | 0.400 | 4 |
| 13 | | ആഞ്ഞിലിച്ചുവട് - പാറേൽപടിറോഡ് | 0.8800 | 6 | |
| 14 | | തോണ്ടലിപടി-നെടുംപറമ്പ് റോഡ് | 0.300 | 3 | |
| 15 | | പഴം ചിറ -പട്ടൻറയ്യത്ത് കോളനി- സഞ്ചായക്കടവ് റോഡ് | 1.000 | 4.5 | |
| 16 | | സഞ്ചായക്കടവ്-പള്ളികിഴക്കേതിൽപടി | 0.300 | 4 | |
| 17 | | പള്ളികിഴക്കേതിൽപടി-പട്ടൻറയ്യത്ത് കോളനി | 0.700 | 4 | |
| 18 | | ആലിൻെറ മുക്ക് - പട്ടൻെറയ്യത്തു പടി- കാവിൻേറ മുക്ക് റോഡ് | 0.400 | 3 | |
| 19 | | പഴംചിറ - മദ്രസ പടി റോഡ് | 0.500 | 3.5 | |
| 20 | | മലയിൽ പടി - കള്ളോട്ടുപടിറോഡ് | 0.400 | 5.5 | |
| 21 | III | ഇല്ലിക്കുളത്ത് കാവ് - കടയ്ക്കൽ പള്ളം | 0.700 | 6 | |
| 22 | | മുല്ലശ്ശേരിവടക്കേപടി-കടയ്ക്കൽപള്ളം | 0.350 | 3.5 | |
| 23 | | മണ്ണാടിയ്ക്കൽപടി-മലേപടി റോഡ് | 0.375 | 4 | |
| 24 | | തയ്യിൽ കളീയ്ക്കൽ പടി - മലേപടിറോഡ് | 0.300 | 4 | |

| ക്രമ നം: | വാർഡ് | റോഡിൻേറ പേര് | നീളം കി.മീ. | വീതി മീ. | റിമാർക്സ് |
|---|---|---|---|---|---|
| 25 | | നെടിയത്തുപടി - മുല്ലശ്ശേരി വടക്കേപടി | 0.200 | 4 | |
| 26 | | ബാലവാടി - തുരപ്പനപടിറോഡ് | 0.200 | 4 | |
| 27 | | കുലേകുന്നുപടി - പാമ്പനം റോഡ് | 0.300 | 5 | |
| 28 | | പുരവിളയിൽപടി- ഓട്ടാഫീസ് | 0.200 | 3.5 | |
| 29 | | കല്ലുവിളപടി - പുത്തൻ പുരയ്ക്കൽപടി | 0.400 | 5 | |
| 30 | | S.N.D.P. ജംഗ്ഷൻ- കിളിക്കനേത്തു മുക്ക് | 0.450 | 4.5 | |
| 31 | | കല്ലുവിള പടികനാൽ - പൊയ്കയിൽ പടി | 0.300 | 4 | |
| 32 | | മൗട്ടത്തുപടി - പൊയ്ക കിഴക്കേതിൽ (കനാൽ) | 0.500 | 6 | (III & IV) |
| 33 | | കീഴേടത്തുപടി - ഇടമുറി റോഡ് | 0.400 | 4 | |
| 34 | IV | നെടവക്കോട്ടു പടി - സ്റ്റേഡിയം റോഡ് | 0.300 | 4 | |
| 35 | | കുഴിയത്തുപടി - കൈരളി ഗ്രന്ഥശാല റോഡ് | 0.400 | 4 | |
| 36 | | മോടിയിൽ പടി - ആലക്കോട് റോഡ് | 0.400 | 4 | |
| 37 | | ആലക്കോട് ജംഗ്ഷൻ-കുരണ്ടിപ്പള്ളിശ്ശേരി (കനാൽ പാലം) | 0.800 | 4 | |
| 38 | | കവലയ്ക്കൽപടി - കോപ്പായിപാടം | 0.200 | 4 | |
| 39 | | മെയിൻ റോഡ് - പൊയ്കയിൽ (കൊല്ലകാടവ് ചായക്കട) | 0.100 | 4 | |
| 40 | | കൊല്ലകാടവ് മാർക്കറ്റ് ജംഗ്ഷൻ-ചാവടിവടക്കേ പടി | 0.100 | | |
| 41 | | കൊല്ലകാടവ് പാലം - കനാൽ പടി റോഡ് | 0.250 | 4 | |
| 42 | | വട്ടക്കുഴി - പള്ളിപടി റോഡ് | 0. 300 | 4 | |
| 43 | V | മുകളയ്യത്തു പടി- കടയിക്കാട് S.N.D.P.മന്ദിരം റോഡ് | 0.500 | 8 | |
| 44 | | ശിശുവിഹാർ-തറയിൽ കാടവ് റോഡ് | 0.200 | 4.5 | |
| 45 | | കൊച്ചുമലയിൽ പടി - അറയ്ക്കൽപടി | 0.500 | 4 | |
| 46 | | കൊച്ചുവീട്ടിൽ പടി - ചെട്ടിയാലിൽപടി ശിശുവിഹാർ പടിറോഡ് | 0..250 | | |
| 47 | | കളീയ്ക്കൽപടി- റയിൽവേ ലൈൻ റോഡ് | 0.200 | 4 | |
| 48 | | പൂതക്കുഴി പടി - പൂതക്കുഴി പടീറ്റേതിൽ റോഡ് | 0.200 | 4 | |
| 49 | | നെടിയത്തുപടി-പന്തല്ലാവിൽ പടി | 0.200 | 4 | |
| 50 | | കല്ലുവെട്ടയ്യത്തുപടി - എരിയ്ക്കകത്തുമുക്ക് | 0.600 | 5 | |
| 51 | | കുളത്തിൻെറ തെക്കേതിൽ - കുഴിയത്തുകാവ് റോഡ് | 0.300 | 4 | |
| 52 | | കുഴിയത്തു കിഴക്കേതിൽ പടി - മാർത്തോമാ ചർച്ച് -മാലയിൽ ജംഗ്ഷൻ | 0.600 | 4.5 | |
| 53 | | കൊച്ചുപ്ലാവിളപടി- പുത്തൻ പാലത്തുകാവ് | 0.200 | 4 | |
| 54 | | കൊച്ചുപ്പാവിളപ്പടി-പുത്തൻ പാലത്തുകാവ് | 0.200 | 4 | |

| ക്രമ നം: | വാർഡ് | റോഡിൻെറ പേര് | നീളം കി.മീ. | വീതി മീ. | റിമാർക്സ് |
|---|---|---|---|---|---|
| 55 | VI | മുറിപ്ലാവിളപടി -കളത്രകുറ്റിറോഡ് | 0.700 | 5.5 | |
| 56 | | കുളഞ്ഞിയേത്ത് പടി - കണ്ണങ്കരേത്ത് | 0.350 | 5 | |
| 57 | | കുളത്തിൻെറ തെക്കേതിൽ-പ്ലാക്കോട്ടുപടി റോഡ് | 1.600 | 5 | |
| 58 | | കടുവിനാൽപടി- പ്ലാക്കോട്ടുപടി റോഡ് | 1.400 | 8 | |
| 59 | | ഒറ്റപ്ലാവിളപടി - കരിപ്പുറം പുഞ്ച റോഡ് | 0.300 | 4 | |
| 60 | | ചരുവിൽപടി - കളീയ്ക്കൽ കാവ് | 0.600 | 5 | |
| 61 | | പെരിങ്ങറപ്പടി -ദേവസ്വം ബോർഡ് ഹൈസ്കൂൾ റോഡ് | 0.500 | 4 | |
| 62 | | അയോദ്ധ്യ പടി-കരിപ്പുറമാലി | 0.300 | 4 | |
| 63 | | ചിറ്റേത്തുപടി-മുളവേലിപടി റോഡ് | 0.325 | 3 | |
| 64 | | പാറക്കത്തറ പടി -പാലപ്പുറത്തുപടി | 0.200 | 4 | |
| 65 | | കുളഞ്ഞിയേത്തു പടി - മുട്ടുംപാട് റോഡ് | 0.250 | 4 | |
| 66 | | സുബ്രഹ്മണ്യക്ഷേത്രം - തേവരപ്പാടം റോഡ് | 0.200 | 3 | |
| 67 | VII | ഇല്ലിക്കുളത്ത് കാവ് - തയ്യിൽ പടി റോഡ് | 1.000 | 4 | |
| 68 | | ചരുവിൽപടി - ഇലഞ്ഞിനിൽക്കും പടി | 0.400 | 3.5 | |
| 69 | | കണിയിടയ്യത്തുപടി - തട്ടയ്ക്കാട്ടുപടി | 0.750 | 5 | |
| 70 | | കോയിപ്പുറത്തു മുക്ക് - IHDP കോളനി റോഡ് | 0.900 | 4.5 | |
| 71 | | പുത്തൂർപടി - പുത്തൻ വീട്ടിൽ പടി | 0.400 | 4.5 | |
| 72 | | താനോലിപടി - പെരുമ്പപാടം റോഡ് | 0.250 | 3.5 | |
| 73 | | കോളശ്ശേരിപടി - കല്ലൂരേത്ത് പടി റോഡ് | 0.400 | 4 | |
| 74 | | വല്യത്തുപടി- മുല്ലശ്ശേരിപടി | 0.500 | 4 | |
| 75 | | അത്തിമൺപടി - കൊട്ടാരത്തിൽ പടി | 0.500 | 6 | |
| 76 | | പി. എച്ച്. സി. - പ്ലാങ്കൂട്ടത്തിൽ പടി റോഡ് | 0.400 | 5 | |
| 77 | | പ്ലാങ്കൂട്ടത്തിൽ പടി - ഇടമുറി റോഡ് | 0.900 | 4 | |
| 78 | | നെടിയത്തുപടി-കുറവിഴത്തോട് | 0.350 | 5 | |
| 79 | | കുറ്റിയിൽപടി- താമരശ്ശേരികോളനി | 0.300 | 3.5 | |
| 80 | VIII | വാഴ്‌വേലിയത്ത് പടി- D. B. H. S | 0.500 | 5 | |
| 81 | | റെയിൽവേ ഗേറ്റ് - തോമ്പിലേത്ത് പടി | 0.200 | 3 | |
| 82 | | കുറ്റിയിൽപടി - റയിൽവേ ക്രോസ് - ചിറക്കൽ പടി റോഡ് | 0. 500 | 4 | |
| 83 | | കാവിൽപടി - തോമ്പിലേത്ത് (സെൻറ് ജോസഫ്സ് സ്കൂൾ വഴി) | 0.200 | 4 | |
| 84 | | പുതുപ്പള്ളിത്തറ പടി - തുമ്പിനാൽ പടി | 0.675 | 3.5 | |

| ക്രമ നം: | വാർഡ് | റോഡിൻേറ പേര് | നീളം കി.മീ. | വീതി മീ. | റിമാർക്സ് |
|---|---|---|---|---|---|
| 85 | | അണ്ടയ്ക്കാട് പടി - പന്ത്രണ്ടിൽ പടി | 0.800 | 4 | |
| 86 | | പരുവക്കോട്ടു തറവഴി- റെയിൽവേ റോഡ് S.N.D.P. മന്ദിരം വഴി) | 0.800 | 5 | |
| 87 | | പുതുപ്പള്ളി മുത്തേടത്ത്പടി -മണിലിത്തറപടി | 0.250 | 3 | |
| 88 | | പാറപ്പുറത്തുപടി - കുളഞ്ഞിത്തറകോളനി റോഡ് | 0.100 | | |
| 89 | | ഗുരുമന്ദിരം - റയിൽവേ ക്രോസ് റോഡ് | 0.250 | 4 | |
| 90 | | കുന്നിനേത്തുപടി-പണിക്കശ്ശേരി പടി | 0.200 | 5 | |
| 91 | | ഓവർ ബ്രിഡ്ജ് - ഊരുത്തററോഡ് | 0.200 | 5 | |
| 92 | | തിരുവാമ്പാടി - കണ്ണങ്ങാട്ടിൽ പടി | 0.250 | 3 | |
| 93 | | പുലിമുഖത്തയ്യത്തുപടി -പെരുമ്പ ( പള്ളിപടിവഴി) | 0.200 | 3 | |
| 94 | | പ്ലാമൂട്ടിൽ പടി - തേനാലിൽപടി | 0.400 | 3 | |
| 95 | IX | പൈങ്ങാലിൽ പടി-ഊരിത്തറപടി | 0.800 | 5 | |
| 96 | | തോണ്ടത്തറപടി - പണിക്കശ്ശേരിപടി | 0.300 | 6 | |
| 97 | | പണിക്കശ്ശേരി പടി-താനോലിപടി | 0.250 | 4 | |
| 98 | | ഇളവൂർ പടി - മംഗലത്തുകുഴിപടി | 0.550 | 4.5 | |
| 99 | | മൂലേപ്പടി - പരിഭ്രമമല അബേദ്കർ കോളനി | 1.450 | 6 | |
| 100 | | മൂലേപ്പടി - അമറ്റിത്തറപടി റോഡ് | 0.800 | 6 | |
| 101 | | ചിറമേൽപടി - ചരുവിൽ പടി റോഡ് | 0:700 | 6 | |
| 102 | | ചിറ്റടിപടി - ചിറപ്പുറത്തുപടി റോഡ് | 0.300 | 6 | |
| 103 | | മരുന്നൂർ പടി - പണിയിലേത്ത് പടി റോഡ് | 0.300 | 4 | |
| 104 | | കുറ്റിയിൽ പടി-അംബേദ്കർ കോളനി ചരുവിൽ പടി റോഡ് | 0.650 | 6 | |
| 105 | | പ്ലാവിളയിൽ പടി - തയ്യിൽ പടി | 0.200 | 5 | |
| 106 | | മുറിയായ്ക്കത്തറ പടി - മണലേൽപടി റോഡ് | 0.600 | 4 | |
| 107 | | തേവരേത്തുപടി-വേലത്തേൽ പടി | 0.350 | 4 | |
| 109 | X | മലയിൽ പടി - പുതുപ്പള്ളി മുത്തേടത്തുറോഡ് | 1.200 | 8 | |
| 110 | | കടകംപള്ളിപടി - തുണ്ടിയിൽപടി | 0.200 | 3 | |
| 111 | | ആനിക്കാട്ടുപടി-കുന്നിനേത്തുപടി റോഡ് | 0.250 | 5 | |
| 112 | | കടവറ - ഓരുതറപടിറോഡ് | 0.400 | 5 | |
| 113 | | ചിറക്കരുമ്പിൽപടി - ഉപരികുന്നം ജംഗ്ഷൻ | 0.800 | 4 | |
| 114 | | പടാരത്തിൽപടി - തേവർപാടം | 0.200 | 4 | |
| 115 | | കോക്കാപ്പള്ളിപടി - വാഴ്വേലേത്ത് പടി | 0.500 | 3 | |
| 116 | | ചെറുവള്ളിപടി - വാഴ്വേലേത്തുപടി | 0.600 | 4 | |
| | | ആകെ | 58.485 | - | |

# പഞ്ചായത്തു വക ടാർ ചെയ്ത റോഡുകൾ

| ക്രമ നം: | വാർഡ് | റോഡിൻേറ പേര് | നീളം കി.മീ. | വീതി മീ. | റിമാർക്സ് |
|---|---|---|---|---|---|
| 1 | II | ആഞ്ഞിലിചുവട് - തൈവിള പടി റോഡ് | 0.200 | 8 | |
| 2 | | ആലക്കോട്-മാമ്പ്രപാടം ചെറുമക്കാട് | 0.400 | 8 | |
| 3 | IV | കൊല്ലകടവ് ജംഗ്ഷൻ-സഞ്ചായകടവ് | 0.800 | 8 | |
| 4 | | മെയിൻ റോഡ്- കൊല്ലകടവ് മാർക്കറ്റ് (കിഴക്കേ ആലുംചുവട്) | 0.400 | 8 | |
| 5 | V | കടയിക്കാട് -അറയ്ക്കൽ കോളനി | 0.900 | 8 | |
| 6 | | കൊല്ലകടവ് ജംഗ്ഷൻ വള്ളക്കാവ് | 0.600 | 8 | |
| 7 | VI & VIII | പടനിലം - കാവിൽ പടി | 1.200 | 8 | |
| 8 | VIII | കുളിയ്ക്കാം പാലം - കാടൻമാവ് | 1.210 | 8 | |
| 9 | VIII & X | പാറയിൽ പടി- ലങ്കാ റോഡ് | 0.850 | 8 | |
| 10 | IX | S.N. കോളജ് ജംഗ്ഷൻ -മാളേയ്ക്കൽപടി | 0.750 | 8 | |
| | | ആകെ | 7.310 | | |

## റോഡുകളെ സംബന്ധിച്ച് ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങൾ മുൻഗണനാക്രമത്തിൽ

| വാർഡ് | മുൻഗണനാ ക്രമത്തിൽ | റോഡിൻേറ പേര് | നീളം കി. മീ. | വീതി കി. മീ. |
|---|---|---|---|---|
| I | 1 | പഴംചിറ- വെൺമണി റോഡ് | | |
| | 2 | കളീക്കൽപടി - മുട്ടുമ്പാട്ടു കടവുറോഡ് | | |
| | 3 | കൊച്ചുപനന്തറയിൽ പടി- അറുമ്പുകുഴിപാടം | | |
| | 4 | അമ്പലമുക്ക് - നെടുവക്കാട് കോളനി | | |
| | 5 | പുത്തൻ പുരപടി - കുറിച്ചിക്കാടു റോഡ് | | |
| | 6 | നല്ലൂർകുളം - ചെറുവല്ലൂർ റോഡ് | | |
| | 7 | പനച്ചിമൂട് -നെടുവക്കാട് റോഡ് | | |
| | 8 | ഞാഞ്ഞുക്കാട് കോളനി - മുട്ടുമ്പാട് കടവ് റോഡ് | | |
| | 9 | കാവിൻെറ വടക്കെപ്പടി - കരിനെട്ടുമണ്ണിൽ വരെ | | |
| | 10 | കോട്ടൂർപടി - കാഞ്ഞിരമൂട്ടിൽ പടി റോഡ് | | |
| II | 1 | ആഞ്ഞിലിച്ചുവട് - നല്ലൂർക്കുളം റോഡ് ടാർ ചെയ്യുക | | |
| | 2 | പഴഞ്ചിറ - പട്ടൻറയ്യത്തു കോളനി റോഡ് ടാർ ചെയ്യുക | | |
| | 3 | വടക്കെപ്പടി- ആയൂർവേദാശുപത്രി റോഡ് ടാറിടുക | | |

| വാർഡ് | മുൻഗണനാ ക്രമത്തിൽ | റോഡിൻെറ പേര് | നീളം കി. മീ. | വീതി കി. മീ. |
|---|---|---|---|---|
| | 4 | കളിക്കും വിളപടി - പുത്തൻപുരപടി ലിങ്ക് റോഡ് ഉൾപ്പെടെ. | 2 | |
| | 5 | മുഹമ്മദൻസ് യു. പി. സ്കൂൾ - മെയിൻറോഡ് ടാറിംഗ് | | |
| | 6 | കണിയാം പടി - വെങ്കുളം ചാൽ | | |
| | 7 | മുകുളയ്യത്തുപടി മുതൽ വടക്കോട്ട് റോഡ് സ്ലാബ് ഇട്ട് ശരിയാക്കുക | | |
| | 8 | മുസ്ലീം പള്ളിമുതൽ- ലക്ഷം വീട് കോളനി റോഡ് | | |
| | 9 | സഞ്ചായക്കടവ് - പള്ളിയുടെ കിഴക്ക് - പഴഞ്ചിറ റോഡ് ടാറിംഗ് | | |
| III | 1 | ഇല്ലിക്കുളത്തു കാവ്- തോട്ടുമുഖം- ഇടമുറി റോഡ് ടാറിംഗ് | | |
| | 2 | മൗട്ടത്തുപടി - പുളിഞ്ചുവട് റോഡ് | | |
| | 3 | ഓട്ടാഫീസ്- മന്നത്ത് - പ്ലാന്തറ കോളനി റോഡ് നിർമ്മിക്കുക | | |
| | 4 | പടിപ്പുരയ്ക്കൽ -പാലച്ചുവട് കോഴിമണ്ണിൽ പടി റോഡ് മണ്ണിട്ടുയുർത്തി വീതികൂട്ടുക | | |
| | 5 | മുല്ലശ്ശേരിപടി - കടയ്ക്കൽ പള്ളം റോഡ് വീതികൂട്ടി ഓട നിർമ്മിച്ച് ശരിയാക്കുക | .300 | |
| | 6 | മലയിൽപടി - മണ്ണാടിയ്ക്കൽ പടി റോഡ് | .300 | |
| | 7 | നെടിയത്തു മുക്ക് - മാവിള പടി റോഡ് | .300 | |
| | 8 | മുല്ലശ്ശേരിപ്പടി - നെടിയത്തു മുക്ക് റോഡ് മണ്ണിട്ടുയുർത്തുക | | |
| | 9 | കല്ലുവിളപടി - പുത്തൻപുരയ്ക്കൽ റോഡ് | | |
| | 10 | പൊയ്കയിൽ പടി-താച്ചയിൽ മുക്ക് റോഡ് | | |
| IV | 1 | മൗട്ടത്തു പടി - വെട്ടത്തുവിള - പുളിഞ്ചുവട് റോഡ് ടാറിംഗ് | | |
| | 2 | കൊല്ലകടവ് കവലയ്ക്കൽ പടി - കുരണ്ടിപ്പള്ളിശ്ശേരി- ആലക്കോട് റോഡ് | | |
| | 3 | ആലക്കോടു കുളം - കുഴിയത്തു റോഡ് ടാറിംഗ് | | |
| | 4 | മൗട്ടത്തുപടി - സ്റ്റേഡിയം റോഡ് | | |
| | 5 | പമ്പാ ഇറിഗേഷൻ കനാലിനുകുറകെ വെട്ടത്തുവിള പടിയിൽ ഫുട്ട് പാത്ത് (നടപ്പാത) നിർമ്മിക്കുക | | |
| | 6 | കവലയ്ക്കൽ പടി - സ്റ്റേഡിയം റോഡ് | | |
| | 7 | മാർക്കറ്റ് റോഡ് ടാർ ചെയ്യുക | | |
| | 8 | ചാവടി വടക്കേൽ പടി മുതൽ മെയിൻ റോഡിൽ നിന്നും കിഴക്കോട്ട് മാർക്കറ്റ് - വെൺമണി റോഡ് | | |
| V | 1 | കടയിക്കാട് - ശിശുവിഹാർ-അറയ്ക്കൽ കോളനി റോഡ് ടാറിംഗ്. | | |
| | 2 | മലയിൽ പടി - കുഴിയത്തുകടവ്- റോഡ് | | |
| | 3 | ചാമക്കാല - ശ്മശാനം റോഡ് | | |
| | 4 | വള്ളക്കടവ്-കൊല്ലകടവ് റോഡ് റീ-ടാറിംഗ് | | |
| | 5 | ശിശുവിഹാർ - ഉച്ചിയ്ക്കൽ കടവ് റോഡ് ടാറിംഗ് | | |
| | 6 | വള്ളക്കടവ് - കുഴിയത്ത്- ശിശുവിഹാർ റോഡ് | | |
| | 7 | S.N.D.P. മന്ദിരം-വെട്ടിക്കാട് മലവരെയുള്ള റോഡ് | | |

| വാർഡ് | മുൻഗണനാ ക്രമത്തിൽ | റോഡിൻെറ പേര് | നീളം കി. മീ. | വീതി കീ. മീ. |
|---|---|---|---|---|
| IV | 1 | കടുവിനാൽ പടി - പ്ലാക്കോട്ടുപടി റോഡ് - ടാറിംഗ് ചെയ്യുക. | | |
| | 2 | മുറിപ്ലാവിളപ്പടി - കളത്രക്കുറ്റി കോളനി റോഡ് ടാറിംഗ് | | |
| | 3 | ചിറ്റേത്തുപടി - മുളവേലിപ്പടി - തേവരക്കുളം പാടം-ക്ഷേത്രപ്പടി റോഡ് | | |
| | 4 | മൗട്ടത്തുപടി - കളത്തറക്കുറ്റി റോഡ് | | |
| | 5 | അയോദ്ധ്യപടി - കരിപ്പുറം മാലി റോഡ് ചപ്പാത്ത് നിർമ്മിച്ച് വീതികൂട്ടുക | | |
| | | ചെറുകരപ്പടി- തേവരപ്പാടം റോഡ് | | |
| | 7 | ശ്രീവിലാസം ഡിസ്പൻസറി - ചക്കാലയിൽ -തേവരപ്പാടം റോഡ് | | |
| | 8 | പെരിങ്ങറപ്പടി - D.B.H.S റോഡ് | | |
| | 9 | ചരുവിനേത്തുപടി - വാഴക്കാലപ്പടി റോഡ് | | |
| | 10 | ഒറ്റപ്ലാവിളപ്പടി - കരിപ്പുറം പാടം റോഡ് | | |
| | 11 | ചരുവിൽ പടി - കളീയ്ക്കൽ കാവ് റോഡ് | | |
| VII | 1 | ഇല്ലിക്കുളത്തു കാവ് - നെടുവിനാൽപ്പടി - തയ്യിൽപ്പടി റോഡ് | | |
| | 2 | കണിയാൻപടി - കോളേജ് ജംഗ്ഷൻ റോഡ് | | |
| | 3 | തട്ടയ്ക്കാട്ടു പടി -കണിയടയ്യത്തുപടി റോഡ് | | |
| | 4 | അത്തിമൺപടി - ആശുപത്രിപടിറോഡ് ടാറിംഗ് | | |
| | 5 | അത്തിമൺ പടി - താമരശ്ശേരി കോളനി റോഡ് റടാറിംഗ് | | |
| | 6 | പ്ലാങ്കൂട്ടത്തിൽ പടി - ഇടമുറി റോഡ് | | |
| | 7 | ഇടമഠത്തിൽ പടി - താനുവേലിൽ പടിറോഡ് | | |
| | 8 | കോളശ്ശേരിപടി - ആവണികോളനി IHDP റോഡ് ടാറിംഗ് | | |
| | 9 | ഇടമുറി- ആശുപത്രി മുക്ക് റോഡ് | | |
| | 10 | ചരുവിൽ - ഇലഞ്ഞിനിൽക്കുന്നതിൽ പടിറോഡ് | | |
| VIII | 1 | കാഞ്ഞിരപ്പുഴ - പന്ത്രണ്ടിപടി റോഡ് ടാറിംഗ് | | |
| | 2 | പുതുപ്പള്ളിത്തറ-തുമ്പിനാൽ റോഡ്- ബണ്ട് നിർമ്മിക്കുക. | | |
| | 3 | കുളിക്കാം പാലം - കാടമ്മാവ് റോഡ് റീ-ടാറിംഗം | | |
| | 4 | ഓവർ ബ്രിഡ്ജ് - ഊരിത്തറ കോളനി - എസ്. എൻ. കോളജ് റോഡ് | | |
| | 5 | മാടയ്ക്കാപള്ളി-ദേവസ്വം ബോർഡ് ഹൈസ്കൂൾ റോഡ് ടാറിംഗ് | | |
| | 6 | കുറ്റിയിൽ പടി -ചിറയ്ക്കൽ പടി റോഡ് | | |
| | 7 | റെയിൽവെ ക്രോസ്-പെരുമ്പ റോഡ് | | |
| | 8 | കൊപ്പയ്ള്ളി പടി -മണൽതറപ്പടി ബണ്ട് നികത്തി റോഡ് നിർമ്മിക്കുക. | | |
| | 9 | കുളത്തിനേത്തുപടി - റെയിൽവേ റോഡ് | | |
| | 10 | ഗുരുമന്ദിരം -റെയിൽവേ റോഡ് | | |
| | 11 | കുളഞ്ഞിത്തറ-കോളനി റോഡ് | | |
| | | | | |

| വാർഡ് | മുൻഗണനാ ക്രമത്തിൽ | റോഡിൻെറ പേര് | നീളം കി. മീ. | വീതി കി. മീ. |
|---|---|---|---|---|
| IX | 1 | കടവിൽപടി - S.N.V.U.P.S. തോമ്പിൽപടി റോഡ് | | |
| | 2 | സാംസ്കാരിക നിലയം-ചിറയിൽ പടി -വാഴയിൽപടി ചിറപ്പുറത്തു പടി- മൂലയിൽ പടി റോഡ് | | |
| | 3 | ഓവർ ബ്രിഡ്ജ് - ഊരിത്തറപടി - തോന്തത്തറ- പൈങ്ങാലിൽ പടി റോഡ് | | |
| | 4 | അംബേദ്കർ - ആമക്കുഴി റോഡ് | | |
| | 5 | എസ്. എൻ. കോളജ് - തയ്യിൽ - താനോലിൽപടി റോഡ് | | |
| | 6 | മുഴങ്ങത്തിൽപടി - ചിറപ്പുറത്തു പടി റോഡ് | | |
| | 7 | മംഗലത്തുപടി -പതിയാൻെറ പടി റോഡ് | | |
| | 8 | കാരക്കച്ചിറപ്പടി - അമറ്റിത്തറ റോഡ് | | |
| | 9 | തറയിൽപടി - വരവുതറപടി റോഡ് | | |
| X | 1 | കൊയ്പള്ളിപ്പടി - മലയിൽ പടി റോഡ് ടാറിംഗ് | | |
| | 2 | കടവറ - ഓരുതറ - അണ്ടക്കാട്ടു റോഡ് | | |
| | 3 | ചിറക്കരുമ്പിൽ - ഉപരികുന്ന ം റോഡ് ടാറിംഗ് | | |
| | 4 | കോക്കാപ്പള്ളി - ആലുംതറ റോഡ് പുതുതായി നിർമ്മിക്കുക. | | |
| | 5 | ഉപരികുന്നം - പുലിമുഖം റോഡ്, ടാറിംഗ് | | |
| | 6 | ആലിക്കാട്ടുപടി - കുന്നിനേത്തുപടി റോഡ് ടാറിംഗ് | | |
| | 7 | വാഴയിലേത്തുപടി - ചെറുവള്ളി- മാടയ്ക്കാപ്പള്ളി റോഡ് മണ്ണിട്ടുനികുത്തുക | | |
| | 8 | കല്ലൂർ പടി - കടകം പള്ളി റോഡ് നീർക്കെട്ടുമാറ്റുക | | |

# ഊർജ്ജം

1950-കളുടെ മധ്യത്തിൽ ഈ പഞ്ചായത്തിലെ ഏതാനും വീടുകളിൽ വൈദ്യുതി ലഭിച്ചതോടുകൂടി വിദ്യൂച്ഛക്തി ഉപയോഗം തുടങ്ങി. ഇന്ന് ചുരുക്കം ചില പ്രദേശങ്ങളിലേ വൈദ്യുതി എത്താതെയുള്ളു.

ഈ പഞ്ചായത്തിൽ തെരുവു വിളക്കുകൾ കത്തിക്കുന്നതിൻെറ ചാർജായി പ്രതിവർഷം 1,66,476 രൂപാ ബോർഡിലേക്ക് അടക്കുന്നുണ്ട്. എന്നാൽ നിലവിലു ള്ള തെരുവുവിളക്കുകളിൽ നാലിലൊന്നുപോലും ബോർഡിൻെറ അനാസ്ഥമൂലം കത്തുന്ന സ്ഥിതിയല്ല ഇന്നുള്ളത്.

## വൈദ്യുത ഉപഭോക്താക്കളുടെ വിവരം

| ഇനം | നമ്പർ |
|---|---|
| ഗാർഹികം | 2665 |
| വ്യാപാരം | 135 |
| വ്യാവസായികം | 27 |
| കാർഷികം | 10 |

## കണക്ഷൻ ലഭിക്കുന്നതിന് കാത്തിരിക്കുന്നവർ

| | |
|---|---|
| ഓർഡിനറി കണക്ഷൻ | 110 |
| O.T.P. | 18 |
| O.Y.E.C. | 35 |

## സ്ട്രീറ്റ് ലൈറ്റുകളുടെ വിവരം

| | |
|---|---|
| ബൾബുകൾ | 639 |
| ട്യൂബുകൾ | 60 |
| സോഡിയം വേപ്പർ ലാമ്പ് | 3 |

## വൈദ്യുതീകരിച്ച കോളണികൾ

1. ചെറുമിക്കാട് കോളണി
2. പട്ടൻറയ്യത്തു കോളണി
3. മാമ്പ്ര കോളണി
4. കുരണ്ടിപ്പള്ളിശ്ശേരി കോളണി
5. അറക്കൽ കോളണി
6. കളത്രക്കുറ്റിക്കോളണി
7. ഇടമുറി കോളണി
8. എള്ളാവിള കോളണി
9. താമരശ്ശേരി കോളണി
10. ആവണി കോളണി
11. ഉമ്മരപ്പള്ളി കോളണി
12. വരാപ്പുഴ ലക്ഷം വീടു് കോളണി
13. പടാരത്തിൽ കോളണി
14. അംബേദ്കർ കോളണി
15. ഊരിത്തറ കോളണി
16. മാളിയേക്കൽച്ചിറ കോളണി
17. കുളഞ്ഞിത്തറ കോളണി
19. മണ്ടപരിയാരം കോളണി
20. ചരുവിൽ ലക്ഷം വീടു കോളണി
21. മേപ്പള്ളത്തു കോളണി

## ട്രാൻസ്ഫോമറുകളുടെ പേരുവിവരം

| | | | |
|---|---|---|---|
| 1 | കൊല്ലകടവ് | 6 | പഴഞ്ചിറ |
| 2 | ആലക്കോട് | 7 | ചെറുമിക്കാട്ട് |
| 3 | പുളിഞ്ചുവട് | 8 | അയോദ്ധ്യാ |
| 4 | ചെറുവല്ലൂർ | 9 | അറക്കൽ |
| 5 | കടയിക്കാട് | 10 | കളത്തറക്കുറ്റി |

| | | | |
|---|---|---|---|
| 11 | താമരശ്ശേരി | 15 | അംബേദ്കർഗ്രാമം |
| 12 | തോട്ടുമുഖം | 16 | ആവണി |
| 13 | മുത്തേടുത്തുമുക്ക് | 17 | ഇടമുറി |
| 14 | തുരുത്തിമേൽ | 18 | ചെറിയനാട് - I |
| | | 19 | ചെറിയനാട് - II |

# പ്രശ്നങ്ങൾ

1. വോൾട്ടേജു ക്ഷാമം നിലനിൽക്കുന്നു.
2. കത്താത്ത തെരുവുവിളക്കുൾക്ക് കറണ്ടുചാർജ് അടക്കേണ്ട ദു:സ്ഥിതി
3. പട്ടികജാതിക്കാരുടേയും ദുർബ്ബലവിഭാഗക്കരുടേയും മുന്നൂറോളം വീടുകൾ വൈദ്യുതീകരിച്ചിട്ടില്ല.
4. തെരുവു വിളക്കുകളില്ലാത്ത റോഡുകൾ

# സാധ്യതകൾ

1. വോൾട്ടേജുക്ഷാമം പരിഹരിക്കുന്നതിന് മൂന്നാം വാർഡിൽ വെട്ടത്തുവിളയിൽപ്പടി, 5-ാം വാർഡിൽ കല്ലുവെട്ടയ്യത്തു ജംഗ്ഷൻ, 8-ാം വാർഡിൽ മാടക്കാപ്പള്ളിപ്പടി എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

2. പഞ്ചായത്തിൽ പൊതുക്കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന കറണ്ടിന് മീറ്റർ റീഡിംഗ് സമ്പ്രദായം ഏർപ്പെടുത്തി ഉപയോഗിക്കുന്ന വൈദ്യുതിക്കുമാത്രം ചാർജ് ഈടാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക. ബൾബുകളും ട്യൂബുകളും വാങ്ങുന്നതിനുള്ള അധികാരവും അതിനാവശ്യമായഫണ്ടും പഞ്ചായത്തുകൾക്കുനൽകുന്നതിനുള്ള നടപടി സർക്കാർ ഭാഗത്തു നിന്നും ഉണ്ടാകുന്നതോടൊപ്പം ഒരു ഓവർസിയറുടെ കീഴിൽ രണ്ടു ലൈൻ മാൻമാരും നാലുഹെൽപ്പറുമാരും ഉൾക്കൊള്ളുന്ന ഒരു ടീം ഗ്രാമപഞ്ചായത്തുകളുടെ നിർദ്ദേശനുസരണം പ്രവർ ത്തിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുക

3. പട്ടികജാതിയിൽപ്പെട്ട 200-വീടുകളും ദുർബ്ബല വിഭാഗത്തിൽപ്പെട്ട 300-വീടുകളും വയറിംഗ് നടത്തി വൈദ്യുതീകരിക്കേണ്ടതുണ്ട്.

4. 8-ാം വാർഡിൽ കൊയ്പ്പള്ളിൽപ്പടി റോഡിലും അണ്ടക്കാടുപടി പന്ത്രണ്ടിൽപ്പടി റോഡിലും, പുതുപ്പള്ളി തറതൂമ്പിനാൽ പടി റോഡിൽ പോസ്റ്റു സ്ഥാപിച്ചു ലൈൻ വലിക്കുക.

6-ാം വാർഡിലും കുളഞ്ഞേത്തുപടി കണ്ണങ്കാരേത്തുകാവു പോസ്റ്റുസ്ഥാപിച്ചു ലൈൻ വലിക്കുക. ചിറ്റേത്തു പടി മുളവേലിൽപ്പടി ലൈൻ വലിക്കുക. ശ്രീ വിലാസം ഡിസ്പെൻസറി - ചക്കാലയിൽ - തേവലക്കുളം റോഡിൽ പോസ്റ്റിട്ട് ലൈൻ വലിച്ചസ്ട്രീറ്റ് ലൈറ്റു സ്ഥാപിക്കുക.

7-ാം വാർഡിൽ നെടുന്തറഭാഗത്തേക്ക് കടുമ്പിശ്ശേരിപ്പടിയിൽ നിന്ന് പോസ്റ്റിട്ട് ലൈൻവലിച്ചു വൈദ്യുതി എത്തിക്കണം.

5 സ്ട്രീറ്റ് മെയിൻ വലിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട റോഡുകളുടെ വിവരം

a) പനച്ചമൂട്ടിൽപ്പടി-ഞാറക്ക-നല്ലൂർപ്പടി റോഡ്
b) നല്ലൂർക്കുളം കലവറത്തോടു റോഡ്
c) ഞാഞ്ഞൂക്കാടുകോളനി-മുട്ടംപാട്ടുകടവുറോഡ്
d) അമ്പഴവേലിപ്പടി- നെടുവക്കാട്ടു കോളനി റോഡ്
e) മുസ്ലീംപള്ളി -കോളനിറോഡ്
f) തട്ടക്കാട്ടുപടി-കണിയിടയ്യത്തുപടി റോഡ്
g) കൊട്ടാരത്തിൽപ്പടി- അത്തിമൺപടി റോഡ്
h) സ്റ്റേഡിയത്തിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക.

9. പ്രധാന ജംഗ്ഷനുകളിലും ആരാധനാലയങ്ങളുടെ സമീപത്തും ട്യൂബ് ലൈറ്റു സ്ഥാപിക്കുക.

10. ചിറപ്പുറത്തുപടി- ഇളങ്ങള്ളൂർ മാലി-തയ്യിൽപ്പടി പോസ്റ്റിട്ട് ലൈൻ വലിക്കുക.

11. പട്ടൻറയ്യത്തു കോളനി പടി മുതൽ സഞ്ചയക്കടവ് റോഡ്

12. ആയുർവ്വേദ ആശുപത്രിക്ക് മുകളിലായിട്ടുള്ള റോഡിൽ ലൈൻ വലിക്കുക.

ഇന്ധനക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന ഈ പഞ്ചായത്തിൽ അനർട്ടിൻെറ സഹായത്തോടെ ഇന്ധന പ്രതിസന്ധി പരിഹരിക്കുന്നതിന് പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം വ്യാപകമാക്കാവുന്നതാണ്. ഗോബർ ഗ്യാസ് പ്ലാൻറുകളുടെ ഉപയോഗം വർദ്ധിപ്പിച്ചാൽ പ്രകാശ ഊർജ്ജപ്രതി സന്ധിക്കും താപോർജ്ജ പ്രതിസന്ധിക്കും ചെറിയ തോതിൽ പരിഹാരമാകും. സൂര്യതാപത്തിൽ നിന്ന് ഊർജ്ജം ഉല്പാദിപ്പിച്ച് വൈദ്യുതി ക്ഷാമത്തിന് പരിഹാരം കാണാവുന്നതാണ്.

# മാർക്കറ്റ്

ഈ പഞ്ചായത്തിലെ 4-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന മാർക്കറ്റ് രാമറാവു തിരുവിതാംകൂർ ദിവാനായിരുന്ന കാലത്ത് ആരംഭിച്ചതാണ്. റവന്യൂ വകുപ്പിൻെറ കീഴിലായിരുന്നു ഈ ചന്ത 1962-ൽ കേരള പഞ്ചായത്ത് ആക്ട് നിലവിൽ വന്നതോടെ പഞ്ചായത്തിൻെറ അധീനതയിലായി. സമീപപ്രദേശങ്ങളിൽ മറ്റു ചന്തകൾ ഇല്ലാതിരുന്നതിനാൽ എല്ലാ ദിവസങ്ങളിലും പ്രവർത്തനമുള്ള ഈ മാർക്കറ്റിന് വളരെയേറെ പ്രാധാന്യം ഉണ്ടായിരുന്നു. ഇപ്പോൾ ഇതിൻെറ പ്രാധാന്യം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഗേറ്റു പിരിവ് കൂടുതലാക്കിയതിനാൽ ഉല്പന്നങ്ങൾ സമീപ പ്രദേശങ്ങളിലെ ചന്തകളിൽ വിറ്റഴിക്കപ്പെടുന്നതായി കാണുന്നു. ചന്തയും പരിസരവും വൃത്തിഹീനവും ദുർഗന്ധ പൂരിതവുമാണ്. കശാപ്പുമാടുകളുടെ അവശിഷ്ടങ്ങൾ പരിസരമലിനീകരണത്തിന് കാരണമാകുന്നു.

കഴിഞ്ഞ പഞ്ചായത്തിൻെറ കാലത്ത് തുരുത്തിമേൽ പ്രദേശത്ത് ഒരു അന്തിച്ചന്ത ആരംഭിച്ചു. 20 സെൻറ് സ്ഥലം പഞ്ചായത്തു വിലക്കുവാങ്ങി മണ്ണിട്ടു നികത്തി സൗകര്യപ്പെടുത്തിയിട്ടുള്ളതാണ്. പ്രാരംഭഘട്ടത്തിൽ തന്നെ അതിൻെറ പ്രവർത്തനം നിലച്ചു കിടക്കുകയാണ്. കുളിക്കാം പാലത്തും പടനിലത്തും നല്ല നിലയിൽ പ്രവർത്തിക്കുന്ന അന്തിച്ചന്തകൾ ഉള്ളതുകൊണ്ട് ഇതിന് പ്രസക്തി ഇല്ലാതെയായി. ചെറിയനാടിൻെറ വടക്കേയറ്റത്ത് ആയതുകൊണ്ടും തൊട്ടടുത്ത് ചന്തകൾ ഉള്ളതുകൊണ്ടും ഈ ചന്തയിൽ ചരക്കുകളും കച്ചവടക്കാരും വരുന്നില്ല.

ചെറിയനാടു പഞ്ചായത്തിലെ 3, 6, 7, 8, 10 വാർഡുകളുടെ കേന്ദ്രമായ പടനിലത്ത് നല്ല നിലയിൽ പ്രവർത്തിക്കുന്ന അന്തിച്ചന്തക്ക് സ്വന്തമായിസ്ഥലമില്ല. റയിൽവേ പുറംപോക്കിനോടു ചേർന്ന് വഴിയോരത്താണ് കച്ചവടം നടത്തുന്നത്. യാത്രാ സൗകര്യവും മറ്റനുകൂല സാഹചര്യങ്ങളും ഉള്ളതുകൊണ്ട് ഈ ചന്തക്ക് സ്വന്തമായി സ്ഥലവും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തിയാൽ നല്ല നിലയിൽ പ്രവർത്തിക്കാൻ കഴിയും, ടി അഞ്ചു വാർഡുകളിലെ കൃഷിക്കാർക്കും മറ്റുള്ളവർക്കും വളരെയധികം പ്രയോജനകരമായിരിക്കും എന്നതിനുപുറമേ പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗവുമായിത്തീരും.

## പ്രശ്നങ്ങൾ

1. കൊല്ലകടവ് ചന്തയുടെ പ്രാധാന്യം കുറഞ്ഞുവരുന്നു.
2. ഗേറ്റു പിരിവുകൂടുതൽ
3. ചുമട്ടുതൊഴിലാളികളുടെ അന്യായമായ കൂലി ഈടാക്കൽ
4. ശുചിത്വമില്ലായ്മ
5. പടനിലം ചന്തക്ക് സ്വന്തമായി സ്ഥലമില്ല.
6. തുരുത്തിമേൽ ചന്ത പ്രവർത്തിക്കുന്നില്ല.

# സാധ്യതകൾ

1. ചന്തയിൽഎത്തുന്ന ചരക്കുകൾ ഇടനിലക്കാർ രാത്രിയിൽത്തന്നെ വാങ്ങി മറിച്ചു വില്ക്കുന്നു. പ്രഭാതത്തിൽ ചന്ത പിരിഞ്ഞതായി കാണുന്നു. രാവിടെ 11 മണിവരെയെകിലും ചന്തയിൽ എത്തുന്ന ആളുകൾക്ക്. വാങ്ങാനും വില്ക്കാനുമുള്ള സംവിധാനത്തിൽ ചന്തയുടെ പ്രവർത്തനം ക്രമീകരിക്കണം.

2. ന്യായമായ ഗേറ്റുപിരവ്നടത്തുന്നതിനുള്ള ഏർപ്പാടു ഉണ്ടാകണം. കൃത്യമായ പരിശോധനയും ഉണ്ടാകണം.

3. ചുമട്ടുതൊഴിലാളികളുടെ യൂണിയനുമായി ബന്ധപ്പെട്ട് ന്യായമായ ചുമട്ടുകൂലി വാങ്ങുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

4. ചന്തക്കകം വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം. കശാപ്പുശാലയിലെ അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിന് ആധുനിക സ്ലോട്ടർ ഹൗസ് അത്യാവശ്യമാണ്.

5. പടനിലം അന്തിച്ചന്തക്ക് സ്ഥലം കണ്ടെത്തണം. ചന്തയോടുചേർന്ന് 20 സെൻേറാളം വരുന്ന മുടവൻകുളം നികത്തിയെടുത്ത് ചന്തമാറ്റി സ്ഥാപിക്കാവുന്നതാണ്.

6. തുരുത്തിമേൽ ചന്തസ്ഥലത്ത് വനിതാവ്യവസായ യൂണിറ്റ് സ്ഥാപിച്ച് സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്.

7. കൊല്ല കടവ് താഴാം വിള കരിക്കും വിളപ്രദേശത്ത് സ്ത്രീകളുടെ തൊഴിലില്ലായ്മവളരെ കൂടുതലാണ്. ഈ പ്രദേശത്ത് വനിതാ വ്യവസായ യൂണിറ്റ് സ്ഥാപിച്ച തൊഴിൽ അവസരംസൃഷ്ടിക്കുക.

8. പട്ടൻറയ്യത്ത് കോളനി പ്രദേശങ്ങളിൽ തൊഴിലില്ലാത്ത യുവാക്കൾ ധാരാളമായി ഉണ്ട്. ഈ പ്രദേശത്തു തൊഴിലില്ലായ്മക്ക് പരിഹാരമായി ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

9. 8 ഉം 10 ഉം വാർഡുകൾ ചേർന്ന് സ്ത്രീകൾക്കും യുവാക്കൾക്കും തൊഴിലവസരം സൃഷ്ടിക്കുന്നതിനു വേണ്ടി മിനി ഇൻറസ്ട്രീയൽ എസ്റ്റേയിറ്റ് സ്ഥാപിച്ച് തൊഴിലവസരം സൃഷ്ടിക്കാവുന്നതാണ്.

# പൊതു വിതരണം

ഈ പഞ്ചായ ത്തിലെ 10 വാർഡുകളിലലായി 14 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. 4317 റേഷൻ കാർഡുകളാണുള്ളത്. ഭക്ഷ്യ വസ്തുക്കളും മണ്ണെണ്ണയും വിതരണം ചെയ്യുന്നു. എന്നാൽ ന്യായ വിലഷാപ്പുകളിൽ നിന്ന് വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് ബില്ലുകൊടുക്കുന്ന പതിവില്ല. അളവിലും തൂക്കത്തിലും കുറവുള്ളതായി അനുഭവപ്പെടുന്നു. കാര്യക്ഷമമായ പ്രവർത്തനം ഈ രംഗത്ത് ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിൽ ജനങ്ങൾ ജാഗ്രതപുലർത്തേണ്ടതുണ്ട്.

സിവിൾ സപ്ലൈ കോർപ്പറേഷൻെറ വകയായി നല്ല നിലയിൽ പ്രവർത്തിക്കുന്ന മാവേലിസ്റ്റോർ ഇവിടെ പ്രവർത്തിക്കുന്നു. പൊതുവിപണിയിലെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിൽ ഗണ്യമായ പങ്ക് ഈ സ്ഥാപനം വഹിക്കുന്നുണ്ട്. ഗുണമേൻമയുള്ള സാധനങ്ങൾ നിയന്ത്രിതവിലയ്ക്ക് ലഭ്യമാക്കിയതോടു കൂടി വിലക്കയറ്റത്തിൽ പൊറുതിമുട്ടിയ സാധാരണക്കാരന് വലിയ ഒരു ആശ്വാസമായി മാറിയിരിക്കുകയാണ്.

ഓണക്കാലത്തു സർവ്വീസ് സഹകരണ ബാങ്കിൻെറ ചുമതലയിൽ പച്ചക്കറിയും ഭക്ഷ്യഎണ്ണയും ന്യായവിലക്ക് ലഭ്യമാക്കിയിരുന്നു.

കഴിഞ്ഞ അഞ്ചുവർഷം റേഷൻ കടകളിലൂടെ വിതരണം ചെയ്തിരുന്ന ഭക്ഷ്യവസ്തുക്കളുടെ വിവരം പട്ടിക (1)ൽ ചേർത്തിട്ടുണ്ട്. റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തു തലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ ഏർപ്പാടുണ്ടാക്കണം. റേഷൻ കാർഡുടമകളെ ബോധവല്ക്കരിച്ച് ആ മേഖലയിലുള്ള പരാതികൾ ഒഴിവാക്കുന്നതിന് ജനങ്ങളുടെ സംഘടിതമായ ശ്രമം ഉണ്ടാകണം. പഞ്ചായത്തിൻെറ വിസ്തൃതിയും ജനസാന്ദ്രതയും കണക്കിലെടുക്കുമ്പോൾ നിലവിലുള്ള മാവേലിസ്റ്റോർ പകുതി ആളുകളുടെപോലും ആവശ്യങ്ങൾ നിറവേറ്റുന്നതിന് മതിയാകുന്നില്ല. അതിനാൽ തെക്കൻ മേഖലയായ 1, 2, 3, 4, 5 വാർഡുകൾക്ക് പ്രയോജനപ്പെടത്തക്കവിധം കൊല്ലകടവിൽ ഒരു മാവേലിസ്റ്റോർ കൂടി ഉണ്ടാകേണ്ടതാണ്.

*അനുബന്ധം - 12*

## ചെറിയനാട് ഗ്രാമപഞ്ചായത്ത് പൊതുവിതരണസംവിധാനത്തെക്കുറിച്ചുള്ളവിവരങ്ങൾ

### *പൊതുവിതരണ കേന്ദ്രത്തിൻെറ നമ്പരും പേരും:*

| വർഷം | കാർഡുടമകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | പ്രതിവർഷം വിതരണം ചെയ്ത (ക്വിൻറൽ) ഭക്ഷ്യവസ്തുക്കൾ | | | | | | | മണ്ണെണ്ണ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | NE | E | ആകെ | മേജർ (12വയസ്സിനു മേൽ) | മൈനർ (3-12) | ആകെ MT | അരി എല്ലാം ഇനവും MT | ഗോതമ്പ് MT | റവ MT | മൈദ MT | പഞ്ചസാര Qlls | പാമോയിൽ | ആകെ | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റ് വഴിവിതരണം ചെയ്തത് (ലി) | കാർഡ് വഴിവിതരണം ചെയ്തത് (ലി) |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 91-92 | 1119 | 2959 | 4078 | 16568 | 2629 | 19197 | 1045.38 | 339.39 | 19.06 | 97.87 | 104.82 | 239.78 | | 110 | 19639.04 | 132629.76 |
| 92-93 | 1130 | 2974 | 4104 | 16650 | 2670 | 19320 | 1005.29 | 302.45 | 18.71 | 98.49 | 109.49 | 161.01 | | 128 | 19727.15 | 134708.45 |
| 93-94 | 1157 | 3039 | 4196 | 16766 | 2750 | 19516 | 594.31 | 294.96 | 18.52 | 100.70 | 76.69 | - | | 140 | 20916.36 | 137871.78 |
| 94-95 | 1179 | 3097 | 4276 | 16900 | 2838 | 1938 | 451.53 | 398.18 | 18.47 | 101.62 | 78.74 | 92.36 | | 157 | 21236.16 | 139120.21 |
| 95-96 | 1190 | 3127 | 4317 | 16926 | 2867 | 19793 | 370.42 | 360.87 | 19.68 | 102.60 | 90.66 | | | 171 | 21836.64 | 140882.97 |

# ഭവന നിർമ്മാണം, ക്ഷേമ പ്രവർത്തനങ്ങൾ

## ഭവന നിർമ്മാണം:-

ചെറിയനാടു പഞ്ചായത്ത് വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഏറെമുൻപന്തിയിൽ നില്ക്കുന്നു. വിദേശപ്പണത്തിൻെറ സ്വാധീനം പാർപ്പിട മേഖലയിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ട്. ഗൾഫ് പണത്തിൻെറ ഏറിയ പങ്കും കോൺക്രിറ്റു സൗധങ്ങളിലും ഉപഭോഗ വസ്തുക്കളിലും ഒതുങ്ങി നില്ക്കുന്നു. സാധാരണക്കാരുടെ പാർപ്പിടങ്ങളാണ് ഭൂരിഭാഗവും. പഞ്ചായത്തിലെ 5372 വീടുകളിൽ 96 ഇരുനില കെട്ടിടങ്ങളും 1145 കോൺക്രീറ്റ് ചെയ്തവയും 2466 ഓടു മേഞ്ഞവയും 1140 ഓല മേഞ്ഞവയും മറ്റു വിഭാഗത്തിൽ 25ഉം ആണ് ഉള്ളത്. വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകൾ 133-എണ്ണമുണ്ട്. താഴെ പറയുന്ന പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് ഈ വീടുകൾ നിർമ്മിച്ചിട്ടുള്ളത്.

1. NREP
2. RLEGP
3. JRY
4. IAY
5. MWS

സർക്കാർ ഭവന നിർമ്മാണ ബോർഡു വഴി ദുർബ്ബല വിഭാഗക്കാർക്ക് വേണ്ടിയുള്ള ഭവന വായ്പാ പദ്ധതി പ്രകാരം വളരെക്കുറച്ച് ആളുകൾക്കു മാത്രമേ വായ്പ ലഭ്യമാകുന്നുള്ളു. കെട്ടിട നിർമ്മാണത്തിനാവശ്യമായ മരം, കല്ല്, ഇഷ്ടിക, സിമൻറ്, മണൽ എന്നിവയുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. കൂലിച്ചിലവ് വളരെ കൂടുതലാണ്. ഈ സാഹചര്യത്തിൽ സാധാരണക്കാർക്കും പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്കും മറ്റ് ദുർബ്ബല വിഭാഗക്കാർക്കും പാർപ്പിടം ഇന്നൊരു സ്വപ്നമായി അവശേഷിക്കുന്നു. ഭവന രഹിതർ മാത്രമല്ല ഭൂരഹിത ഭവന രഹിത വിഭാഗവും ധാരാളമുണ്ട്. ഇവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഉദാര വ്യവസ്ഥയിൽ കൂടുതൽ വായ്പയും ഗ്രാൻറും അനുവദിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ 4 ലക്ഷം വീടു കോളനികൾ ഉണ്ട്. 2-ാം വാർഡിലെ പട്ടൻറയ്യത്തു കോളനി, 6-ാം വാർഡിലെ എള്ളാവിള കോളനി, 7-ാം വാർഡിലെ വരാപ്പുഴ കോളനി, 10-ാം വാർഡിലെ മാളിയേക്കൽച്ചിറ കോളനി എന്നിവയാണവ. ഒരു വീട്ടിൽത്തന്നെ രണ്ടു കുടുംബങ്ങൾക്കു പാർക്കാൻ കഴിയും വിധം നിർമ്മിച്ചു കൊടുത്ത ഇരട്ട വീടുകളാണ്. ഇവ ഇന്നു തീർത്തും ജീർണ്ണാവസ്ഥയിലാണ്. ഇവയുടെ പുനരുദ്ധാരണത്തിൽ അടിയന്തിര ശ്രദ്ധ ആവശ്യമാണ്.

17 പട്ടിക ജാതി കോളനികൾ ഇവിടെയുണ്ട്. ഇവരുടെ വാർഡു തിരിച്ചുള്ള വിവരം പട്ടിക 2-ൽ കൊടുത്തിരിക്കുന്നു.

### പട്ടിക I

### കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ (1995 - 96)

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരകളുടെ സ്വഭാവം ഒരു നിലയുള്ള കെട്ടിടങ്ങൾ | | | | വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച് വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| I | 572 | 4 | 99 | 315 | 154 | - | 5 |
| II | 535 | 14 | 86 | 325 | 105 | 5 | 4 |
| III | 552 | 7 | 100 | 312 | 132 | 1 | 9 |
| IV | 691 | 18 | 180 | 371 | 118 | 4 | 5 |
| V | 601 | 13 | 75 | 433 | 78 | 2 | - |
| VI | 629 | 10 | 156 | 335 | 127 | 1 | 17 |
| VII | 702 | 16 | 162 | 376 | 145 | 3 | 34 |
| VIII | 574 | 8 | 87 | 375 | 102 | 2 | 2 |
| IX | 588 | 5 | 90 | 386 | 104 | 3 | 56 |
| X | 428 | 1 | 110 | 236 | 75 | 4 | 1 |
| ആകെ | 5872 | 96 | 1145 | 3466 | 1140 | 25 | 133 |

## പട്ടിക II

# ചെറിയനാട് പഞ്ചായത്ത് - പട്ടിക ജാതി/ലക്ഷം വീട് കോളനികൾ

| വാർഡ് | ക്രമനമ്പർ | പേര് | റിമാർക്സ് |
|---|---|---|---|
| I | 1 | ചിറമാക്കാട് കോളനി | |
| | 2 | നെടുവക്കാട്ടു കോളനി | |
| II | 3 | പട്ടൻറയ്യത്ത് കേളനി | ലക്ഷംവീട് |
| III | 4 | മാമ്പ്രകോളനി | |
| IV | 5 | കുരണ്ടിപ്പള്ളിശ്ശേരി കോളനി | |
| V | 6 | അറയ്ക്കൽ കോളനി | |
| VI | 7 | കളത്തറക്കുറ്റി കോളനി | |
| | 8 | എള്ളാവിള കോളനി | ലക്ഷംവീട് |
| | 9 | ചരുവിൽ കോളനി | |
| | 10 | ഇടമുറി കോളനി | |
| VII | 11 | താമരശ്ശേരി കോളനി | |
| | 12 | ആവണി കോളനി | |
| | 13 | ഉമ്മരപ്പള്ളി കോളനി | ലക്ഷംവീട് |
| | 14 | വരാപ്പുഴ ലക്ഷം വീട് കോളനി | |
| VIII | 15 | പടാരത്തിൽ കോളനി | |
| | 16 | കുളഞ്ഞിത്തറ കോളനി | |
| IX | 17 | അംബേദ്കർ കോളനി | |
| | 18 | ഊരിത്തറ കോളനി | |
| | 19 | മേപ്പള്ളത്ത് കോളനി | |
| X | 20 | മണ്ഡപരിയാരം കോളനി | |
| | 21 | മാളിയേക്കൽ ചിറ ലക്ഷം വീട് കോളനി | ലക്ഷംവീട് |

## പ്രശ്നങ്ങൾ

1. പട്ടിക ജാതി വിഭാഗത്തിൽ ഭൂമിയുള്ളവരിൽ പലർക്കും വീടില്ല.
2. ഭൂരഹിത ഭവന രഹിതരായ പട്ടിക ജാതി വിഭാഗം.
3. ഭൂമിയുള്ള ഭവന രഹിതരും, ഭൂമിയും ഭവനവും ഇല്ലാത്തവരുമായ ദുർബ്ബല വിഭാഗം.
4. ലക്ഷം വീടുകളുടെ ജീർണ്ണാവസ്ഥ

## സാധ്യതകൾ

1. ഭൂമിയുണ്ടെങ്കിലും വീടില്ലാത്ത 212 പട്ടിക ജാതി വിഭാഗക്കാർക്ക് വീടുവയ്ക്കുന്നതിനു ആവശ്യമായ സാമ്പത്തിക സഹായം ഉണ്ടാകണം
2. ഭൂരഹിത ഭവനരഹിതരായ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട 168 പേരുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. സ്വന്തമായി വീടും ഭൂമിയും ലഭ്യമാക്കണം.
3. ദുർബ്ബല വിഭാഗത്തിൽപ്പെട്ട ഭൂമിയുള്ള ഭവനരഹിതർ 300 വരും. ഭൂരഹിത ഭവന രഹിതർ 150 പേരുണ്ട്. ഇവർക്ക് വീടിനുള്ള ധനസഹായം ലഭിക്കണം. ഭൂരഹിതർക്ക് ഭൂമിയും ലഭ്യമാക്കണം.
4. ലക്ഷം വീടുകോളനികളിൽ 120 കുടുംബം പാർക്കുന്നു. ഒരു കെട്ടിടത്തിൽ രണ്ടു താമസമാണ്. ഇരട്ടവീടുകൾ ഒറ്റ വീടുകളാക്കി മാറ്റണം. സാമ്പത്തിക ശേഷി ഇല്ലാത്ത ഈ വിഭാഗത്തിനു വീടുകൾ പുതുക്കി വാസയോഗ്യമാക്കി മാറ്റുന്നതിന് ആവശ്യമായ ധനഹായം ലഭ്യമാക്കേണ്ടതുണ്ട്.

## സാമൂഹ്യക്ഷേമം

ദാരിദ്ര്യരേഖക്കു താഴെ ഉള്ളവരെ ഉദ്ധരിക്കുവാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി ക്ഷേമത്തിനായുള്ള പദ്ധതികളുമാണ് നിലവിലുള്ളത്. കേന്ദ്ര സംസ്ഥാ

ന ഗവണ്മൻറുകൾ നടപ്പാക്കി വരുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. തൊഴിലാളി- തൊഴിലുടമാ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കുന്ന പദ്ധതി എന്നിവയാണ് പ്രാധാന്യം അർഹിക്കുന്നത്. ഇവയ്ക്കു പുറമേ പട്ടിക ജാതി വികസന കോർപ്പറേഷൻ, വനിതാ വികസന കോർപറേഷൻ എന്നിവയും പ്രവർത്തനരംഗത്തുണ്ട്. പഞ്ചായത്തിൽ കർഷകത്തൊഴിലാളികൾ, കെട്ടിട നിർമ്മാണ ത്തൊഴിലാളികൾ, ബീഡിത്തൊഴിലാളികൾ ചുമട്ടു തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ എന്നിവരിൽ ബഹുഭൂരിപക്ഷവും ക്ഷേമനിധിയിൽ അംഗങ്ങളാണ് വിധവാ പെൻഷൻ, ക്ഷയരോഗ പെൻഷൻ, ക്യാൻസർ രോഗ പെൻഷൻ എന്നിവ ലഭിക്കുന്നവരും ഇവിടെയുണ്ട്.

IRDP സർവ്വെ പ്രകാരം ദാരിദ്ര രേഖക്കു താഴെയുള്ള 2065 കുടുംബങ്ങളുണ്ട്. ഇവരിൽ പട്ടിക ജാതി കുടുംബത്തിൽ പ്പെട്ടവർ 283 ആണ്. നാളിതുവരെ 1781 കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രകാരം സഹായം ലഭിച്ചിട്ടുണ്ട്. ഇവിടെ ഒരു വനിതാവ്യവസായ യൂണിറ്റിന് DWCRA പ്രകാരം തൊഴിൽ സംരംഭത്തിന് വായ്പ ലഭിച്ചിട്ടുണ്ട്. ട്രൈസം പദ്ധതി പ്രകാരം 41 പേർക്ക് തൊഴിൽ പരിശീലനം നൽകുകയുണ്ടായി. തൊഴിലില്ലായ്മാ വേതനം പറ്റുന്ന അനവധി യുവജനങ്ങൾ ഇവവടെയുണ്ട്.

ജനസംഖ്യാനുപാതികമായി നോക്കിയാൽ ഈ പഞ്ചായത്തിൽ 23 അംഗൻവാടികൾ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൻ 3 അംഗൻവാടികളേ പ്രവർത്തിക്കുന്നുള്ളു. 12 എണ്ണത്തിനുകൂടി അനുവാദം ലഭിച്ചിട്ടുണ്ട്. എങ്കിലും പ്രവർത്തന ക്ഷമമായിട്ടില്ല. രണ്ടു ശിശുവിഹാറുകളുണ്ട്. 13 നിലത്തെഴുത്താശാൻമാർക്ക് പ്രതിമാസം 100 രൂപാ പ്രകാരം ഗ്രാൻറ് അനുവദിച്ചു നൽകി വരുന്നു.

## നിർദ്ദേശങ്ങൾ

1. സാമൂഹ്യക്ഷേമ പെൻഷനുകൾ അർഹരായ മുഴുവൻ ആളുകൾക്കും കിട്ടുന്നില്ല. അപൂർവ്വമെങ്കിലും അനർഹർ ഗുണഭോക്താക്കളായിത്തീരുന്നുമുണ്ട്. ഇതിനുള്ള പരിഹാരമെന്ന നിലയിൽ സാമൂഹ്യക്ഷേമ പെൻഷനുകളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിൻെറ വ്യക്തമായ മാനദണ്ഡങ്ങൾ പരസ്യപ്പെടുത്തി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിൻെറ പരിപൂർണ്ണ ചുമതല ഗ്രാമ പഞ്ചായത്തുകളെ ഏല്പിക്കേണ്ടതാണ്. വില്ലേജ് ഓഫീസറന്മാരുടെ സർട്ടിഫിക്കറ്റുകൾ ഒഴിവാക്കേണ്ടതാണ്. കർഷകത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ചില വിഭാഗങ്ങൾക്കു വേണ്ടിയുള്ള ക്ഷേമനിധികളുടെ പ്രവർത്തനം ഫലപ്രദമല്ല. അംഗങ്ങൾക്ക് പൂർണ്ണമായി പ്രയോജനപ്പെടുന്ന രീതിയിൽ പുന:സംവിധാനം ചെയ്യേണ്ടതാണ്. ഗ്രാമത്തിലെ അഗതികളായ വൃദ്ധ ജനങ്ങളുടെ സുരക്ഷിതത്വത്തിനു വൃദ്ധ സദനങ്ങൾ നിർമ്മിച്ച് അവരുടെ സംരക്ഷണച്ചുമതല ഏറ്റെടുക്കേണ്ടതാണ്.

സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ക്ഷേമത്തിനു വേണ്ടി രൂപീകരിച്ച അംഗൻവാടികളുടേയും ശിശുവിഹാറുകളുടേയും പ്രവർത്തനം തൃപ്തികരമല്ല. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഈ സ്ഥാപനങ്ങളിലെ ദരിദ്ര കുടുംബങ്ങളിലെ കുട്ടികളുടെും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് നടപടികൾ ഉണ്ടാകണം.

ഈ പഞ്ചായത്തിൽ വിവാഹം, സമ്മേളനം പോലെയുള്ള സാമൂഹ്യ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ആവശ്യമായ സ്ഥലസൗകര്യം ഇന്നില്ല. പഞ്ചായത്തിൻേറതായ ഒരു കമ്മ്യൂണിറ്റി ഹാൾ ഉണ്ടായാൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും.

# സംസ്ക്കാരം

സാംസ്കാരികമായി വളരെയധികം പുരോഗതി നേടിയിട്ടുള്ള ഒരു പഞ്ചായത്താണിത്. ഒന്നാം ഗ്രേഡു കോളേജുൾപ്പെടെ ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി സൂചിപ്പിച്ചിട്ടുണ്ടല്ലോ. ജനങ്ങളിൽ വായനാ ശീലം വളർത്തുക എന്ന ഉദ്ദേശത്തോടു കൂടി 1957-ൽ ചെറിയാനാട് അരിയന്നൂർശ്ശേരി 120-ാം നമ്പർ എൻ. എസ്. എസ്. കരയോഗത്തിൽ ദേശസേവിനി ഗ്രന്ഥശാല പ്രവർത്തനം ആരംഭിച്ചു. ഗ്രന്ഥശാലാ സംഘവുമായി അഫിലിയേഷൻ ഉണ്ടായിരുന്ന പ്രസ്തുത ഗ്രന്ഥശാലയുടെ പ്രവർത്തനം അതിൻെറ സെക്രട്ടറി സർക്കാർ സർവ്വീസിൽ പ്രവേശിച്ചതോടുകൂടി 1958-നശേഷം പ്രവർത്തനം മുരടിച്ച് നില്ക്കുകയുണ്ടായി. ഇവിടുണ്ടായിരുന്ന പുസ്തകങ്ങൾ വൈ. എം. എ., കൈരളി, ഗ്രന്ഥശകലകൾക്ക് വീതിച്ച് നൽകുകയും ചെയ്തു. ഇതേ കാലഘട്ടത്തിൽത്തന്നെ ക്ഷേത്രത്തിനു കിഴക്കു ഭാഗത്തായി വൈ. എം. എ. ലൈബ്രറി ആരംഭിച്ചു. വളരെ നല്ലനിലയിൽ സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിച്ചു വന്ന ആ ലൈബ്രറിയുടെ ഇന്നത്തെ നില ആശാവഹമല്ല. ഗ്രന്ഥശാലാ സംഘത്തിൽ നിന്ന് ഇപ്പോഴും ഗ്രാൻറ് ലഭിക്കുന്നണ്ടെങ്കിലും പ്രവർത്തനം പുനസംഘടിപ്പിക്കേണ്ടിയിരിക്കുന്നു.

1959 മെയ് മാസത്തിൽ, മാമ്പ്ര കേന്ദ്രമായി പ്രവർത്തിച്ച യുവജനസംഘടനയുടേയും നാട്ടുകാരുടേയും ശ്രമഫലമായി കൈരളി ഗ്രന്ഥശാല രൂപം കൊണ്ടു. വർഷങ്ങളായി വാടക ക്കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം പ്രവർത്തകരുടെ ശ്രമഫലമായി ഗവൺമെൻറിൽ നിന്നും പതിച്ചെടുത്ത സ്ഥലത്ത് കെട്ടിടം പണിയുകയും ഗ്രന്ഥശാല അവിടേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. 5000ൽപ്പരം ഗ്രന്ഥങ്ങളുടെ ശേഖരമുണ്ട്. കേരള ഗ്രന്ഥശാലാ സംഘത്തിൽ രജിസ്ട്രേഷൻ ഉണ്ട്. പഞ്ചായത്തിൽ എടുത്തു പറയത്തക്ക പ്രവർത്തനമാണ് ഈ ഗ്രന്ഥശാല കാഴ്ച വയ്ക്കുന്നത്.

മാസംതോറുമുള്ള സുഹൃത്സംഗമം, ഉപഭോക്തൃ സംരക്ഷണ സമിതി, മദ്യനിരോധന സമിതി, എന്നിവ ഈ ഗ്രന്ഥശാലയോടൊപ്പം പ്രവർത്തിക്കുന്നു.

കടയിക്കാട് കേന്ദ്രീകരിച്ച് എസ്. എൻ. ഗ്രന്ഥശാല എന്ന പേരിൽ ഒരു ഗ്രന്ഥശാല നല്ല നിലയിൽ പ്രവർത്തിക്കുന്നു സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാകേണ്ടിയിരിക്കുന്നു. നല്ല ഒരു ഗ്രന്ഥ ശേഖരമുണ്ട്. ഗ്രന്ഥശാലാ സംഘവുമായി അഫിലിയേഷനുണ്ട്.

പതിനൊന്നിന പരിപാടിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് തുരുത്തിമേൽ പ്രദേശത്ത് ഒരു സാംസ്ക്കാരിക കേന്ദ്രവും ഗ്രന്ഥശാലയും സ്ഥാപിച്ചിട്ടുണ്ട്. കോളേജു വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന റഫറൻസ് ഗ്രന്ഥങ്ങളുടെ വൻ ശേഖരം ഇവിടെയുണ്ട്. ഒരു വർഷത്തിലേറെയായി ഗ്രന്ഥശാലാ പ്രവർത്തനം നിലച്ചിരിക്കുകയാണ്.

ഇവക്കു പുറമേ, കോളേജിലും ഹൈസ്കൂളുകളിലും മെച്ചപ്പെട്ട ലൈബ്രറികളും U.P., L.P. സ്കൂളുകളിൽ നാമമാത്രമായ തരത്തിലുള്ള പുസ്തക ശേഖരങ്ങളുമുണ്ട്.

## പട്ടിക I

### ചെറിയനാട് പഞ്ചായത്ത്

| പഞ്ചായത്ത് വക | ലൈബ്രറികൾ മറ്റുള്ളവ | ആകെ | പഞ്ചായത്ത് വക | വായനശാലകൾ മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 1 | 3 | 4 | 1 | 3 | 4 |

## കലാകായിക രംഗം

കലാകായിക രംഗങ്ങളിൽ പ്രോത്സാഹനം നൽകുന്ന യൂത്ത് ആർട്സ് തിയേറ്റേഴ്സ്, നവഭാവന ആർട്സ് & സ്പോട്ട്സ് ക്ലബ്, ദേശാഭിമാനി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, ശ്രുതി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് തുടങ്ങിയവ പ്രവർത്തിക്കുന്നു. കലാകായിക രംഗത്തു ഈ ഗ്രാമം വളരെയധികം പുരോഗമിക്കേണ്ടതുണ്ട്. സ്കൂളിലെ കായിക മേളയിലും കലാമേളയിലും പഞ്ചായത്തു കേരളോത്സവങ്ങളിലും ഒതുങ്ങി നില്ക്കുന്നു ഈ രംഗം. പഞ്ചായത്തു സ്റ്റേഡിയം കായിക പ്രതിഭകളെ പരിശീലിപ്പിച്ച് വളർത്തി ക്കൊണ്ടുവരത്തക്കവിധം സൗകര്യപ്പെടുത്തേണ്ടതാണ്. നാമാവശേഷമായിക്കൊണ്ടിരിക്കുന്ന നാടൻ കലകൾക്ക് പ്രോത്സാഹനം നൽകണം.

സമ്പൂർണ്ണ സാക്ഷരതയുടെ ഒന്നും രണ്ടും ഘട്ട പ്രവർത്തനങ്ങൾ വിജയകരമായി നടന്നിരുന്നു. പഞ്ചായത്തിൽ രണ്ട് ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. തുടർപ്രവർത്തനങ്ങൾ പുനരാരംഭിക്കേണ്ടിയിരിക്കുന്നു.

### പ്രശ്നങ്ങൾ

1. 9-ാം വാർഡിലെ സാംസ്കാരിക നിലയം നിർജ്ജീവാവസ്ഥയിലാണ്.
2. സ്കൂൾ ലൈബ്രറികൾ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല.
3. കലാകായിക രംഗത്തെ മുരടിപ്പ്

### സാദ്ധ്യതകൾ

1. 9-ാം വാർഡിലെ സാംസ്ക്കാരിക നിലയത്തിൻെറ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുക.
2. കുട്ടികളിൽ വായനാ ശീലം വളർത്തുന്നതിന് സ്കൂൾ ലൈബ്രറികൾ പ്രയോജനപ്പെടുത്തണം.
3. പഞ്ചായത്തു തലത്തിൽ സ്പോർട്സ് കൗൺസിലുകൾ സ്ഥാപിച്ച് കായിക രംഗം സജീവമാക്കണം. നാടൻ കലകളെ പ്രോത്സാഹിപ്പിക്കണം. കലാ പ്രതിഭകൾക്കു വേണ്ടി പരിശീലനക്കളരികൾ സ്ഥാപിക്കണം.

# വനിത

നാടിന്റെ വികസനത്തിൽ പുരുഷനോടൊപ്പം സജീവമായ പങ്ക് വഹിക്കേണ്ടവരാണ് വനിതകൾ. എന്നാൽ വികസനത്തിലും പൊതുരംഗത്തും കുറഞ്ഞ പങ്കാളിത്തമേ ഇവർക്കുള്ളൂ. ഒരു കാലത്ത് സ്ത്രീകൾ വിദ്യാഭ്യാസ രംഗത്തു പിന്നോക്കമായിരുന്നു. ഇന്ന് ആ അവസ്ഥക്കു മാറ്റം വന്നിരിക്കുന്നു. വിദ്യാഭ്യാസമേഖലയിലും. മറ്റു സേവനരംഗങ്ങളിലും അർഹമായ പ്രാതിനിധ്യം നേടിയെടുക്കാൻ വിദ്യാസമ്പന്നരായ സ്ത്രീകൾ പ്രാപ്തരായിക്കഴിഞ്ഞു. സാമൂഹ്യ അനാചാരങ്ങളിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും ഒരു പരിധി വരെ അവർ മോചനം നേടിക്കഴിഞ്ഞു. ഈ പഞ്ചായത്തിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ് ഉള്ളത്.

സാർവ്വത്രിക വിദ്യാഭ്യാസം സ്ത്രീകളെ ബിരുദധാരികളാക്കി. സാമൂഹ്യ വികസന വകുപ്പ് വനിതാ സമാജങ്ങളും ബാലസമാജങ്ങളും സംഘടിപ്പിച്ചു. സ്ത്രീകളുടെ സാംസ്കാരിക ഉന്നമനത്തിനും കുഞ്ഞുങ്ങളുടെ ക്ഷേമ കാര്യ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ഇവ സഹായകരമായി.

സ്ത്രീകളുടെ സാമൂഹ്യ നില അത്രമെച്ചപ്പെട്ടതല്ല. സന്താനോല്പാദനവും അടുക്കള ജോലിയുമാണ് സ്ത്രീകളുടെ കർത്തവ്യമെന്ന് ചിന്തിക്കുന്ന യാഥാസ്ഥിതികരായ ആളുകൾ ഈ ഗ്രാമത്തിൽ ഇന്നും ഉണ്ട്. എന്നാൽ വനിതാ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി സ്ത്രീ സ്വാതന്ത്ര്യത്തിനും സ്ത്രീധനത്തിനും സ്ത്രീ പീഡനത്തിനും എതിരെ ശക്തിയായി പോരടിക്കുമ്പോൾ അവയ്ക്ക് കരുത്തു പകരാൻ കഴിവുള്ള കുറച്ചു സ്ത്രീകളെങ്കിലും ഈ ഗ്രാമത്തിലുണ്ടെന്ന് അഭിമാനിക്കാം. കാർഷികമേഖലയിൽ സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തം പുരുഷന്മാരെ അപേക്ഷിച്ചു കുറവാണ്. വേതനത്തിലും തുല്യതയില്ല. ലിംഗപരമായ വിവേചനങ്ങളും മേധാവിത്വവും ഇന്നും നിലനില്ക്കുന്നു. സ്കൂൾ-കോളേജ് അധ്യാപികമാർ, എഞ്ചിനീയർമാർ, ഡോക്ടറന്മാർ, ബാങ്ക് ജീവനക്കാർ തുടങ്ങി വിവിധമേഖലകളിൽ സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്ന ധാരാളം വനിതകൾ ഈ ഗ്രാമത്തിലുണ്ട്. ചെങ്ങന്നൂർ സബ് കളക്ടറായും കോട്ടയം ജില്ലാ കളക്ടറായും സവനമനുഷ്ഠിച്ചിട്ടുള്ള ശ്രീമതി. ഷീലാ തോമസ് I.A.S ചെറിയനാടിന്റെ പുത്രിയാണെന്നത് അഭിമാനപൂർവ്വം പ്രസ്താവിക്കുകയാണ്.

സ്ത്രീ വിമോചനം യാഥാർത്ഥ്യമാകണമെങ്കിൽ അവർ വിദ്യാഭ്യാസം നേടിയേ മതിയാവൂ. വിദ്യാസമ്പന്നയായ സ്ത്രീ കുടുംബത്തിനും ഗ്രാമത്തിനും രാജ്യത്തിനും ഐശ്വര്യമാണ്. സാക്ഷരതാരംഗത്തും ശാസ്ത്ര സാഹിത്യപരിഷത്തിലും സംഘടനാരംഗത്തും, ട്രേഡ് യൂണിയൻ രംഗത്തും രാഷ്ട്രീയ രംഗത്തും പ്രവർത്തിക്കുന്ന സ്ത്രീകൾ ഇന്നാട്ടിലുണ്ട്.

സാമൂഹ്യമായി പിന്നോക്കം നില്ക്കുന്ന സ്ത്രീകളുടെ അവസ്ഥ മാറ്റിയെടുക്കുന്നതിന് സംഘടിതമായ ശ്രമങ്ങൾ അനിവാര്യമാണ്. അവകാശങ്ങളെപ്പറ്റി ബോധവതികളാകാനും അവ നേടിയെടുക്കുന്നതിനും സംഘടിത പ്രവർത്തനവും സമരശേഷിയും കൈവരിക്കേണ്ടതുണ്ട്. സ്ത്രീകളുടെ ഇടയിൽ ആത്മവിശ്വാസം വളർത്തുന്നതിന് രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ മുൻഗണനയും നേതൃത്വവും നൽകേണ്ടതാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പ്രത്യേക തൊഴിൽ യുണിറ്റുകൾ രൂപീകരിക്കണം. IRDP, DWCRA തുടങ്ങിയ പരിപാടികളിലൂടെ സ്ത്രീകൾക്ക് തൊഴിൽ സൃഷ്ടിക്കപ്പെടേണ്ടതാണ്.

## പ്രശ്നങ്ങൾ

1. തൊഴിൽ മേഖലയിൽ സ്ത്രീകൾ അവഗണിക്കപ്പെടുന്നു
2. സ്വയം തൊഴിൽ കണ്ടെത്തുന്നതിൽ വേണ്ടത്ര താല്പര്യമില്ല.
3. വിദഗ്ദ്ധ തൊഴിൽ പരിശീലനത്തിന് സൗകര്യമില്ല.
4. സാമൂഹ്യ സേവനരംഗത്ത് പങ്കാളിത്തം കുറയുന്നു.
5. സർക്കാർ തല സഹായങ്ങളെപ്പറ്റി വേണ്ടത്ര അറിവില്ല.
6. തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല.
7. ശുചിത്വം, സാംക്രമിക രോഗം ഇവയെപ്പറ്റിയുള്ള ബോധം.
8. പോഷകാഹാരത്തെപ്പറ്റി അറിവില്ലായ്മ.
9. മദ്യവിപത്ത്
10. സ്ത്രീധനം, അശ്ലീല പോസ്റ്ററുകൾ

## സാധ്യതകൾ

1. തുല്യ ജോലിക്ക് തുല്യവേതനം നൽകണം. സ്ത്രീകൾക്ക് തൊഴിൽ മേഖലയിൽ എല്ലാ അർത്ഥത്തിലും പൂർണ്ണ സംരക്ഷണം ലഭിക്കണം.
2. സ്ത്രീകൾക്ക് തനതായ വരുമാനം ആവശ്യമാണെന്ന ബോധം ഉണ്ടാക്കുക.
3. വിദഗ്ദ്ധ തൊഴിലിൽ പരിശീലനത്തിന് സാഹചര്യം ഉണ്ടാക്കുക.

4. സാമൂഹ്യസേവന രംഗത്തേക്ക് കടന്നു വരുന്ന സ്ത്രീകളെ മാനിക്കുന്ന സാമൂഹ്യബോധം സൃഷ്ടിക്കപ്പെടണം.
5. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സ്ത്രീകൾക്ക് ധാരാളം പദ്ധതികൾ സർക്കാർ തലത്തിലുണ്ട്. അവയെ പ്പറ്റി ബോധവല്ക്കരിക്കുക
6. തുല്യജോലിക്ക് തുല്യവേതനം – ഇതിലേക്കാവശ്യമായ നിയമങ്ങൾ ആവിഷ്ക്കരിക്കണം.
7. വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ശുദ്ധ ജലം, മറ്റു മലിനീകരണങ്ങൾ ഇവയെപ്പറ്റി ബോധവല്ക്കരണം നടത്തുക.
8. നമ്മുടെ ചുറ്റുപാടുകളിൽ നിന്ന് പോഷക സന്തുലിതമായ ആഹാരം കണ്ടെത്താനുള്ള അറിവ് ആർജ്ജിക്കുക.
9. മദ്യം നിയമം മൂലം നിരോധിക്കുക. നിയമലംഘനത്തിന് കനത്ത ശിക്ഷ നൽകുന്നതോടൊപ്പം മദ്യപാനികളെ ശിക്ഷിക്കുന്നതിന് കർശനമായ നിയമ നിർമ്മാണം ഉണ്ടാക്കുക. നിയമ പരിപാലകർ നിയമലംഘനം നടത്തുന്നത് കടുത്ത കൃത്യവിലോപമായി കണക്കാക്കി ശിക്ഷ നൽകുക.
10. സ്ത്രീധനം ചോദിക്കുന്ന പുരുഷനെ വിവാഹം കഴിക്കുകയില്ലെന്ന് അഭ്യസ്ത വിദ്യരായ സ്ത്രീകൾ പ്രതിജ്ഞ ചെയ്യുക. സ്ത്രീധനം ചോദിച്ചു വാങ്ങുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുക.

★ ★ ★ ★

# സഹകരണ മേഖല

സഹകരണം പരാജയപ്പെട്ടു, പക്ഷേ അതു വിജയിക്കുകതന്നെ വേണം

എല്ലാവരും ഓരോരുത്തർക്കും, ഓരോരുത്തരും എല്ലാവർക്കും

സഹകരണം മുതലാളിത്തത്തിന്റേയും കമ്മ്യൂണിസത്തിന്റേയും ഇടയിലുള്ള ഒരു പട്ടു നൂലാണ്

1904-ലെ സഹകരണ നിയമത്തിന്റെ (Act X / 1904) അടിസ്ഥാനത്തിൽ രൂപീകരിച്ച കാർഷിക വായ്പാ സംഘങ്ങളാണ് ഇൻഡ്യയിൽ സഹകരണ പ്രസ്ഥാനത്തിനു തുടക്കം കുറിച്ചത്. കടബാധ്യതയിൽപ്പെട്ടു നട്ടം തിരിയുന്ന കർഷകനെ സഹായിക്കുക എന്നതായിരുന്നു ഈ വായ്പാ സംഘത്തിന്റെ ആദ്യകാല പ്രവർത്തന ലക്ഷ്യം. എന്നാൽ പില്ക്കാലത്ത് ഈ നാടിന്റെ സമ്പദ് ഘടനയിൽ ഗണ്യമായ സ്വാധീനം പുലർത്തുന്ന പ്രസ്ഥാനമായി വളരുകയുണ്ടായി.

1919-ൽ ചെറിയനാടു സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 99-ാം നമ്പരായി രജിസ്റ്റർ ചെയ്തു. ഇതിന്റെ പ്രവർത്തന മേഖല ഈ ഗ്രാമത്തിലെ പത്തു വാർഡുകളും പുലിയൂർ ഗ്രാമത്തിലെ രണ്ടു വാർഡുകളും ചേർന്നതാണ്. ഈ പഞ്ചായത്തിലെ 1, 2 വാർഡുകൾ കേന്ദ്രീകരിച്ച് ആലക്കോട്ടും 4, 5 വാർഡുകൾ കേന്ദ്രീകരിച്ച് ഇടമുറിയിലും 6, 10 വാർഡുകൾ കേന്ദ്രീകരിച്ച് ആലപ്പാട്ടു ജംഗ്ഷനിലും 7, 9 വാർഡുകൾ കേന്ദ്രീകരിച്ച് തുരുത്തിമേലും ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. ചെങ്ങന്നൂർ റബ്ബർ മാർക്കറ്റിംഗ് കോ- ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആസ്ഥാനവും ഈ പഞ്ചായത്തിൽത്തന്നെ. രണ്ടു പട്ടിക ജാതി സഹകരണ സംഘങ്ങളുംഒരു വനിതാ സഹകരണ സംഘവും ഇവിടെ പ്രവർത്തിക്കുന്നു. രണ്ട് ഹൈസ്കൂളുകളിലും എസ്. എൻ കോളേജിലും സഹകരണ സംഘങ്ങളുണ്ട്.

സഹകരണ ബാങ്കിൽ നിന്ന് അംഗങ്ങൾക്ക് ഹ്രസ്വ-മധ്യ-ദീർഘകാല വായ്പകൾ കൊടുക്കുന്നുണ്ട്. പക്ഷേ ഏതാവശ്യത്തിനുവേണ്ടി വായ്പ എടുക്കുന്നുവോ അതിനായി തുക ചെലവഴിക്കപ്പെടാത്തതു കൊണ്ട് വായ്പത്തുക യഥാകാലം തിരിച്ചടക്കാൻ കഴിയാത്ത പ്രവണതയാണ് നിലനില്ക്കുന്നത്. തന്മൂലം കുടിശ്ശിക ഗണ്യമായ തോതിൽ വർദ്ധിക്കുന്നു. അത്യാവശ്യക്കാർക്ക് വായ്പ കൊടുക്കാൻ കഴിയാതെ ബാങ്ക് സാമ്പത്തികമായി ബുദ്ധിമുട്ടുന്നു. ഇന്നാട്ടിലെ ചെറുകിട-നാമമാത്ര കർഷകരുടെ സാമ്പത്തിക പരാധീനതക്ക് ഒരളവുവരെ ഈ ബാങ്ക് സഹായം നൽകുന്നു.

ഈ പഞ്ചായത്ത് പരിധിയിൽ വാണിജ്യ ബാങ്കുകളായ സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യയും കാത്തലിക് സിറിയൻ ബാങ്കും പ്രവർത്തിക്കുന്നു. കാർഷിക വായ്പ കൊടുക്കുന്നതിൽ ഈ ബാങ്കുകൾ വളരെ പിന്നിലാണ്. അമിത പലിശ ഈടാക്കുന്ന സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളുടെ ചൂഷണത്തിൽ നിന്ന് കർഷകരെ രക്ഷപ്പെടുത്താൻ ഒരു പരിധിവരെ സഹകരണ ബാങ്ക് സഹായിക്കുന്നു. ബാങ്കിന്റെ നിക്ഷേപം സഹകാരികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അപര്യാപ്തമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെയിടയിൽ വായ്പകൾ എഴുതിത്തള്ളും എന്ന ഒരു മിഥ്യാ ധാരണ നിലനില്ക്കുന്നു. ഇത് യഥാസമയം വായ്പ തിരികെ അടക്കാതിരിക്കാനുള്ള കാരണങ്ങളിൽ ഒന്നാണ്. നിക്ഷേപം വർദ്ധിപ്പിച്ചും കൂടുതൽ അംഗങ്ങളെ ചേർത്തും യഥാ സമയം വായ്പ തിരിച്ചടപ്പിച്ചും സംഘത്തിന്റെ സാമ്പത്തിക നില ഭദ്രമാക്കേണ്ടതുണ്ട്.

ക്ഷീര രംഗത്തു നാലു സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും എത്തിയിട്ടില്ല. ഉല്പാദന ചെലവുകൾ കണക്കിലെടുക്കുമ്പോൾ ക്ഷീരസംഘങ്ങളിൽ നിന്ന് ഉല്പാദകൾക്ക് ലാഭകരമായ വില കിട്ടുന്നില്ല. വിലയിൽ ഏകീകൃത രീതി കാണുന്നില്ല. ഈ ന്യൂനതകൾ പരിഹരിക്കപ്പെടേണ്ടതാണ്. പൊതു വിപണിയിൽ ലഭിക്കുന്ന വിലയെങ്കിലും ഈ സംഘങ്ങളിൽ നിന്നും ഉല്പദകർക്ക് ലഭ്യമാകണം. ഓരോ സംഘവും

ആസ്തി ആർജ്ജിക്കുന്നതിനു പകരം ലാഭം അംഗങ്ങൾക്ക് ബോണസ്സായി നല്കേണ്ടതാണ്.

വ്യവസായ വകുപ്പിന്റെ കീഴിൽ ഒരു നെയ്ത്തു സഹകരണ സംഘം ആരംഭിച്ചിരുന്നവെങ്കിലും അതിന്ന് ലിക്വിഡേഷന്റെ വക്കിലാണ്. ഈ സ്ഥാപനം പുനരുദ്ധരിച്ച് പ്രവർത്തന ക്ഷമമാക്കിയാൽ വളരെ പേർക്ക് തൊഴിൽ ലഭിക്കുന്നതാണ്. ഖാദി ബോർഡിന്റെ സഹായത്തോടെ നൂൽനൂൽപു സഹകരണ സംഘം സ്ത്രീകൾക്കായി പ്രവർത്തിക്കുന്നു.

## പ്രശ്നങ്ങൾ

1. സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനത്തിലുള്ള നഷ്ടം വികസന പ്രവർത്തനങ്ങൾ ഏറ്റെ ടുക്കാൻ കഴിയുന്നില്ല.
2. ക്ഷീരോല്പദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം സംഘങ്ങളിൽ പാലിന്റെ അളവിലുള്ള കുറവ്. 1, 3, 5, 8 വാർഡുകളിൽ ക്ഷീരവിപണന സൗകര്യകുറവ്.
3. പട്ടിക ജാതി സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന്റെ പോരായ്മ.
4. റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയിൽ സഹകാരികളുടെ കുറവ്.

## സാധ്യതകൾ

1. സഹകരണ ബാങ്കിൽ നിന്ന് വായ്പ എടുത്തിട്ടുള്ളവർക്ക് വായ്പത്തുക തിരിച്ചടക്കുന്നതിനെപ്പറ്റി ബോധവൽക്കരണം നടത്തുക. അംഗത്വ മൂലധനനിക്ഷേപം വർദ്ധിപ്പിക്കുക. വികസനപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനു വേണ്ടി സ്ഥാപനത്തിന്റെ നഷ്ടത്തിനു തുല്യമായ തുക ദീർഘകാല വായ്പയായോ ഓഹരി മൂലധനമായോ സർക്കാർ അനുവദിക്കുക. ലഘു നിക്ഷേപ ദിന പദ്ധതി ആവിഷ്ക്കരിക്കുക. കർഷകർക്ക് Credit Card സമ്പ്രദായം നടപ്പാക്കുക.
2. ജീവനക്കാരുടെ സേവനം മെച്ചപ്പെടുത്തേണ്ടതാണ്. സംഘങ്ങളുടെ ഉത്തരവാദിത്വത്തിലും മേൽനോട്ടത്തിലും ഉല്പദനശേഷിയുള്ള ജനിതക വർഗ്ഗത്തിൽപ്പെട്ട പശുക്കളെ വിതരണം ചെയ്തു ഉല്പാദനം പ്രതിദിനം 1000 ലിറ്ററായി വർദ്ധിപ്പിക്കേണ്ടതാണ്. സംഘത്തിന്റെ ചുമതലയിൽ ഗുണമേന്മയുള്ള കാലത്തീറ്റ ന്യായ വിലക്ക് ലഭ്യമാക്കേണ്ടതാണ്. പുൽകൃഷിക്ക് വേണ്ട പ്രോത്സാഹനം നൽകണം. സംഘാംഗങ്ങളുടെ കാലികൾക്ക് പ്രതിരോധ കുത്തിവയ്പിനുള്ള സഹായം നൽകണം. ഉല്പാദകൾക്ക് ന്യായമായ ബോണസ് നൽകി പ്രോത്സാഹിപ്പിക്കണം. രണ്ടു വാർഡുകൾക്ക് ഒന്ന് എന്ന നിലയിൽ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ക്രമപ്പെടുത്തുക.
3. പട്ടികജാതി സഹകരണ സംഘത്തിൽ അംഗത്വമൂലധനം കൂടുതലായി സ്വരൂപിക്കുക. സംഘാംഗങ്ങളുടെ കുടുംബ വരുമാനത്തിൽ വർദ്ധനവിനു ഉതകുന്ന തരത്തിൽ പാരമ്പര്യ തൊഴിലുകൾ നടത്തുന്നതിന് വായ്പകൾ അനുവദിക്കണം.
4. പഞ്ചായത്തിലെ എങ്കിലും എല്ലാ റബ്ബർ കർഷകരേയും അംഗങ്ങളാക്കുക.

## ക്ഷീര സഹ. സംഘം (ആപ്കോസ് ഉൾപ്പെടെ)

| മൊത്തം ശേഖരിക്കുന്ന പാൽ | പഞ്ചായത്ത് തന്നെ വിൽക്കുന്നത് | പുറത്തേക്ക് അയയ്ക്കുന്നത് |
|---|---|---|
| ലിറ്റർ | ലിറ്റർ | ലിറ്റർ |
| 1 | 2 | 3 |
| | ആലക്കോട്ട് ക്ഷീരസഹകരണ സംഘം (Reg, No, A 125 D APCOS) | |
| 100 ലിറ്റർ (daily) | 10% | 90% |
| | ചെറിയനാട് ക്ഷീരോല്പദാക സഹകരണ സംഘം. (Reg. No, A 177 D. APCOS) | |
| 425 ലിറ്റർ (daily) | 5% | 95% |
| | തുരുത്തിമേൽ ക്ഷീരോൽപാദക സഹകരണ സംഘം (Reg. No, 178 D APCOS) | |
| 250 ലിറ്റർ (daily) | 35% | 215 litre |
| | ഇടമുറി ക്ഷീരസഹകരണ സംഘം (Reg. A. 285 D APCOS) | |
| 10 ലിറ്റർ | 50 litre | 50 litre. |

# സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

| | | | |
|---|---|---|---|
| I. 1) | സ്ഥാപനത്തിന്റെ പേര് | : | ചെറിയനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം |
| 2) | പ്രവർത്തന പരിധി | : | ചെറിയനാട് പഞ്ചായത്തു മുഴുവനും, പുലിയൂർ പഞ്ചായത്തിലെ രണ്ടു വാർഡുകളും |
| 3) | ക്രെഡിറ്റ് / നോൺ ക്രെഡിറ്റ് | : | ക്രെഡിറ്റ് |
| 4) | പ്രവർത്തനം ആരംഭിച്ച വർഷം | : | 10 - 12- 1095 ME (1919) |
| 5) | ആകെ അംഗങ്ങൾ | : | 4367 |
| 6) | ഒരു ഓഹരിയുടെ വില | : | Rs. 10/- |
| 7) | അംഗീകൃത ഓഹരി മൂലധനം | : | Rs. 50 ലക്ഷം |
| 8) | പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം | : | Rs. 2,86,780/- |
| 9) | സർക്കാർ ഓഹരിയുണ്ടോ | : | ഉണ്ട്. |
| 10) | ഉണ്ടെങ്കിൽ ലഭിച്ച തുക | : | Rs. 21,000/- |
| 11) | പരമാവധി കടം എടുക്കാവുന്ന തുക | : | Rs. 80 ലക്ഷം |
| **II)** | **പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ** | | |
| a) | സ്ഥിരം | : | Rs. 4,69,645.00 |
| b) | ഹ്രസ്വകാലം (S.B) | : | Rs. 5,67,000.00 |
| **III)** | **നൽകിയിട്ടുള്ള വായ്പകൾ** | | |
| a) | കാർഷിക വായ്പകൾ | | |
| 1) | ഇനം - ഹ്രസ്വകാലം | : | തുക Rs. 4,00,000/- |
| b) | മറ്റ് വായ്പകൾ | | |
| 1) | ഇനം | | തുക |
| | ബാങ്ക് വായ്പ | : | Rs. 6,00,000/- |
| | ഹ്രസ്വകാല വായ്പ | : | Rs. 2,00,000/- |
| c) | പ്രത്യേക വായ്പകൾ | | |
| 1) | ഇനം | | തുക |
| | സ്വർണ്ണ വായ്പ | : | Rs. 8,00,000/- |

# പട്ടിക ജാതി - പട്ടിക വർഗ്ഗ വികസനം

പട്ടിക ജാതി ജനവിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ സാംസ്ക്കാരിക നിലവാരം ഇന്നും അത്രമെച്ചപ്പെട്ട നിലയിലല്ല. സാമൂഹ്യമായ ഉച്ച നീചത്വങ്ങൾക്ക് കുറേയേറെ മാറ്റം സംഭവിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമല്ല. മെച്ചപ്പെട്ട പാർപ്പിടങ്ങളും, ശുദ്ധ ജലം ലഭിക്കുന്നതിനുള്ള സൗകര്യങ്ങളും മറ്റു ജീവിത സാഹചര്യങ്ങളും താരതമ്യേന കുറവാണ്. ഇവരുടെ സർവ്വതോമുഖമായ വികാസത്തിനു നിദാനമായ വിദ്യാഭ്യാസം വളരെ കുറവാണ്. ബിരുദവും ബിരുദാനന്തര ബിരുദവും സാങ്കേതിക വിദ്യാഭ്യാസവും നേടി ഗവ. സർവ്വീസുകളിലും മറ്റും സേവനമനുഷ്ഠിക്കുന്ന ഒരു വിഭാഗം ആളുകൾ ഇവരുടെ ഇടയിലുണ്ട്. എങ്കിലും ഭൂരിപക്ഷവും സാമാന്യ വിദ്യാഭ്യാസത്തിനു താഴെ മാത്രം എത്തി നില്ക്കുന്നവരാണ്. സാക്ഷരതാപ്രവർത്തനം ഇവരെ എഴുതാനും വായിക്കാനും കഴിവുള്ളവരാക്കിത്തീർത്തിട്ടുണ്ട്.

തലമുറകളായി ചൂഷണത്തിന് വിധേയരായിരുന്ന ഇക്കൂട്ടർക്ക് ഭൂപരിഷ്കരണ നിയമം വന്നതോടുകൂടി കൂടികിടപ്പവകാശം ലഭിച്ചു. ശ്രീ നാരായണഗുരു, അയ്യങ്കാളി തുടങ്ങിയ സാമൂഹ്യ പരിഷ്ക്കർത്താക്കളുടേയും ഇടതു പക്ഷ പ്രസ്ഥാനങ്ങളുടേയും പ്രവർത്തനഫലമായി സമൂഹത്തിൽ ഇവരുടെ പദവി വളരെയേറെ ഉയർന്നിട്ടുണ്ട്. ഈ വിഭാഗങ്ങളുടെ പുരോഗതിക്കായി സർക്കാർ നടപ്പിലാക്കുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവ് ലഭിക്കാത്തതുകൊണ്ടും പദ്ധതികളുടെ സങ്കീർണ്ണമായ നിബന്ധനകൾ കൊണ്ടും ഇവയുടെ പ്രയോജനങ്ങൾ പൂർണ്ണമായ തോതിൽ അനുഭവവേദ്യമായിട്ടില്ല.

ഈ പഞ്ചായത്തിൽ 17 പട്ടിക ജാതി കോളനികളും 4 ലക്ഷം വീടു കോളനികളും ഉണ്ട്. ലക്ഷം വീടു കോളനികളിൽ 60% പട്ടിക ജാതിക്കാരാണ്. വിദ്യാഭ്യാസ രംഗത്ത് നിരവധി സഹായങ്ങൾ സർക്കാരിൽ നിന്നും ലഭിക്കുന്നുണ്ടെങ്കിൽ ത്തന്നെയും ഇവ വേണ്ട വിധത്തിൽ ഉപയോഗിപ്പെടുത്തി വിദ്യാഭ്യാസം നേടുന്നതിൽ ഇക്കൂട്ടർ വിമുഖരാണ്. പ്രൈമറി-അപ്പർ പ്രൈമറി തലങ്ങളിൽ ഇവരുടെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറഞ്ഞിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തും സർക്കാർ മേഖലകളിലും പ്രവർത്തിക്കുന്ന കുറച്ച് ആളുകൾ ഈ പഞ്ചായത്തിലുണ്ട്. ഭൂരിപക്ഷം ആളുകളും കാർഷിക മേഖലയിലും മറ്റു നിർമ്മാണ മേഖലകളിലുമാണ് പണിയെടുക്കുന്നത്. ഇവരിലും യുവതലമറ കാർഷിക മേഖലയിൽ, പ്രത്യേകിച്ച് നെൽക്കൃഷി രംഗത്ത് പണിയെടുക്കുന്നതിൽ വിമുഖതയുള്ളവരാണ്.

പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടത്തിവരുന്ന ഭവന നിർമ്മാണ പദ്ധതികൾ സഹായകമാകുന്നുണ്ട്. ചെറുകുടിലുകളിൽ നിന്ന് മോചനം നേടിക്കൊണ്ടിരിക്കുകയാണ്. പട്ടിക ജാതി കോളനികളിൽ അപൂർവ്വം ചില വീടുകളിൽ മാത്രമേ വൈദ്യുതിയും കക്കൂസും എത്താതെയുള്ളു.

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസത്തിൻെറ കുറവും വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞു പോക്കും.
2. കാർഷിക മേഖലയിൽ തൊഴിൽ കുറവ്
3. എല്ലാവർക്കും സ്വന്തമായി വീടില്ല.
4. സ്വന്തമായി ഭൂമിയില്ലാത്തവർ.
5. വീടിനായി സർക്കാരിൽ നിന്നു കിട്ടുന്ന തുക അപര്യാപ്തമാണ്.
6. ജലം ചില കോളനികളിൽ ലഭിക്കുന്നില്ല.
7. IRDP യും മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
8. പട്ടിക ജാതി വികസന കോർപറേഷനും ക്ഷേമ വകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്കു നൽകുന്ന വായ്പയും ധനസഹായവും വേണ്ട വിധം ഉപയോഗപ്പെടുത്തുന്നില്ല.

## സാധ്യതകൾ

1. വിദ്യാഭ്യാസത്തിൻെറ പ്രാധാന്യത്തെപ്പറ്റി രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവൽക്കണ ക്ലാസ്സുകൾ സംഘടിപ്പിക്കുക. വീട്ടിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
2. കാർഷിക വൃത്തിയോട് ആഭിമുഖ്യം വളർത്തത്തക്ക

തൊഴിൽപരമായ വിദ്യാഭ്യാസം നൽകുക. തരിശു ഭൂമികൾ കൃഷി ഭൂമികളാക്കാൻ കർഷകരിൽ താല്പര്യം ജനിപ്പിക്കുക.

3. പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് വീടു വയ്ക്കുന്നതിന് ആവശ്യമായ സഹായം നൽകുക.

4. ഭൂമിയില്ലാത്തവർക്ക് ഭൂമി വാങ്ങി വീടു വയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

5. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സഹായ ധനം 30,000 രൂപയായി ഉയർത്തണം. അവരുടെ കോളനികളിൽ റ്റി. വി. സെറ്റുകൾ സ്ഥാപിക്കുക.

6. ശുദ്ധ ജലം എത്താത്ത കോളനികളിലേക്ക് പൈപ്പു ലൈൻ നീട്ടി സ്റ്റാൻഡ് പോസ്റ്റുകൾ സ്ഥാപിച്ച് ജല ലഭ്യത ഉറപ്പു വരുത്തുക.

7. IRDP തുടങ്ങിയ ധന സഹായ പദ്ധതികൾ ഏതാവശ്യത്തിനുവേണ്ടി എടുക്കുന്നുവോ ആ ആവശ്യത്തിനു തന്നെ ഉപയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തുക. പരമ്പരാഗത തൊഴിലുകൾ സംഘടിതമായി ചെയ്യുന്നതിന് സഹകരണ സംഘങ്ങൾ സ്ഥാപിച്ച് അസംസ്കൃത വസ്തുക്കളും പരിശീലനവും ധനസഹായവും നൽകുക. ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് സൗകര്യങ്ങൾ ഏർപ്പെടുത്തുക. സമ്പാദ്യ ശീലം വളർത്തുക.

8. പട്ടിക ജാതി വികസന വകുപ്പിൽ നിന്നും കോർപറേഷനിൽ നിന്നും ലഭിക്കുന്ന ധനസഹായം ഫലപ്രദമായി പ്രയോജനപ്പെടണമെങ്കിൽ ഗുണഭോക്താക്കൾക്ക് ആവശ്യമായ ബോധവല്ക്കരണം നൽകണം. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള അവകാശം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകണം. സാമ്പത്തിക സഹായം ലഭിച്ച പദ്ധതി പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്തി അവശ്യം വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

# വിഭവസമാഹരണം

**ഇതൊരു സ്പെഷ്യൽ ഗ്രേഡു പഞ്ചായത്താണ്.** പഞ്ചായത്തിനു തനതു **വരുമാനം 8 ലക്ഷം രൂപയാണ്.** ചെലവു വരവിനേക്കാൾ കൂടുതലാണ്. **അത്യാവശ്യം വേണ്ട വികസന** പ്രവർത്തനങ്ങൾ പോലും **ഈ ധനസ്ഥിതിയിൽ നിർവ്വഹി**ക്കാൻ കഴിയാതെ വരുന്നു. **ഇത് പഞ്ചായത്തിൻെറ** പുരോഗതിയെ സാരമായി ബാധിക്കുന്നു.

ഈ ഗ്രാമം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി വ്യാവസായിക മേഖലയിലെ നിശ്ചലതയാണ്. കാര്യമായ വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. രണ്ട് വയർകട്ട് ഇഷ്ടിക നിർമ്മാണ ഫാക്ടറിയും നാല് നാടൻ ഇഷ്ടിക നിർമ്മാണ യൂണിറ്റും അല്ലാതെ എടുത്ത പറയത്തക്ക വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല.

കാർഷിക രംഗം മുരടിപ്പിലാണ്. കൃഷി നിലങ്ങൾ മാറ്റി മറിക്കപ്പെടുന്നു. കർഷകർ കർഷകത്തൊഴിലാളികളായി മാറുന്നു. ജൈവ വള പ്രയോഗത്തിന് പ്രാധാന്യം നൽകണം. ആ മനോഭാവം കൃഷിക്കാരിൽ വളർത്തിയെടുക്കണം. ഈ പ്രശ്നം പരിഹരിക്കാതെ വിഭവ സമാഹരണം വർദ്ധിപ്പിക്കാൻ ആവില്ല. വ്യവസായ, കാർഷിക രംഗത്തെ മുരിടിപ്പ് അവസാനിപ്പിക്കാൻ ഈ രണ്ടു രംഗങ്ങളിലും ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കണം.

സർക്കാർ ഗ്രാൻറുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ട നില മാറേണ്ടിയരിക്കുന്നു. ഗ്രാൻറുകൾ പിരിക്കുന്ന മേഖലയിൽ വെച്ചു തന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമനിർമ്മാണം നടത്തണം. വെഹിക്കിൾ ടാക്സ്, സ്റ്റാമ്പ് ഡ്യൂട്ടിഗ്രാൻറുകൾ എന്നിവ ഉദാഹരണം. കാലതാമസം ഫണ്ടുകളുടെ ദുരുപയോഗത്തിന് ഇടയാകും.

പഞ്ചായത്തിൽ ലഭ്യമായ വിഭവങ്ങളുമായി തുലനം ചെയ്യുമ്പോൾ ഇവിടുത്തെ വാർഷിക വരുമാനം വളരെ കുറവാണ്. വരവിൻെറ 40 ശതമാനത്തിൽ കൂടുതൽ ശമ്പള ഇനത്തിൽ ചെലവാകുന്നു. തെരുവു വിളക്കുകൾ നാമമാത്രമായേ കത്തുന്നുള്ളുവെങ്കിലും വർഷത്തിൽ ഒന്നേമുക്കാൽ ലക്ഷം രൂപാ ഈ ഇനത്തിൽ ചെലവാകുന്നുണ്ട്. പ്രാദേശിക വികസനത്തിന് സർക്കാർ ഗ്രാൻറിനെ മാത്രം ആശ്രയിക്കേണ്ട സ്ഥിതിയാണുള്ളത്. ഇതുകൊണ്ട് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധ്യമല്ല. തദ്ദേശീയമായ വികസന പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിന് പഞ്ചായത്തിൽ തന്നെ പണം കണ്ടെത്തേണ്ടതുണ്ട്.

## *1. കെട്ടിട നികുതി*

കെട്ടിട നികുതി ചുമത്തുന്ന രീതി കുറേക്കൂടി ശാസ്ത്രീയമായി നടത്തേണ്ടതാണ്. നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറവിസ്ത്രീർണ്ണം, നിർമ്മാണ ചിലവു മാത്രമല്ല, ആഡംബരത്വവും വിലകൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാകണം. വീടു നിർമ്മാണത്തിലെ അനാവശ്യ ധൂർത്ത് ഒഴിവാക്കാൻ നികുതി എർപ്പെടുത്തുമ്പോൾ സ്ലാബു സമ്പ്രദായം ആവിഷ്ക്കരിക്കേണ്ടതാണ്. വീടുകൾ അല്ലാത്ത കെട്ടിടങ്ങൾക്ക് വാടക ചീട്ടു പരിശോധിച്ച് നികുതി ചുമത്തേണ്ടതാണ്. കെട്ടിടം പണി പൂർത്തികരിച്ചതിനുശേഷമോ അല്ലെങ്കിൽ താമസമായതിനു ശേഷമോ കെട്ടിട നികുതി ചുമത്താവൂ എന്നാണ് നിയമം. എന്നാൽ കെട്ടിടം പണി പൂർത്തീകരിക്കുന്നതിന് മുമ്പ് വൈദ്യുതി കണക്ഷന് ആവശ്യമായ ഓണർ ഷിപ്പു സർട്ടിഫിക്കറ്റിനു വേണ്ടി പഞ്ചായത്തുകളെ സമീപിക്കുന്നു. ഈ സർട്ടിഫിക്കറ്റു നൽകുന്നതിന് പഞ്ചായത്തുകൾ നിർബന്ധിതമാകുന്നു. തന്മൂലം പഞ്ചായത്തിനു ലഭിക്കേണ്ട യഥാർത്ഥ നികുതിയിൽ ചോർച്ച ഉണ്ടകുന്നു. നഷ്ടം ഒഴിവാക്കുന്നതിന് ബോർഡിൻെറ ഈ നിയമത്തിൽ മാറ്റം വരുത്തേണ്ടതാണ്.

## *2. തൊഴിൽ നികുതി*

ഈ പഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി 45,140 രൂപയും, തൊഴിൽ നികുതിയായി 1,01,315 രൂപയും ആണ് കിട്ടാനുള്ളത്. മുഴുവൻ കച്ചവടക്കാരെയും നികുതി കൊടുക്കുന്നവരാക്കാൻ കഴിഞ്ഞിട്ടില്ല. വായ്പ വാങ്ങേണ്ട ആവശ്യമുള്ളപ്പോഴൊ, മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ വരുമ്പോഴോ നികുതി യടയ്ക്കുന്ന ഒരു പ്രവണത പൂർണ്ണമായി അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

## *മാർക്കറ്റ് വരവ്*

കൊല്ലകടവ് മാർക്കറ്റിൽ നിന്നും വിവിധയിനങ്ങളിലായി 2 ലക്ഷത്തിൽ പരം രൂപ ലഭിക്കുന്നുണ്ട്. ചന്തയുടെ പൊതു സ്ഥിതി മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്.

വസ്തു കൈമാറ്റ നികുതിയിനത്തിൽ ഡ്യൂട്ടിയായി രണ്ടു ലക്ഷം രൂപയും ലഭിക്കുന്നുണ്ട്. വസ്തു വില വളരെ കുറച്ചു കാണിക്കുന്ന പ്രവണത ഇന്നും നിലനിൽക്കുന്നുണ്ട്. സർക്കാർ ഓരോ പ്രദേശത്തിനും നിശ്ചയിച്ചിരിക്കുന്ന വില പുനക്രമീകരണം നടത്തേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാരിൻെറ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

ശ്വാന നികുതി 5 രൂപയായി വർദ്ധിപ്പിക്കുകയും, ലൈസൻസ് നിർബന്ധമാക്കുകയും ചെയ്യാവുന്നതാണ്.

വിനോദ നികുതിയിനത്തിൽ പഞ്ചായത്തിലെ ആകെയുള്ള ഒരു തിയേറ്ററിലെ തുച്ച വരുമാനം മാത്രമാണുള്ളത്.

ദേശീയ സമ്പാദ്യപദ്ധതിയിൻ കീഴിൽ ഈ പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളെയും ഒരു തീവ്രയത്ന പരിപാടിയെന്ന നിലയിൽ കൊണ്ടുവരണം. ഇതിന് സമയബന്ധിതമായ ഒരു പരിപാടി തന്നെ ഉണ്ടാവണം. അങ്ങനെ ഒരു 'ബച്ചിത്' ഗ്രാമമാക്കാവുന്നതാണ്.

പുറം രാജ്യങ്ങളിൽ നിന്നും എത്തുന്ന പണം കൂടുതലും ദേശസാൽകൃത ബാങ്കുളിലാണ് നിക്ഷേപിക്കുന്നത്. ദേശീയ സാമ്പാദ്യ പദ്ധതിയിലേക്ക് ഇവരുടെ നിക്ഷേപം തിരിച്ചു വിടുന്നതിന് ബോധവൽക്കണവും പ്രചരണവും ആവശ്യമാണ്.

പദ്ധതി നടത്തിപ്പിൽ ഒരു ഭാഗം ഗുണ ഭോക്താക്കൾ തന്നെ വഹിക്കണം. അത് ധനമായും, വിഭവമായും, അദ്ധ്വാനമായും നൽകാവുന്നതാണ്. പദ്ധതിയുടെ ഗുണ നിലവാരം വർദ്ധിക്കുന്നതിനിടയാക്കും.

കൊല്ലം തോറും ഭരണ ചെലവുകളും മറ്റു വികസനേതര ചെലവുകളും വർദ്ധിച്ചു വരുന്നു. തദനുസൃതമായി നികുതിയിലും നികുതിയേതര ഇനത്തിലും വരുമാന വർദ്ധന ഉണ്ടാകുന്നില്ല. പദ്ധതി ചെലവിനുള്ള തുക വകമാറി ചെലവഴിക്കാൻ നിർവ്വാഹവുമില്ല. അതിനാൽ നികുതിയിനത്തിലുള്ള വരുമാനം വർദ്ധിച്ചേ മതിയാകു. നികുതി പൂർണ്ണമായും പിരിച്ചെടുക്കാനുള്ള സംവിധാനം ശക്തമാക്കണം. മുൻ വർഷത്തെ നികുതി പിരിവ് 70% ത്തിലധികരിച്ചിട്ടില്ല. ഈ സ്ഥിതിക്ക് മാറ്റം വരണം.

പഞ്ചായത്തിലെ വാണിജ്യ ബാങ്കുകൾ ചുരുങ്ങിയ ശതമാനം വായ്പയെ നൽകുന്നുള്ളു. NRI ഇനത്തിലും മറ്റും വൻ നിക്ഷേപം ബാങ്കുകളിൽ എത്തുന്നുണ്ട്. ഇവിടുത്തെ നിക്ഷേപ വായ്പാ തോത് 20 % ത്തിൽ താഴെയാണ്. ഇതിനു പരിഹാരം ഉണ്ടായെ മതിയാവു.

നിലവിലുള്ള നികുതികൾ യുക്തി സഹമാക്കുകയും പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾ തങ്ങളുടേതായ പങ്കു നിർവഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുകയെന്ന് നികുതി ദായകർ മനസ്സിലാകുകയും ചെയ്താൽ പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും.

## വരവ് സംബന്ധിച്ച വിവരങ്ങൾ (1995-1996)

| ഇനം | പിരിച്ചത് |
|---|---|
| കെട്ടിടനികുതി | 2,73,598.00 |
| സർവ്വീസ് ചാർജ്ജ് | - |
| തൊഴിൽ നികുതി | 1,01,315.00 |
| വാഹന നികുതി | - |
| വിനോദ നികുതി | 4992.00 |
| അഡി. വിനോദ നികുതി | 3054.00 |
| പ്രദർശന നികുതി | 1102.00 |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ | 275.00 |
| ചന്ത വരവ് | 2,58,966.00 |
| ലാൻഡ് സെസ്സ് | - |
| ലൈസൻസ് ഫീസ് | 6959.00 |
| കെട്ടിട നികുതി സർചാർജ്ജ് | - |
| വസ്തു കൈമാറ്റ നികുതി 75% | 2,00490.00 |
| ടി 25% | - |
| സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | - |
| സംഭാവന | - |
| ഡെപ്പോസിറ്റ് | 15,000.00 |
| മറ്റുള്ളവ | 7,36,820.25 |
| ആകെ | 16,11,572.25 |

## ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | സ്ഥാപനങ്ങളുടെ എണ്ണം | | | മറ്റുള്ളവ | ആകെ | ആകെ ഫീസ് |
|---|---|---|---|---|---|---|
| | വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | - | 1 | 4 | 5 | 10 | 5370.00 |
| II | 3 | 1 | 14 | 1 | 19 | 6220.00 |
| III | - | 3 | 16 | 6 | 25 | 2290.00 |
| IV | 4 | 4 | 45 | 7 | 60 | 11340.00 |
| V | 3 | 2 | 50 | 5 | 60 | 6460.00 |
| VI | 5 | 5 | 26 | 2 | 38 | 3650.00 |
| VII | 2 | 1 | 25 | 2 | 30 | 2700.00 |
| VIII | 2 | 4 | 43 | 6 | 55 | 4830.00 |
| IX | 1 | 1 | 13 | 2 | 17 | 1370.00 |
| X | 1 | - | 9 | 1 | 11 | 910.00 |
| ആകെ | 21 | 22 | 245 | 37 | 325 | 45,140.00 |

## ലേല വരുമാനം സംബന്ധിച്ച വിവരങ്ങൾ

| ചന്ത | സ്റ്റാൾ | ചവറ് | പട്ട മരങ്ങൾ | ഫലവൃക്ഷങ്ങൾ | ഷോപ്പിംഗ് കോംപ്ലക്സ് കടകൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| സസ്യ ചന്ത 96,500.00<br>കന്നുകാലി 10650.00<br>തറവാടക 100.00 | 13എണ്ണം<br>18,060.00 | 155.00 | | 1485.00 | 13 മുറികൾ<br>19,866.00 | ആട്ടിറച്ചി 2150.00<br>മട്ടിറച്ചി 1,10,000 | 2,58,966.00 |

## ചെലവു സംബന്ധിച്ച വിവരങ്ങൾ 1995-96

| ഇനം | തുക |
|---|---|
| ഭരണം | 5,58,758.00 |
| പൊതുമരാമത്ത് | 1,98,812.00 |
| വിദ്യാഭ്യാസം | 6,200.00 |
| ജലവിതരണം, ഓടകൾ, പൊതു ജനാരോഗ്യം | 10,840.00 |
| തെരുവ് വിളക്കുകൾ കത്തിക്കുന്നത് | 1,66,476.00 |
| മറ്റുള്ളവ | 3,97,673.00 |
| **ആകെ** | **13,38,759.70** |

## 1.16 ഗ്രാൻറ് വിവരങ്ങൾ

**Ref. ഗ്രാൻറ് രജിസ്റ്ററും, സ്പെഷ്യൽ ഗ്രാൻറ് രജിസ്റ്ററും**

| VRM രൂപ | MI രൂപ | VTC രൂപ | അടിസ്ഥാന നികുതി | | Spl, Grant രൂപ | JRY രൂപ | ആൺടൈഡ് ഫണ്ട് രൂപ | ആകെ |
|---|---|---|---|---|---|---|---|---|
| | | | 25% രൂപ | 75% രൂപ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 27,613.00 | 11050.00 | 1,17727.00<br>3138.00<br>1,20,895.00 | | 30,486.00 | 35,000.00 | | 2,68,000 | 4,93,014.00 |

ശ്മശാനങ്ങൾക്കുള്ള ഗ്രാൻറ് 25,000

പൊതുനിരത്തുകളിൽ വിളക്ക് വയ്ക്കൽ 10000

**പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ Ref. Q 1995-'96**

| വകുപ്പ് | തുക | | |
|---|---|---|---|
| | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
| 1 | 2 | 3 | 4 |
| മൃഗസംരക്ഷണം | Rs. 800.00 | - | 800.00 |
| ആരോഗ്യം | Rs. 53,991.00 | - | 53991.00 |
| കൃഷി | Rs. 8510.00 | - | 8510.00 |
| പി. ഡബ്ല്യു. ഡി | Rs. 62,000.00 | - | 62000.00 |
| ഹരിജനക്ഷേമം | Rs. 1613.00 | - | 1613.00 |
| മറ്റുള്ളവ | ഡയറി ഡവലപ്പമെൻറ് Rs. 300.00 | - | 300.00 |
| ആകെ | Rs. 1,27,214.00 | - | 127214.00 |

# ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ
## Ref. R

| വാർഡ് | വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ | ആകെ ഫീസ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | - | 1 | 4 | 5 | 10 | 5370 |
| II | 3 | 1 | 14 | 1 | 19 | 6220 |
| III | - | 3 | 16 | 6 | 25 | 2290 |
| IV | 4 | 4 | 45 | 7 | 60 | 11340 |
| V | 3 | 2 | 50 | 5 | 60 | 6460 |
| VI | 5 | 5 | 26 | 2 | 38 | 3650 |
| VII | 2 | 1 | 25 | 2 | 30 | 2700 |
| VIII | 2 | 4 | 43 | 6 | 55 | 4830 |
| IX | 1 | 1 | 13 | 2 | 17 | 1370 |
| X | 1 | - | 9 | 1 | 11 | 910 |
| ആകെ | 21 | 22 | 245 | 37 | 325 | 45140 |

വെള്ളനാട് ഗ്രാമ പഞ്ചായത്ത്

31.8.97-ാം തിയതി നടന്ന സാധാരണ യോഗത്തിലെ VIII-ാം നമ്പർ തീരുമാനം.

11.1.97-ാം തിയതി വെള്ളനാട് J.B.S. സ്കൂളിൽ കൂടിയ വികസന സെമിനാറിൽ ശ്രീ: എം.എ. ശശികുമാർ, വികസനരേഖ അവതരിപ്പിച്ചു. ചർച്ചയിൽ താഴെ-പറയുന്ന ഭേദഗതികളും കൂട്ടിച്ചേർക്കലുകളും വേണമെന്ന് തീരുമാനിച്ചു.

ഒഴിവാക്കേണ്ട കാര്യങ്ങൾ

1. വികസനരേഖയിൽ 43-ാം പേജിൽ മാർക്കറ്റ് എന്ന അദ്ധ്യായത്തിൽ പ്രശ്നങ്ങൾ എന്നതിൽ മൂന്നാമതായി പറഞ്ഞിരിക്കുന്നത് ഒഴിവാക്കണം.
2. 55-ാം പേജിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസനം എന്ന അദ്ധ്യായത്തിന്റെ ഒന്നാം ഖണ്ഡികയിലെ അവസാനത്തെ വാചകം ഒഴിവാക്കണം.

കൂട്ടിച്ചേർക്കേണ്ട വിവരങ്ങൾ

I. പതിനൊന്നാം പേജിൽ - സാമൂഹികസാംസ്കാരിക ചരിത്രം എന്ന അദ്ധ്യായത്തിൽ 5-ാം ഖണ്ഡികയിൽ ഇടവ ആറ്റു നാരായണൻ കുമാരൻ, ശ്രീമൂലം തിരുനാളിന്റെ അസംബ്ലിയിൽ മെമ്പറായിരുന്നുവെന്ന്. ഇതേ അദ്ധ്യായത്തിൽ 12-ാം പേജിൽ രണ്ടാം ഖണ്ഡികയിൽ ശ്രീ. P. R. രാമപണിക്കർ പഞ്ചായത്താഫീസ് കെട്ടിടത്തിനുവേണ്ടി 9 സെന്റ് സ്ഥലം നൽകിയത് എന്നും കൂട്ടിച്ചേർക്കുക

II 1. കുടിവെള്ളം ജലസേചനം എന്ന അദ്ധ്യായത്തിൽ 16-ാം പേജിൽ പ്രശ്നങ്ങളുടെ കൂട്ടത്തിൽ മുങ്ങുകപ്പാടം ഇറിഗേഷൻ കുളിക്കുവേണ്ടി തുണ്ട് ബണ്ടുകളും ചിറ്റുകളും നിർമ്മിക്കുക എന്നും കൂട്ടിച്ചേർക്കുക

2. മുങ്ങുകപ്പാടത്ത് - ബണ്ടുകൾ തീർത്ത് ഒരു ലിഫ്റ്റ് - ഇറിഗേഷൻ ആക്കുക

1. അങ്ങാട്ടുകാട് - പന്തിയിൽ പടിഞ്ഞാറ്

2. കുന്നന്താനം - പുല്ലുപ്പിടിത്തറ പടിഞ്ഞാറ്

III. മൃഗപരിപാലനവും - മത്സ്യബന്ധനവും എന്ന അദ്ധ്യായത്തിൽ 21-ാം പേജിൽ സാദ്ധ്യതകളുടെ കൂട്ടത്തിൽ 12-ാം നമ്പറായി ക്ഷീരസംസ്കരണശാലയിൽ നിന്നുള്ള ഉൽപന്നങ്ങൾ സംഭരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ, യോഗർട്ട്, കാസിൻ എന്നിവ ഉൽപാദിപ്പിക്കുന്ന വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക

IV. വിദ്യാഭ്യാസം അദ്ധ്യായത്തിൽ 23-ാം പേജിൽ സാദ്ധ്യതകളുടെ കൂട്ടത്തിൽ 12-ാം നമ്പറായി മാമ്പുഴയിൽ ഒരു എൽ. പി. സ്കൂൾ സ്ഥാപിക്കുക

2. എട്ടാം വാർഡിൽ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പ്രദേശം എന്ന നിലയിൽ പുതിയതായി ഗവ.തലത്തിൽ ഒരു ശിശുവിഹാർ സ്ഥാപിക്കുക

V. ആരോഗ്യം - കുടിവെള്ളം എന്ന അദ്ധ്യായത്തിൽ 28-ാം പേജിൽ സാദ്ധ്യതകളുടെ കൂട്ടത്തിൽ 15-ാം നമ്പറായി കുളഞ്ഞിക്കാരാഴ്മ പ്രദേശത്ത് ഒരു ആയുർവേദ സബ്സെന്റർ സ്ഥാപിക്കുക

2. പെരിങ്ങനാട് ഗ്രാമപഞ്ചായത്തിന്റെ അഞ്ച് വാർഡിനും കൂടി ആറാം വാർഡ് കേന്ദ്രമാക്കി ഒരു പ്രാഥമികാരോഗ്യ സബ്സെന്റർ സ്ഥാപിക്കുക.

VI. ഇതേ അദ്ധ്യായത്തിൽ കുടിവെള്ളത്തിന്റെ പ്രശ്നങ്ങളുടെ കൂട്ടത്തിൽ 29-ാം പേജിൽ I (1) നമ്പറിനു ശേഷം താഴെ പറയുന്നവ കൂടി ചേർക്കുക

1. മണ്ണുപടി കണ്ടത്തിൽ കോളനി

2. പോസ്റ്റാഫീസ് - മാനാടംപടി

3. പാലമൂട് - കോഴിവള്ളിൽ ഭാഗം

4. കുളത്തിങ്കൽ

n. പരിഷ്കരൺ-ചാലക്കുവട് റോഡ്

o. ഉളളത്തുകുന്നിന് പടി-ഞ്ഞാറ് വിളയിൽ

p. തിരിച്ചും വിള വിഭാഗത്ത് പുതിയ ടാപ്പുകൾ സ്ഥാപിക്കുക

q. വിളവീട്ടിൽ പടിഞ്ഞാറ്-തെക്കും ചാനൽവരെ പുതിയ ടാപ്പ്

r. എട്ടാം വാർഡിൽ പാടശ്ശേരി കോളനിയുടെ പടിഞ്ഞാറ് വശത്ത് പുതിയ ടാപ്പ് സ്ഥാപിക്കുക

VII വ്യവസായ അദ്ധ്യായത്തിൽ 31-ാം പേജിൽ സാദ്ധ്യതകളുടെ കൂട്ടത്തിൽ 7-ാമതായി കൂട്ടിച്ചേർക്കേണ്ടതിൽ വനിതാ തൊഴിൽ യൂണിറ്റ് സ്ഥാപിക്കുക

a. എട്ടാം വാർഡിൽ പച്ച ചിറ പാലിന്റെ അടുത്തുള്ള പുറ-മ്പോക്ക് സ്ഥലത്ത് ഒരു വനിതാ [illegible] യൂണിറ്റ് സ്ഥാപിക്കുക

VIII ഗതാഗതം എന്ന അദ്ധ്യായത്തിൽ 33-ാം പേജിൽ ഉള്ള ഒന്നാം വാർഡിലെ റോഡുകളുടെ കൂട്ടത്തിൽ അവസാനമായി

a. ഉരപ്പിനടി-ചാലവാരി റോഡ്

b. 34-ാം പേജിൽ 4-ാം വാർഡിലെ റോഡുകളുടെ കൂട്ടത്തിൽ ഒൻപതാമതായി കൊച്ചേക്കട്ട്-പിറപ്പാശ്ശേരി റോഡ്
പത്താമതായി ആലക്കോട്ട് കുളം-കനാൽ റോഡ്

c. 39-ാം പേജിൽ ആറാം വാർഡിലെ റോഡുകളുടെ ലിസ്റ്റിൽ 12-ാമതായി ശ്രീവിലാസ്-തേവർമാടം റോഡ്

d. 39-ാം പേജിൽ എട്ടാം വാർഡിലെ റോഡുകളുടെ കൂട്ടത്തിൽ അവസാനമായി (1). ആലപ്പുറം-ഗുരുമന്ദിരം റോഡ് (2). കൊച്ചുപറമ്പിൽ-ഇടവഴിക്കാട്ട് പാലം

IX ഊർജ്ജം അദ്ധ്യായത്തിൽ 44-ാം പേജിൽ സാദ്ധ്യതകൾ

13-ാം ഇനമായി ഒന്നാം വാർഡിൽ കുഴിക്കാൻ പാടത്ത്. ട്രാൻസ്ഫോർമർ സ്ഥാപിക്കുക

XIII സംസ്കാരസ അധ്യായത്തിൽ 46-ാം പേജിൽ സാധ്യതകളിൽ 4-ാം ഇനമായി ഒന്നാം വാർഡിന്റെ വടക്ക് ഭാഗത്തായി ഒരു സാംസ്കാരിക നിലയം പണിയുക

2. ആറാം ഇനമായി ഒരു T.V. സെറ്റ് കുളത്തിങ്ങാക്കോളനിയിൽ സ്ഥാപിക്കുക

XI ഭവനനിർമ്മാണ മേഖല വികസനങ്ങൾ 47-ാം പേജിൽ സാധ്യതകളിൽ അഞ്ചാം ഇനമായി കോളനിയിലെ വീടില്ലാത്തവർക്ക് പുതിയ വീടുകൾ സ്ഥാപിക്കുക

XII നരി-ചെങ്ങ് 62-ൽ പഞ്ചായത്ത് കലാദീപ്തിവേദി പ്രസിഡന്റ് രേഖപ്പെടുത്തുന്നു.

മേൽ പറഞ്ഞ ഭേദഗതികളോടുകൂടി "വികസനരേഖ" അംഗീകരിച്ചിരിക്കുന്നു..

# നന്ദി

ഒൻപതാം പഞ്ചവത്സര പദ്ധതി ജനകീയാസൂത്രണത്തിലൂടെ നടത്തുക എന്ന അനന്യമായ യജ്ഞത്തിന്റെ ഒരു ഘട്ടം, ഈ റിപ്പോർട്ട് അംഗീകരിക്കുന്നതോടെ അവസാനിക്കുകയും, പ്രോജക്ട് തയ്യാറാക്കുക എന്ന അതിപ്രധാനമായ അടുത്ത ഘട്ടം ആരംഭിക്കുകയുമാണ് ഈ റിപ്പോർട്ടിൽ പരിമിതികൾ ധാരാളം ഉണ്ടാകാം. ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുള്ള വിവിധ തുറകളിലെ നിർദ്ദേശങ്ങളും സാധ്യതകളും ക്രോഡീകരിക്കുക മാത്രമാണ് ഞങ്ങൾ ചെയ്തിട്ടുള്ളത്. പഞ്ചവത്സര പദ്ധതികൾ പലതും ഇനിയും നടപ്പിലായെങ്കിലേ നാം ലക്ഷ്യത്തിൽ എത്തുകയുള്ളു. അതിനുള്ള അടിത്തറയും ആരംഭവുമാണിത്. ചെറിയനാട് ഗ്രാമ പഞ്ചായത്തിന്റെ സാമൂഹ്യ-സാംസ്കാരിക-ചരിത്ര പശ്ചാത്തലത്തിന്റെ ഒരു അടിസ്ഥാന രേഖയാക്കി ഇതിനെ മാറ്റാൻ ഞങ്ങൾ പരമാവധി ശ്രമിച്ചിട്ടുണ്ട്.

ഈ ഗ്രാമത്തിലെ വിവിധ മേഖലകളിലെ ധാരാളം ആളുകളുടെ കഴിവുകൾ ഇതിനായി വിനിയോഗിച്ചിട്ടുണ്ട്. നാട്ടറിവും കേട്ടറിവും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ ഈ രേഖ ചർച്ച ചെയ്ത് സമ്പുഷ്ടമാക്കേണ്ടതുണ്ട്.

ഇതുമായി സഹകരിച്ച എല്ലാവർക്കും നന്ദി.

കെ. ജി. ബാലകൃഷ്ണപിള്ള K.R.P
എം. എ. ശശികുമാർ
(കൺവീനർ D.R.P.)

# SUPREME SANITATIONS

**H.O. KOLLAKADAVU**
**(Br: Cheriyanadu)**
Tel: 0478 - 352341

*Dealers in :-*

Sanitary ware, Hard ware, Plumbing Materials, Pumpsets and Glazed Tiles

# SEENA ELECTRICALS

**KOLLAKADAVU**

*Dealers in :-*

*Electrical Goods Wiring Materials, Fancy Fittings, Sewing Mactirals etc.*

ചില്ലുകൊണ്ട് ഒരു കൊട്ടാരം

അതിൽ 22ct സ്വർണ്ണാഭരണങ്ങളുടേയും

മേൽത്തരം വെള്ളി ആഭരണങ്ങളുടെയും

വൻശേഖരം

# കുഴിയത്ത് ഫാഷൻ ജ്യൂവലേഴ്സ്

പുളിംചുവട്, മാമ്പ്ര പി. ഒ.

ഫോൺ: 352661

സ്വർണ്ണപണയത്തിൻമേൽ മിതമായ പലിശയ്ക്ക് പവന് 2800 രൂപാ വരെ കടംകൊടുക്കപ്പെടുന്ന വിശ്വസനീയമായ ഏകസ്ഥാപനം

# കുഴിയത്ത് ഫൈനാൻസിയേഴ്സ്

പുളിംചുവട്, മാമ്പ്ര പി. ഒ.

ഫോൺ: 352661 പ്രൊ. കെ. പി. സാമുവേൽ

കാൽ നൂറ്റാണ്ടുകാലത്തെ സേവന പാരമ്പര്യമുള്ളജനവിശ്വാസം പിടിച്ചുപറ്റിയ ചിട്ടി സ്ഥാപനം

# കുഴിയത്ത് ചിട്ടിഫണ്ട്

പുളിംചുവട്, മാമ്പ്ര പി. ഒ.

ഫോൺ: 352661

ഇവിടെ നിന്നും കേരള ഗവൺമെൻറിൻെറ അനുവാദപ്രകാരം 40 മാസംകൊണ്ട് അവസാനിക്കുന്ന പുതിയ പ്രതിമാസ ലേലചിട്ടികൾ ജനുവരി-ഫെബ്രുവരി മാസങ്ങളിൽ ആരംഭിക്കുന്നു.

സല: 25000 x 4 =100000

Ph. Res: 352520, 352661 (Off)

തലയാൾ : -
കെ. പി. സാമുവേൽ (സണ്ണി)